വർക്കേഴ്സ് യൂണിയൻ, മറ്റൊന്ന് മോഡേൺ വുഡ് ക്രാഫ്റ്റ് എംപ്ലോയീസ് യൂണിയൻ. ഈ രണ്ട് യൂണിയനുകളും ചേർന്നുനിന്നുകൊണ്ട് സത്യാഗ്രഹം അനുഷ്ഠിച്ചു. ഇങ്ങനെ മാനേജരന്മാരുടെ വീട്ടിലും മററും ചെന്നുനിന്ന് സത്യഗ്രഹം അനുഷ്ഠിക്കുന്ന സംപ്രദായത്തെ പ്രോത്സാഹിപ്പിക്കുവാൻ നിവൃത്തിയില്ല. ഇവിടെ കൺസിലിയേഷൻ നടപടികൾ നടത്താം, അഡ്ജൂഡിക്കേഷൻ നടത്താം ആർബിട്രേഷൻ നടത്താം. എന്നിട്ടും ശല്യം ഉണ്ടാക്കുകയാണെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. ഈ കാര്യത്തിൽ പോലീസ് ലാ ആൻറ് ഓർഡർ നിയമം അനുസരിച്ച് കേസ് എടുത്തിരിക്കുകയാണ്. ഇതാണ് നില. പുതുതായി മറെറാരു അന്തരീക്ഷവും അവിടെയില്ല. ഇങ്ങനെ തുടർന്നുകൊണ്ടിരിക്കുകയാണ്.

PRESENTATION OF REPORTS

Chief Minister (**Shri R. Sankar**) : Sir, I present the Report of the Select Committee on the Agricultural Income Tax (Amendment) Bill, 1963.

Shri K. V. Narayanan : Sir, I, Chairman, Committee on Private Members, Bills and Resolutions present the Third Report in 1964 of the Committee on Private Members' Bills and Resolutions.

FINANCIAL BUSINESS

General Discussion of the Budget for the Financial Year 1964-65 *(contd.)*

ശ്രീ. കെ. കൃഷ്ണൻ : സർ, ഈ ബഡ്ജററിനെ ശക്തിയായി എതിർക്കാതിരിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. നമ്മുടെ നാട്ടിലെ ജനങ്ങളെ ഏററവും അധികം ഇന്നു അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമായ വിലക്കയററത്തിനു ഒരു അലംഭാവമനോഭാവമാണ് മുഖ്യമന്ത്രിയുടെ ഈ ബഡ്ജററ് പ്രസംഗത്തിൽ കാണിച്ചിട്ടുള്ളതു്. നിത്യോപയോഗസാധനങ്ങളുടെ വില ദിവസംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മകരക്കൊയ്ത്തു കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ പ്രധാനമായി നെല്ലുവിളയുന്ന പാലക്കാട്ടു ജില്ലയിൽ കററക്കളത്തിൽ നിന്നുതന്നെ മിൽ ഉടമസ്ഥന്മാർ വലിയ വിലയ്ക്കു നെല്ലു വാങ്ങിക്കൊണ്ടു പോകുകയാണ്. കഴിഞ്ഞവർഷം ഒരു ചാക്കു നെല്ലിന് 18 രൂപാ ഇരുപതു രൂപ വിലയാണ് കിട്ടുമായിരുന്നതു് ഈ കൊല്ലം 28 രൂപ 30 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഈ വർദ്ധിച്ച വിലയൊന്നും ഉണ്ടാകാൻ കാരണം ജന്മികൾ കററക്കളത്തിൽ ചെന്ന് പാട്ടം പിരിച്ചെടുക്കുകയും മിൽ ഉടമസ്ഥന്മാർ നെല്ല് ഒന്നിച്ചു വാങ്ങിക്കൊണ്ടു പോകുന്നതുമാണ്. കർഷകത്തൊഴിലാളികൾക്കു നെല്ലുകൂലി കിട്ടിക്കൊണ്ടിരുന്നതുപോലും ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. മുളകിനും പരിപ്പിനും അതുപോലുള്ള മററു സാധനങ്ങൾക്കും 80-85 ശതമാനം വരെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചസാര കിലോക്കു മൂന്നര രൂപയായിരിക്കുകയാണ് ഞങ്ങളുടെ പ്രദേശത്തു്. കാർഡൊന്നിനു ഒരു കിലോയാണ് വച്ചിരിക്കുന്നതെങ്കിലും ബഹുഭൂരിപക്ഷം പേർക്കും കിട്ടുന്നതു കാൽകിലോ വച്ചും അരക്കിലോവച്ചുമാണ്. അങ്ങനെ ആളുകളുടെ വാങ്ങുന്നുള്ള ശക്തി വളരെ കുറഞ്ഞിരിക്കുന്ന സന്ദർഭത്തിൽ, വില വാണംപോലെ കയറിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ന്യായവില ഷാപ്പുകൾ തുറക്കണമെന്നു പറഞ്ഞാൽ അതൊക്കെ മിച്ചജില്ലയാണെന്നു പറയും. പിന്നെ പറയും ഇപ്പോൾ കൊയ്ത്തുകഴിഞ്ഞു അതുകൊണ്ട് വില താന്നിട്ടുണ്ടെന്ന്. നെല്ല് കൂലി കിട്ടിക്കൊണ്ടിരുന്നതുപോലും ഇപ്പോൾ ഇല്ലാതായി. ന്യായവില ഷാപ്പുകൾ ഇല്ല. വമ്പിച്ച തോതിലുള്ള വിലക്കയററം. ഇൻഡ്യാ ഗവൺമെൻറിൻെറ ചുമതലയിൽ നടത്തുന്ന ഒരു കമ്പനിയിൽ പണിയെടുക്കുന്ന മുന്നൂറു തൊഴിലാളികൾക്ക് ന്യായമായ വിലയ്ക്കു നിത്യോപയോഗസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനു ഏർപ്പാടു ചെയ്യുമോ എന്നു ചോദിച്ചപ്പോൾ കോഓപ്പറേറീവ് സൊസൈററിയാണ് നല്ലതെന്ന് പറഞ്ഞു ഒഴിയുകയാണ് ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണൻ]

എന്റെ നിയോജകമണ്ഡലത്തിൽ ഷോനിപ്രൊഡ്യൂസ് എന്നൊരു കമ്പനിയുണ്ട്. അവിടത്തെ തൊഴിലാളികളിൽ നിന്ന് ഒരു ഇടങ്ങഴി അരിയ്ക്ക് വാങ്ങുന്ന വില ഒന്നര ഉറുപ്പികയാണ്. അവിടെ ഇത്തരത്തിലുള്ള മുന്നൂറു തൊഴിലാളികൾ പണി എടുക്കുന്നുണ്ട്. അവർക്ക് ന്യായമായ വിലയ്ക്ക് സാധനങ്ങൾ വാങ്ങാൻ നിവൃത്തിയില്ലാത്ത സ്ഥിതിയാണ് വന്നിരിക്കുന്നത്. സാധനങ്ങളുടെ വില ദിവസംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഡിസംബറിൽ വില വർദ്ധിക്കും അത് കഴിഞ്ഞ് കൊയ്ത്ത് വരുമ്പോൾ വില പിന്നീട് കുറയും, ഇത്തരത്തിലുള്ള ഒരു നിലപാടാണ് ഗവണ്മെന്റിൽനിന്നും വിലവർദ്ധനവിന് എതിരായിട്ട് എടുക്കുന്നത്. ഈ നടപടി ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളത് ഈ രാജ്യത്തെ ജനങ്ങളോട് ചെയ്യുന്ന ഒരു അനീതി മാത്രമാണ്. ധാന്യങ്ങളുടെ മൊത്ത വ്യാപാരം ഗവണ്മെന്റിൽനിന്നും ഏറ്റെടുക്കാൻ തയാറാകുന്നില്ല. ഈ കഴിഞ്ഞ ഡിസംബറിനെ തുടർന്നുള്ള മാസങ്ങളിൽ ഈ സ്റ്റേറ്റിലാകെ ഭക്ഷ്യക്ഷാമം ഉണ്ടായിരുന്നു. അതുപോലെ ഈ വരുന്ന ജൂൺ, ജൂലൈ മാസങ്ങളിലും അത്തരത്തിലുള്ള ഒരു ഭക്ഷ്യക്ഷാമം ആരംഭിക്കാൻ പോകുകയാണ്. എന്നാൽ അതിനെതിരായിട്ടെങ്കിലും യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു സമീപനരീതി സ്വീകരിക്കാൻ ഈ ഗവണ്മെന്റു തയാറായിട്ടില്ല. പാലക്കാട് പോലെയുള്ള ജില്ലകളിൽ ജനങ്ങൾക്ക് അരിപോലും ആവശ്യത്തിനു കിട്ടാത്ത പരിതഃസ്ഥിതിയാണ് വന്നുചേർന്നിരിക്കുന്നത്. ഭക്ഷ്യോൽപാദനപരിപാടിയെ സംബന്ധിച്ചിടത്തോളം പാക്കേജ് പദ്ധതി നടപ്പിലാക്കിയ സ്ഥലങ്ങളിൽ കൂടുതൽ വിളവുണ്ടായി. അതിൽ ഈ ഗവണ്മെന്റിന് വളരെ സംതൃപ്തിയുണ്ടായി. സർ, ഇനി അത്തരം സ്ഥലങ്ങളിൽ വർദ്ധനവുണ്ടാകാൻ പോകുന്നില്ല. കാരണം, നമ്മുടെ വൻകിട ജലസേചന പദ്ധതികളിൽനിന്നും വെള്ളം ആ പ്രദേശത്തുള്ള കൃഷിക്കാർക്ക് കിട്ടാതായിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ ഓരോ കൊല്ലവും സ്ഥിരമായി വെള്ളം കിട്ടാതായാൽ പാക്കേജ് പദ്ധതികൊണ്ട് എന്താണ് ഉണ്ടാകുന്നതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അവിടെ കിട്ടുന്ന വെള്ളം തന്നെ അവിടെയുള്ള കൃഷിക്കാർ തമ്മിൽ തമ്മിൽ വിഭജിച്ച് എടുക്കുന്നതിനുവേണ്ടി 1958-ൽ ഭാരതപ്പുഴ വാലിബോർഡ് എന്നൊരു ബോർഡ് രൂപീകരിച്ചു. കൃഷിക്കാരുടെ ഇടയിൽനിന്നും തിരഞ്ഞെടുത്ത അംഗങ്ങളാണ് ആ ബോർഡിലുള്ളത്. പാലക്കാട്ട് ഇത്തരത്തിലുള്ള ബോർഡുണ്ടായിരുന്നു. ഗവണ്മെന്റ് അതിന്റെ പ്രവർത്തനത്തിൽ ശ്രദ്ധിക്കുകയോ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയോ ചെയ്യാത്തതിന്റെ ഫലമായി ഇപ്പോൾ ആ ബോർഡ് കൂടുന്നില്ല. അതിന്റെ പ്രവർത്തനം നിശ്ശേഷം ഇല്ലാതായിരിക്കുകയാണ്. ആയക്കെട്ട് ഏരിയായിൽനിന്നും തോട് കൊണ്ടുപോയിരിക്കുന്ന സ്ഥലങ്ങളിലുള്ള ആളുകളിൽനിന്നെല്ലാം ജലനികുതി ഈടാക്കുന്നതിനുള്ള നടപടികൾ എടുത്തിരിക്കുകയാണ്. എന്നാൽ ആ സ്ഥലങ്ങളിലുള്ള ഒരൊററയാളിനുപോലും വെള്ളം ലഭിക്കുന്നതുമില്ല. മലമ്പുഴ പദ്ധതിയുടെ കാര്യത്തിലെന്നപോലെ വാളയാർ പദ്ധതിയുടെ ആയക്കെട്ട് പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ നിന്നും വമ്പിച്ച ജലനികുതി പിരിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, അതിന് മറുപടി പറഞ്ഞത് ആ പ്രദേശങ്ങളിലുള്ള ജനങ്ങളിൽനിന്നും ഇക്കൊല്ലം ജലനികുതി പിരിക്കുകയില്ലെന്നാണ്. എന്നാൽ റവന്യൂ റിക്കവറി ആക്ടനുസരിച്ച് വാളയാർ, ആയക്കെട്ട് ഏരിയായിൽ നിന്നും ജലനികുതി ഈടാക്കാനുള്ള കല്പന കൊടുത്തിരിക്കുകയാണ്. നികുതി ആദ്യം കൊടുക്കണം, അതിനുശേഷം വ്യക്തിപരമായി വെള്ളം കിട്ടുന്നില്ലെന്ന് നിവേദനം കൊടുത്താൽ അതിനെപ്പററി അന്വേഷിച്ച് റീഫണ്ട് ചെയ്യുന്നതിനെപ്പററി ആലോചിക്കാമെന്നാണ് ഇതിനെപ്പററി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തിയപ്പോൾ കിട്ടിയ മറുപടി. മലമ്പുഴ ക്യാച്ച്മെന്റു ഏരിയായിൽ അഞ്ച് ചെയിൻ സ്ഥലത്തെങ്കിലും മുളകൊണ്ട് നിരത്താനുള്ള ഒരു പദ്ധതി ഈ ഗവണ്മെന്റിൽനിന്നും നടപ്പിലാക്കിയിട്ടില്ല. അതിന്റെ ലാൻഡ് അക്വിസിഷൻ നടപടികളും നടപ്പിലാക്കിയിട്ടില്ല. അതിന്റെ ഫലമായി കൊല്ലംതോറും ആ ജലാശയം മണ്ണു തുരന്നു തുരന്നു ഇറങ്ങുന്നതിന്റെ ഫലമായി നികന്നുവരികയും, അങ്ങനെ ആയക്കെട്ട് ഏരിയായിലേക്ക് വെള്ളം ലഭിക്കാതെ വരികയും ചെയ്യുന്നു. അങ്ങനെ വെള്ളം കിട്ടാതെ വരുന്ന പ്രദേശത്തുള്ളവരിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ജലനികുതി പിരിക്കുന്നുണ്ട്. അതുപോലെ ആ ജില്ലയിൽ പാക്കേജ് പദ്ധതി ആവിഷ്കരിച്ചപ്പോൾ തന്നെ കാഞ്ഞിരപ്പുഴ പദ്ധതിയുടെ കാര്യം കൂടി പരിഗണിക്കേണ്ടതായിരുന്നു. എങ്കിൽ പാക്കേജ് പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിലെല്ലാം തന്നെ വെള്ളം ലഭിക്കുന്നതിന് സാധിക്കുമായിരുന്നു. ആ പദ്ധതിയ്ക്കുള്ള ക്ലിയറൻസ് വാക്കാൽ ലഭിച്ചിട്ടുണ്ടെന്ന് അതിനെപ്പററി ചോദിച്ചപ്പോൾ മന്ത്രി മറുപടി പറയുകയുണ്ടായി. എന്നാൽ വാക്കാൽ ലഭിച്ചിട്ടുണ്ടെങ്കിൽ അതു് ഔദ്യോഗികമായി ലഭിക്കാൻ എന്താണ് വിഷമം എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഏതായാലും കാഞ്ഞിരപ്പുഴ പദ്ധതി ഇക്കൊല്ലവും നടപ്പിലാകാൻ പോകുന്നില്ല. അതിലേക്ക് വേണ്ടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കാനുള്ള ഒരു തുക മാത്രമാണ് ഇപ്പോൾ നീക്കിവെച്ചിട്ടുള്ളതു്. മലമ്പുഴ പദ്ധതിയുടെ ഗതിതന്നെ കാഞ്ഞിരപ്പുഴ പദ്ധതിക്കും വരാൻ പോകുകയാണ്. അതിന്റെ ക്യാച്ച്മെന്റ് ഏരിയായിലുള്ള മരങ്ങളും മുഴവനും വെട്ടി നശിപ്പിക്കുകയും തീയിട്ട നശിപ്പിക്കുകയും ചെയ്യുയാണ്. പെർമിററ് ഇല്ലാതെതന്നെ ആളുകൾ അവിടെ കയറി മരങ്ങൾ നശിപ്പിച്ച് കൃഷി ചെയ്തു താമസിക്കാനാരംഭിക്കുകയാണ്. അതിനു ഒരു നിയന്ത്രണം വരുത്തേണ്ടതാവശ്യമാണ്. ഗവണ്മെന്റ് അതിന്റെ മാനേജ്മെന്റ് സ്വീകരിക്കേണ്ടതാണ്. ഒരു ചെടിപോലും കാണാത്ത രീതിയിൽ കാഞ്ഞിരപ്പുഴ പദ്ധതിയുടെ ക്യാച്ച്മെന്റ് ഏരിയാ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഈ നാട്ടിലെ കോവാപ്പറേററീവ് സൊസൈററികളുടെ കാര്യം നോക്കുകയാണെങ്കിൽ വളരെ മോശമായ രീതിയിലാണ് നടത്തുന്നതെന്ന് കാണാം. കൃഷിക്കാരിൽ നിന്ന് ഏഴരയും എട്ടരയും ശതമാനം പലിശ വാങ്ങിക്കൊണ്ടാണ് പണം കടം കൊടുക്കുന്നതു്.

<u>ശ്രീ. ഈ. പി. പൗലോസ്</u> : എട്ടര ശതമാനം പിരിക്കുന്ന ഏതെങ്കിലും സൊസൈററികൾ ഉണ്ടെങ്കിൽ അതു ഏതാണെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തുമോ ?

<u>ശ്രീ. കെ. കൃഷ്ണൻ</u> : എട്ടര ശതമാനം പലിശയായിട്ടാണ് പിരിക്കുന്നതു്. ഓരോ കൃഷിക്കാരനും കോവാപ്പറേററീവ് സൊസൈററിയിൽനിന്നും 40 രൂപാ കടം കിട്ടണമെങ്കിൽ അഞ്ചു രൂപാ വീതം കൊടുത്തു് ഷെയർ എടുക്കണമെന്നുണ്ട്. അവരുടെ നെല്ല് ഗോഡൗണിൽ കൊണ്ടുവയ്ക്കുകയാണെങ്കിൽ അതിന് പ്രത്യേകം വാടക കൊടുക്കണം. കീലോൺ എടുക്കുകയാണെങ്കിൽ അതിന് ഇൻസ്പെക്ഷൻ ഫീസ് കൊടുക്കണം. കീലോൺ എടുക്കണമെങ്കിൽ രണ്ടു പൂട്ടിന് ഏഴു രൂപാ, എട്ട് രൂപാവീതം കൊടുക്കണം. ഇതെല്ലാം കൊടുത്തുകൊണ്ട് മാത്രമേ പാക്കേജ് പദ്ധതിപ്രകാരം കൃഷി ചെയ്യുന്നവർക്ക് കോവാപ്പറേററീവ് സൊസൈററിയിൽനിന്നും ലോൺ എടുക്കുവാൻ സാധിക്കുകയുള്ളു. ഇങ്ങനെ വലിയ തോതിൽ പണം ചെലവാക്കിക്കൊണ്ട് കൃഷി ചെയ്യുതുകൊണ്ട് പാക്കേജ് പദ്ധതികൊണ്ട് എന്തു ഗുണമാണുള്ളതു്. ജലസേചനസൌകര്യമുള്ള പ്രദേശങ്ങളിൽ പാക്കേജ്പദ്ധതി പ്രകാരം കൃഷിചെയ്ത് കൂടുതൽ നെല്ലുൽപാദിപ്പിച്ചാൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭൂപരിഷ്കരണ നിയമപ്രകാരം അതിന്റെ ഫലം അനുഭവിക്കുന്നതു് ജന്മിയാണ്. കുടിയാനായ കൃഷിക്കാർക്ക് ഒന്നും കിട്ടാത്തതുകൊണ്ട് അവർ പാക്കേജ് പദ്ധതി പ്രകാരം കൂടുതൽ വിളവുണ്ടാക്കാൻ ശ്രമിക്കുന്നതുമില്ല.

ഈ രാജ്യത്തെ പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ ഈ ഗവണ്മെന്റു ഒരു ക്യാരി ഓവർ ഗവണ്മെന്റാണെന്ന് കാണാൻ സാധിക്കും. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങളൊന്നും തന്നെ പൂർത്തിയാക്കിയിട്ടില്ല. ഇപ്പോഴത്തെ സ്ഥിതി വെച്ച് നോക്കുകയാണെങ്കിൽ അവയൊന്നുംതന്നെ മൂന്നാംപഞ്ചവത്സരപദ്ധതിയിൽ നടപ്പിലാക്കാനും പോകുന്നില്ല. ഞാൻ അതിന് ഒരു ഉദാഹരണം പറയാം. അട്ടപ്പാടിയിൽ ഒരു കോളണൈസേഷൻ സ്കീം ഉണ്ട്. 120 ലക്ഷം രൂപയാണ് അതിലേക്ക അഞ്ചുകൊല്ലംകൊണ്ട് ചെലവാക്കാൻ ഉദ്ദേശി

[ശ്രീ. കെ. കൃഷ്ണൻ]

ച്ചിട്ടുള്ളതു്. ഇപ്പോൾ ചെലവാക്കിയിട്ടുള്ളതു് പതിമൂന്നു ലക്ഷം രൂപയാണു്. ഈ പ്രാവശ്യത്തെ ബഡ്ജററിൽ അഞ്ചുലക്ഷത്തിനാനൂറു രൂപയാണു് നീക്കിവെച്ചിരിക്കുന്നതു്. ഈ പഞ്ചവത്സരപദ്ധതിയുടെ വലിയ ഒരു ഭാഗം കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ 120 ലക്ഷം രൂപ ചെലവാക്കേണ്ട ഒരു കാര്യത്തിനു് 18 ലക്ഷത്തിൽ ചില്വാനമാണു് ചെലവാക്കിയിരിക്കുന്നതു്. അതിൽനിന്നു് പദ്ധതിപ്രവർത്തനങ്ങളുടെ പുരോഗതി മനസ്സിലാക്കാൻ സാധിക്കും. ഇന്നു് ഇവിടത്തെ അടിയന്തിരാവസ്ഥയുടെ പേരിൽ എത്രയോ പൊതുമരാമത്തു് പ്രവർത്തനങ്ങൾ നിറുത്തിവച്ചിരിക്കുകയാണു്, ഇപ്പോൾ അടിയന്തിരാവസ്ഥയ്ക്കു ചെറിയ ഒരു അയവു വന്നിട്ടുണ്ടെന്നു് അറിയുന്നു. ഇനി വരാൻ പോകുന്ന കാലത്തേക്കു് എത്രയോ ടോക്കൺ പ്രൊവിഷനുണ്ടു്. അതെടുത്തു ചെലവാക്കുമോ ചെലവാക്കാതിരിക്കുമോയെന്നറിഞ്ഞുകൂടാ. ഇങ്ങനെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറു് അങ്ങേയററത്തെ അശ്രദ്ധയാണു് കാണിക്കുന്നതു്.

ഇന്നു് നമ്മുടെ നാട്ടിലുള്ള ആളുകൾക്കു ഒരു രക്ഷാബോധത്തോടുകൂടി ജീവിക്കാനുള്ള സൗകര്യം നഷ്ടപ്പെട്ടിരിക്കുകയാണു്. കീരിത്തോടു മുതലായ പ്രദേശങ്ങളിൽ ഇന്നു് ഭയങ്കരമായി പോലീസിന്റെ ശക്തി പ്രയോഗിക്കുകയാണു്. ഞാൻ എന്റെ സ്വന്തം നാട്ടിലെ ഒന്നുരണ്ടു അനുഭവങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതിനെപ്പററി അന്വേഷണം നടത്തണമെന്നു് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഒററശ്ശേരിയെന്ന പ്രദേശത്തു് അതിഭയങ്കരമായ ഒരു കൂട്ടക്കൊല നടന്നു. ആദ്യം പോലീസ് അതിനെപ്പററി ഒരു കേസ് ചാർജ്ജ് ചെയ്യാൻ തയ്യാറായില്ല. ഒരു പ്രക്ഷോഭണം കൂട്ടിയതിന്റെ ഫലമായി ഒരു കേസ് ചാർജ്ജ് ചെയ്തു. ആ കേസ് സെഷൻസ് കോടതിയിൽ വിചാരണയ്ക്കു വന്ന അവസരത്തിൽ ആവശ്യമായ തെളിവുകൾ പോലീസുദ്യോഗസ്ഥന്മാർ കൊടുക്കാത്തതിന്റെ ഫലമായി ആ കേസ് വെറുതെ വിടുകയുണ്ടായി. അതിൽ പോലീസ് ഉദ്യോഗസ്ഥന്മാരെ കോടതി കുററപ്പെടുത്തിയിരിക്കുകയാണു്. ഈ കഴിഞ്ഞ രണ്ടുമാസത്തിനു മുമ്പു് മണാക്കാട്ടു് പ്രദേശത്തു് കരിമ്പാ എന്ന വില്ലേജിൽ രാത്രിയിൽ ഉറങ്ങിക്കിടന്നിരുന്ന കല്യാണി എന്ന സ്ത്രീയെ ആരോ മഴുകൊണ്ടു് വെട്ടിക്കൊന്നു. അതിനെപ്പററി അന്വേഷിച്ചു് അതു് ചെയ്തതു് ആരാണെന്നു് കണ്ടുപിടിക്കാൻ പോലീസിനു് കഴിഞ്ഞിട്ടില്ല. പാവപ്പെട്ട ആളുകളുടെ വശത്തു് പോലീസ് ആവശ്യമായ സംരക്ഷണം കൊടുക്കാതെയും, വലിയ ജന്മിമാരുടെ വശത്തു് ജന്മിമാരുടെ കാവൽക്കാരായും മാറിയിരിക്കുകയാണു്. എന്റെ നാട്ടിൽ ഒരു ബീഡി കമ്പനിയുണ്ടു്. ആ കമ്പനി പൂട്ടിയ അവസരത്തിൽ അവിടത്തെ തൊഴിലാളികൾ സമാധാനപരമായ രീതിയിൽ ഒരു സത്യഗ്രഹം നടത്തി. അപ്പോൾ അതിലെ മുതലാളി അവരെ ചവിട്ടുകയും മെതിക്കുകയും റോഡിലേക്കു വലിച്ചെറിയുകയും ചെയ്തു. പോലീസു് അവിടെ വന്നു് രണ്ടു കൂട്ടരേയും അറസ്ററു ചെയ്തു. എന്നാൽ ഒടുവിൽ തൊഴിലാളികളുടെ പേരിൽ മാത്രമേ കേസ് ചാർജ്ജ് ചെയ്തിട്ടുള്ളു. പെരിന്തൽമണ്ണ സബ് ഇൻസ്പെക്ടർ ഇന്നു് അവിടെയുള്ള വലിയ ഒരു ജന്മിയുടെ ജീപ്പിലാണു് സഞ്ചരിക്കുന്നതു്. അതിനുള്ള കാരണം പറയുന്നതു് സബ് ഇൻസ്പെക്ടർക്കു് ഗവൺമെൻറിൽനിന്നും ജീപ്പു് കൊടുത്തിട്ടില്ലെന്നാണു്. ആ ജന്മിയുടെ ജീപ്പിൽ കയറി സഞ്ചരിച്ചു് പാട്ടം പിരിച്ചുകൊടുക്കുകയാണു് ആ സർക്കിൾ ഇൻസ്പെക്ടറുടെ ജോലി. അതേപോലെ അവിടെയുള്ള ഒരു എസ്റ്റേററിലെ സൂപ്രണ്ടു് ഏഴമലൈ എന്ന സ്ഥലത്തു് കാളിമുത്തു് എന്നയാളിന്റെ സ്ഥലം കയ്യേറുകയുണ്ടായി. ആ അവസരത്തിൽ അവിടത്തെ ഹെഡ്കോൺസ്റ്റബിൾ ആ സൂപ്രണ്ടിന്റെ വീട്ടിലുണ്ടായിരുന്നു. ഇത്തരത്തിൽ ഈ നാട്ടിലെ സാധാരണക്കാരെ ഭയപ്പെടുത്തുന്ന രീതിയിലുള്ള ഒരു ആയുധമായി ജന്മിമാർ പോലീസുകാരെ ഉപയോഗപ്പെടുത്തുകയാണു്. ഈ കാര്യത്തിൽ ഗവൺമെൻറിൽനിന്നും യാതൊരു വിധത്തിലുള്ള നടപടികളും എടുത്തു കാണുന്നില്ല. ഇത്രയും കാര്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ടും, ഈ ബഡ്ജററിനെ എതിർത്തു കൊണ്ടും ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. തോമസ്: സർ, ഞാൻ ഈ ബഡ്ജററിനെ അനുകൂലിക്കുകയാണ്. ജനക്ഷേമകരമായതും, പുരോഗമനപരമായതുമായ പല പരിപാടികളും ആവിഷ്ക്കരിച്ചുകൊണ്ട് ഒരു ബഡ്ജററ് അവതരിപ്പിക്കാൻ സാധിച്ചതിൽ ഞാൻ മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ഈ രാജ്യത്തുണ്ടായ പുരോഗതിയിലും അഭിവൃദ്ധിയിലും ഞാൻ അഭിമാനം കൊള്ളുന്നു. ഇന്ന് നമ്മുടെ രാജ്യത്ത് എല്ലാ രംഗങ്ങളിലും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വമ്പിച്ചതാണ്. കാർഷിക രംഗത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ അനവധിയാണ്. ഇന്ന് നെടുംകൃഷിചെയ്യുന്നതിനും, ശാസ്ത്രീയമായ രീതിയിൽ മററു കൃഷികൾ ചെയ്യുന്നതിനും ഈ രാജ്യത്തെ ജനങ്ങളുടെ ഇടയിൽ വമ്പിച്ച പ്രവണതയുണ്ടായിട്ടുണ്ട്. അതിനെക്കുറിച്ചുള്ള കണക്കുകൾ ഈ ബഡ്ജററിൽ സവിസ്തരമായി കൊടുത്തിട്ടുണ്ട്. അതിലേയ്ക്കു ഞാൻ കടക്കുന്നില്ല. അത് നമ്മെ സംബന്ധിച്ചിടത്തോളം വളരെ മുഖ്യമായ ഒന്നാണ്. അതുപോലെ തന്നെ നമ്മുടെ രാജ്യത്തെ ഇന്ന് ഉണ്ടായിട്ടുള്ള വ്യവസായങ്ങളെ സംബന്ധിച്ചും ഈ ബഡ്ജററിൽ പറയുന്നുണ്ട്. ഇതെല്ലാം ഒരു നേട്ടം തന്നെയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. സ്വകാര്യമേഖലയിലായാലും ശരി, പൊതുമേഖലയിലായാലും ശരി വ്യാവസായിക രംഗത്ത് ക്രമപ്രവൃദ്ധമായ പുരോഗതി ഉണ്ടായിട്ടുണ്ട്. അക്കാര്യം ഈ രാജ്യത്തെ ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തേണ്ടതു തന്നെയാണ്. ഇതിൽ പറഞ്ഞിരിക്കുന്ന ഓരോ ഇനങ്ങളിലേക്കും കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അതുപോലെ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഈ രാജ്യത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങളെപ്പററിയും ഇതിൽ പറഞ്ഞിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ രണ്ടു മൂന്ന് കൊല്ലക്കാലംകൊണ്ട് കൂടുതൽ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും അതിന്റെ ഫലമായി കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം കൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ കൊല്ലങ്ങളെ അപേക്ഷിച്ച് മൂന്നു ഇരട്ടിയോളം വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസം നേടുന്നതിന് സാധിച്ചിട്ടുണ്ടെന്ന് കണക്കുകൾകൊണ്ട് മനസ്സിലാക്കാൻ സാധിക്കും. അത് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണുന്നതിനും, ജനങ്ങളുടെ ഇടയിൽ കൂടുതൽ ആളുകൾക്ക് ജോലി ഉണ്ടാകുന്നതിനും, അവർക്ക് ന്യായമായ രീതിയിൽ ജീവിതം നയിച്ചുകൊണ്ടു പോകുന്നതിനും സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധ ഇനിയും കൂടുതൽ പതിയേണ്ടതാണ്.

സർ, അടിയന്തിരാവസ്ഥയുടെ പേരിൽ നമ്മുടെ സ്റ്റേററിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പല പണികളും കുറയ്ക്കേണ്ടതുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. എങ്കിലും ആവശ്യം വേണ്ടതും, മുൻഗണന കൊടുക്കേണ്ടതുമായ പണികൾക്ക് ഗവണ്മെൻറിൽ നിന്നും വേണ്ടത്ര മുൻഗണന കൊടുത്തിട്ടുണ്ടോയെന്ന് സംശയമാണ്. എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചാണെങ്കിൽ ഒന്നു രണ്ടു പണികൾ വളരെ അത്യാവശ്യം വേണ്ടതാണ്. കാഞ്ഞിരപ്പള്ളി—എരുമേലി റോഡിന്റെ പ്രാധാന്യം ഞാൻ പറയാതെ തന്നെ എല്ലാവർക്കും അറിയാവുന്നതാണ്. ആണ്ടുതോറും ലക്ഷക്കണക്കിന് ആളുകൾ ശബരിമലയ്ക്കു പോകുന്നതു് ആ റോഡിൽകൂടിയാണ്. അങ്ങനെ വളരെ അത്യാവശ്യം വേണ്ടുന്ന ആ റോഡിന്റെ പണി ഇപ്പോഴത്തെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും അതു പണിയാൻ ഗവണ്മെൻറിന് സാധിച്ചിട്ടില്ലെന്നുള്ളതു് ഖേദകരമായ ഒരു വസ്തുതയാണ്. ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും വളരെയധികം പ്രാധാന്യം കൊടുക്കേണ്ടതുമായ വർക്കുകൾ ഏതാണെന്നു നോക്കി, അതെല്ലാം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ഗവണ്മെൻറിൽ നിന്നും ആസൂത്രണം ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

അതുപോലെ തന്നെ മുണ്ടക്കയം—എരുമേലി റോഡിന്റെ പണിക്കു മുണ്ടക്കയം—കോരുത്തോട് റോഡിനും തുക കൊള്ളിച്ചിട്ടുണ്ട്. അതിന്റെ പണി നടത്തുന്നതിനോ അതിനാവശ്യമായ പ്രാഥമിക നടപടികൾ നടത്തുന്നതിനോ ഗവണ്മെൻറിന് ഇതേവരെ സാധിച്ചിട്ടില്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ അർഹിക്കുന്ന മുൻഗണന കൊടുത്തു് അതിന്റെ പണികൾ അടിയന്തിരമായി നടത്തുന്നതിന് ഗവണ്മെൻറു ശ്രദ്ധിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. തോമസ്സ്]

ക്യാപ്പിററൽ എക്സ്പെൻഡിച്ചറിനെ സംബന്ധിച്ച് ബഡ്ജററിൽ കമ്മി വരുന്ന തരത്തിലാണ് കാണുന്നത്. കുറേ പണം കാണേണ്ടതായിട്ടുണ്ടെന്നു ബഡ്ജററു പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ കമ്മി നികത്തുന്നതിനുള്ള പണം നാം കാണേണ്ടതായിട്ടുണ്ട്. അതിനുവേണ്ടിയുള്ള ഒരു ചെറിയ നിർദ്ദേശം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിൽ നിന്നു് കോടിക്കണക്കിനു് രൂപ ഗവൺമെൻറിലേക്കു് കിട്ടുമെന്നു ഞാൻ വിശ്വസിക്കുകയാണ്. ഈ രാജ്യത്തു് തരിശു ഭൂമികളിൽ പ്രവേശിച്ചു കൃഷിചെയ്തു സ്ഥിരദേഹണ്ഡമുണ്ടാക്കി താമസിക്കുന്ന ആളുകൾ ഉണ്ട്. അങ്ങനെയുള്ള ഭൂമിതന്നെ ലക്ഷക്കണക്കിനു് ഏക്കറുണ്ട്. ആ ഭൂമിയിൽ നിന്നു് ഇന്നു ഗവൺമെൻറിനു് യാതൊരു വരുമാനവുമില്ല. അങ്ങനെയുള്ള ഭൂമികൾ ആ കൈവശക്കാർക്കു തന്നെ പതിച്ചുകൊടുത്തു് അതിനുള്ള തറവിലയും തടിവിലയും വാങ്ങിക്കുകയാണെങ്കിൽ ലക്ഷക്കണക്കിനു് രൂപ ഗവൺമെൻറിനു കിട്ടും. അതിനുള്ള ഒരു പരിപാടി ഗവൺമെൻറിൻെറ ആലോചനയിലുണ്ടെന്നു എനിക്കറിയാം. കഴിഞ്ഞ കാലങ്ങളിലും ഞാൻ ഇതേപ്പററി ഇവിടെ പറഞ്ഞിട്ടുണ്ട്. ഇതേവരെയായി അതിനു് യാതൊരു നടപടിയും എടുത്തുകാണുന്നില്ല. ഇതിനുവേണ്ടി പ്രത്യേക സ്റ്റാഫിനെ നിയമിച്ചു് ഒരു ആറുമാസക്കാലംകൊണ്ട് ഇതിൻെറ നടപടി ത്വരിതപ്പെടുത്തുകയാണെങ്കിൽ കൂടുതൽ പണം ഈ ഒരു ഇനത്തിൽ തന്നെ ഗവൺമെൻറിനു ലഭിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. മുപ്പതു നാൽപ്പതു കൊല്ലമായി ഇങ്ങനെയുള്ള ഭൂമിവച്ചു അനുഭവിക്കുന്ന ആളുകൾ ഇന്നു നമ്മുടെ നാട്ടിൽ ധാരാളമായി ഉണ്ട്. അവർ ഗവൺമെൻറിനു് ഒരു പൈസപോലും കൊടുക്കുന്നില്ല. അതു ഈടാക്കാൻ ഒരു ശ്രമവും ഗവൺമെൻറു് ഇതുവരെ നടത്തിയിട്ടുമില്ല. ആ ഭൂമി സർവ്വേചെയ്തു ഈ കൈവശക്കാർക്കു് കൊടുക്കുന്നതുകൊണ്ടു് യാതൊരു കഴപ്പവുമില്ല. ആ ഭൂമി ഗവൺമെൻറിനാവശ്യമുള്ളതല്ല. റിസർവ്വ് ഫോറസ്റ്റല്ല. അതുപോലെ തന്നെ വന പ്രദേശങ്ങളിൽ ഗവൺമെൻറിനാവശ്യമില്ലാത്തതും പ്രോജക്ടുകൾക്കാവശ്യമില്ലാത്തതുമായ സ്ഥലങ്ങളുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്ന കാര്യത്തിൽ ഗവൺമെൻറു് സത്വരനടപടിയെടുക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്.

മറെറാരു കാര്യം ഏലം കൃഷിചെയ്യുന്ന സ്ഥലങ്ങളെ സംബന്ധിച്ചാണ്. ഇതിനെ സി. എച്ച്. റിസർവ്വ് എന്നു പറയും. ഏലക്കൃഷിക്കാർ ഈ സ്ഥലങ്ങൾ കയ്യേറിവച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രദേശങ്ങൾ സർവ്വേചെയ്യുന്നതിനുള്ള ഒരു പരിപാടി ഗവൺമെൻറിനുണ്ടായിരുന്നു. അതു ത്വരിതപ്പെടുത്തുന്ന കാര്യത്തിൽ ഗവൺമെൻറു് ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ആ പ്രദേശങ്ങൾ സർവ്വേചെയ്തു പാട്ടത്തിനു കൊടുക്കുകയാണെങ്കിൽ കോടിക്കണക്കിനു് രൂപ ഗവൺമെൻറിനു് ആദായമുണ്ടാകും. വളരെ നല്ല രീതിയിൽ അവർ ഇതിൽ നിന്നു ആദായം എടുത്തുകൊണ്ടിരിക്കുകയാണ്. കാർഷിക നികുതിപോലും ഗവൺമെൻറിനു് കിട്ടുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ആ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചു് അതിൻെറ നടപടികൾ ത്വരിതപ്പെടുത്തുകയാണെങ്കിൽ നഷ്ടപ്പെടുന്ന രൂപ കിട്ടുമെന്നു മാത്രമല്ല, കോടിക്കണക്കിനു് രൂപ ഗവൺമെൻറിനു് കൂടുതലായി കിട്ടുകയും ചെയ്യും. ഇതു വനം നശിപ്പിക്കലല്ലേയെന്നു ഒരുപക്ഷേ ആക്ഷേപം പറഞ്ഞേക്കാം. എന്നാൽ ആ കാര്യത്തെ സംബന്ധിച്ച് അറിയാവുന്നവർക്കറിയാം, അങ്ങനെയുള്ള സ്ഥലങ്ങളിൽ കൂടുതൽ മരം വച്ചു പിടിപ്പിക്കുകയാണ് ഏലക്കൃഷിക്കാർ ചെയ്യുന്നതെന്നു്. ഈ മരങ്ങളുടെമേൽ പാട്ടത്തിനു കൃഷി ചെയ്യുന്ന ആളുകൾക്കു് യാതൊരു അവകാശവുമുണ്ടായിരിക്കുകയില്ല. അപ്പോൾ വനങ്ങൾ നശിപ്പിക്കുക എന്നുള്ള പ്രശ്നമേയില്ല. പ്രത്യേകിച്ചു് ഇന്നത്തെ കാർഡമം റൂംസിൽ തന്നെ ചില വ്യത്യാസങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. കുറച്ചു അനുകൂലമായ തരത്തിൽ ഏലക്കൃഷിക്കാർക്കു് ഗുണം കിട്ടത്തക്ക രീതിയിൽ ഇതിൽ ചില ഭേദഗതികൾ വരുത്തുകയാണെങ്കിൽ ഇന്നു ഈ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്കു് ആദായം വർദ്ധിക്കും, ഗവൺമെൻറിനു് കൂടുതൽ നികുതിയും ലഭിക്കും. ഇതു് ഇൻഡ്യക്കു് വിദേശനാണ്യം നേടിത്തരുന്ന ഒരു കൃഷിയാണ്. അതുകൊണ്ടു് ആ കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമുണ്ട്. ആ നിലയ്ക്ക് ഈ സ്ഥലങ്ങൾ എല്ലാ കൃഷിക്കാർക്ക് പാട്ടത്തിനു കൊടുക്കാൻ വേണ്ട നടപടികൾ ഗവണ്മെന്റ് സ്വീകരിക്കണം. ഗവണ്മെന്റിനു അതിൽ നിന്നു കൂടുതൽ പണം കിട്ടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

സർ, ഈ അവസരത്തിൽ ഒരു കാര്യംകൂടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ നാട്ടിലുള്ള ജനങ്ങളുടെ ഒരു സജീവപ്രശ്നമായിത്തീർന്നിരിക്കുകയാണ് ഇന്നു കീരിത്തോട്ടു സംഭവം. അതേ സംബന്ധിച്ച് പ്രത്യേകിച്ച് എന്തെങ്കിലും ഈ സഭയിൽ പറയണമെന്നു എനിക്കു ഉദ്ദേശമില്ല. അതേ സംബന്ധിച്ചുള്ള കുറേ വിവരങ്ങൾ ഈ നിയമസഭയിലും പുറത്തും വന്നിട്ടുണ്ട്. ഗവണ്മെന്റു തന്നെ അതേ സംബന്ധിച്ച് ചില വിവരങ്ങൾ ഈ സഭയിൽ തന്നിട്ടുണ്ട്. അതു് പൂർണ്ണമായും ശരിയല്ലെന്നു വിശ്വസിക്കുന്ന ഒരു വലിയ വിഭാഗം ആളുകൾ ഈ രാജ്യത്തുണ്ട്. ഇതേ സംബന്ധിച്ചു അന്വേഷിക്കുന്നതിനുപോയ ആളുകളുടെ അഭിപ്രായവും ഏതാണ്ടു അതേതരത്തിലാണ്. അവിടെ പോലീസ് ക്രമത്തിലധികം, ആവശ്യത്തിലധികം ബലം പ്രയോഗിച്ചു എന്ന ആക്ഷേപം രാജ്യത്തൊട്ടാകെയുണ്ട്. പിന്നെ അവിടെ പോലീസ് വെടിവച്ചുവെന്നും, കുറെ ആളുകളുടെ ശവം ദഹിപ്പിച്ചുകളഞ്ഞു എന്നും പ്രചരണം നടത്തുന്നുണ്ട്. ആ പ്രചരണം വളരെയധികം ആളുകൾ വിശ്വസിക്കുന്നുമുണ്ട്. അതിനുള്ള കാരണം അവിടെയൊരു ഇരുമ്പുമറ സൃഷ്ടിച്ച് അതിനകത്തോട്ട് ആളുകളെയോ പത്രപ്രതിനിധികളെയോ പോകാൻ അനുവദിച്ചില്ലെന്നുള്ളതാണ്. അതു ശരിയാണോ തെററാണോ എന്നുള്ളതിനെ സംബന്ധിച്ചല്ലപ്രശ്നം. ജനങ്ങൾക്കിടയിലുണ്ടായിട്ടുള്ള ഈ വിശ്വാസം മാററേണ്ടതു് ഈ ഗവണ്മെന്റിന്റെ ആവശ്യമാണ്. അങ്ങനെയൊരു വിശ്വാസം ജനങ്ങളുടെയിടയിലുള്ളതു മാററി ഈ ഗവണ്മെന്റിന്റെ സൽപേർ നിലനിറുത്തേണ്ടതു് വളരെ ആവശ്യമാണ്. അങ്ങനെ ജനങ്ങളുടെയിടയിൽ തെററിദ്ധാരണയുണ്ടെങ്കിൽ ഗവണ്മെന്റ് ന്യായമായി ചെയ്യേണ്ടതു് അതേക്കുറിച്ച് ഒരു പരസ്യാന്വേഷണം നടത്തുക എന്നുള്ളതാണ്. അതാണ് ഒരു ഗവണ്മെന്റിന്റെ കടമ. അങ്ങനെയൊരു പരസ്യാന്വേഷണം നടത്തണമെന്നു് ഞാൻ ഗവണ്മെന്റിനോട് ആവശ്യപ്പെടുകയാണ്. അങ്ങനെയുള്ള ഒരന്വേഷണം നടത്തിയാൽ മാത്രമേ ജനങ്ങളുടെയിടയിലുള്ള തെററിദ്ധാരണ മാററുന്നതിനും ഗവണ്മെന്റിൽ കൂടുതൽ വിശ്വാസം ഉണ്ടാകുന്നതിനും സാദ്ധ്യമാകുകയുള്ളു. ആ നിലയിൽ ഈ കാര്യത്തിൽ ഗവണ്മെന്റു ഏതു നിലപാടു സ്വീകരിച്ചിരുന്നാലും ശരി ഒരു പരസ്യാന്വേഷണം നടത്തി ജനങ്ങളുടെയിടയിൽഇതു സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ശരിയായ നിലയിൽ കൊണ്ടുവരുന്നതിനും തെററിദ്ധാരണകൾ നീക്കുന്നതിനുമുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കണമെന്നും അതിനുവേണ്ട നടപടികൾ നടത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. ജോർജ്ജ്: സർ, 1964-65 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജററ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രികൂടിയായ മുഖ്യമന്ത്രി അവതരിപ്പിച്ചതിനെ ഞാൻ സഹർഷം സ്വാഗതം ചെയ്യുന്നു. അനേകവർഷങ്ങളായി ഒരു പ്രശ്നസംസ്ഥാനമായി നിലകൊള്ളുന്ന നമ്മുടെ രാജ്യത്തെ നമുക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഒരു മെച്ചപ്പെട്ട ജീവിതനിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള ഒരു പരിശ്രമത്തിൽ നാം ഏർപ്പെട്ടിരിക്കുകയാണ്. ഇത്രയധികം ജനസംഖ്യയും, ഇത്രയധികം തൊഴിലില്ലായ്മയും, ഇത്രയധികം വിദ്യാഭ്യാസകൂടുതലുമുള്ള ഒരു പ്രദേശം ഭൂമുഖത്തു് വേറെയൊരിടത്തും തന്നെ കാണുകയില്ല. പരിഹരിക്കാൻ കഴിയാത്തതുള്ള സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ ഇവിടെയുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ ഗവണ്മെന്റ് ഈ കൊല്ലത്തെ ബഡ്ജററ് ഇവിടെ അവതരിപ്പിച്ച് ഒരു പുതിയ വ്യവസായ യുഗത്തിന്റെ ഉൽഘാടനം നടത്തിക്കൊണ്ട് കഴിഞ്ഞ നാലുവർഷമായി ഇവിടെ ഭരണം നടത്തുന്നതു് കേരള ചരിത്രത്തിൽ എല്ലാകാലത്തും തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു സംഭവമാണ്. സർ, ഈ കാര്യത്തിൽ ഞാൻ ധനകാര്യമന്ത്രിയെ മുക്തകണ്ഠം പ്രശംസിക്കുവാൻ ആഗ്രഹിക്കുന്നു. പ്രത്യേകിച്ചും സാമൂഹ്യക്ഷേമപദ്ധതികളെ സംബന്ധിച്ചിടത്തോളം വിശാലമായ ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കെ. എം. ജാർജ്ജ്)

സോഷ്യലിസ്ററു വ്യവസ്ഥിതിക്കനുകൂലമായി കാര്യക്ഷമതയോടുകൂടി സമൂഹത്തിലെ ജീവിക്കാൻ നിവൃത്തിയില്ലാത്ത ആളുകൾക്ക് കൂടുതൽ കൂടുതൽ സഹായം നൽകുന്നതിനുവേണ്ടി ധീരതയോടുകൂടി പദ്ധതികൾ ആവിഷ്ക്കരിക്കുകയും പണം കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. ആ കാര്യങ്ങളാണ് ഞാൻ എടുത്തു പറയാൻ ആഗ്രഹിക്കുന്നത്. അതൊരു ചെറിയ കാര്യമല്ല. ജനാധിപത്യത്തെപ്പററിയും സോഷ്യലിസത്തെപ്പററിയും എല്ലാവരും പ്രസംഗിക്കുന്നുണ്ട്. അതിൽ എല്ലാവരും വിശ്വസിക്കുന്നുമുണ്ട്. ചിലർ അങ്ങുമിങ്ങും അതേപ്പററി ആക്ഷേപിക്കുകയും കളിയാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ആ വാക്കിനപ്പുറത്തുപോകാൻ ആഗ്രഹിക്കുന്നില്ല. ആശയത്തിൽ എല്ലാവരും വിശ്വസിക്കുന്നുണ്ട്. പ്രതിപക്ഷത്തിരിക്കുന്നവരായാലും ശരി, ഈ ഭാഗത്തിരിക്കുന്നവരായാലും ശരി പറയുന്നതിലുള്ള വ്യത്യാസമല്ലാതെ മററു കാര്യങ്ങളിൽ വ്യത്യാസമൊന്നുമില്ല. അങ്ങനെയുള്ള സോഷ്യലിസം നടപ്പാക്കുന്നതിന്റെ ആദ്യപടിയായി അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് അതിന്റെ ഉത്തരവാദിത്വം ധൈര്യത്തോടുകൂടി ഗവണ്മെന്റിന്റെ കൈയിലെടുക്കുകയും ആ ഉത്തരവാദിത്വത്തിൽ വിശ്വസിച്ചുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തുവരികയാണ്. ആ നിലയിൽ ഈ ബഡ്ജററ് ഇതിനുമുൻപ് അവതരിപ്പിച്ചിട്ടുള്ള ഏതു ബഡ്ജററിനെക്കാളും വളരെയധികം മുന്നോട്ടുപോയിട്ടുണ്ടെന്നുള്ളത് അഭിമാനത്തോടുകൂടി ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. ഈ രാജ്യത്തിന്റെ ഏററവും വലിയ ആവശ്യം വ്യവസായവൽക്കരണമാണെന്ന് നമുക്കു കാണാൻ സാധിക്കും. നമ്മുടെ ഈ രാജ്യത്ത് വിദ്യുച്ഛക്തിയുണ്ടാക്കുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചുവെന്നുവരികിലും. വിദ്യുച്ഛക്തിയുണ്ടാക്കുന്നതിന് ഇത്രയേറെ സൗകര്യമുള്ള ഈ സംസ്ഥാനത്ത് ആവശ്യത്തിനെങ്കിലും വിദ്യുച്ഛക്തിയുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് സങ്കടകരമാണ്. പക്ഷേ ഈ ഗവണ്മെന്റ് പ്രത്യേകിച്ചും ഈ ബഡ്ജററോടുകൂടി ധൈര്യപൂർവ്വം ഈ രാജ്യത്തെ ആവശ്യത്തിനുള്ളതുപോയിട്ട് മിച്ചം മററു സംസ്ഥാനങ്ങൾക്ക് കൊടുക്കത്തക്കരീതിയിൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു നടപടിയുടെ പ്രാരംഭം കുറിക്കുകയാണ് ചെയ്യുന്നതു്. നടപ്പുവർഷത്തിൽ 11.4 കോടിരൂപ ചെലവാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ചെലവാക്കിയതായി കാണാൻ സാധിക്കും. 1964—65—ൽ 18½ കോടി രൂപ മുടക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഈ രാജ്യത്തെ ഏററവും വലിയ പദ്ധതിയായ ഇടുക്കി പദ്ധതിയെ സംബന്ധിച്ചിടത്തോളം ക്ലീയറൻസ് കിട്ടിയെങ്കിലും കേന്ദ്രത്തിൽനിന്നുള്ള അതിന്റെ ഔദ്യോഗിക പ്രഖ്യാപനം ഇതുവരെ സംസ്ഥാനഗവണ്മെന്റിന് വന്നിട്ടില്ലെന്നുള്ള നിലയിൽ നിൽക്കുകയാണ്. ഷോളയാർ പദ്ധതികമ്മീഷൻ ചെയ്യുക എന്നുള്ളതാണ് 1964—65—ലെ പ്രധാന കാര്യമെന്നു ധനകാര്യമന്ത്രി പറഞ്ഞിരിക്കുകയാണ്. ഷോളയാർ, ശബരിഗിരി, കുററിയാടി എന്നീ പദ്ധതികൾ ആരംഭിക്കുന്നതോടൊപ്പം തെക്കേഇൻഡ്യയിലെ ഏററവും വലിയ പദ്ധതിയായ ഇടുക്കി ഒരു പക്ഷേ അവിടെ ഗ്രേററർ ഇടുക്കികൂടി കംപ്ലീററ് ചെയ്യുകയാണെങ്കിൽ ലോകത്തിലെ തന്നെ ഏററവും വലിയ പദ്ധതിയായിത്തീരുന്നതാണ്. ഈ പദ്ധതി ഏററവും ധൈര്യത്തോടുകൂടി പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ എടുത്തുവരികയാണ്. പിന്നെ ഇവിടെ ഒരു വ്യവസായയുഗത്തിന്റെ ആരംഭം കുറിച്ചു എന്നു മാത്രമല്ല ഒരു വ്യവസായവിപ്ലവത്തിന് അസ്ഥിവാരം ഉറപ്പിച്ചതു തന്നെ ഈ ഗവണ്മെന്റിന്റെ നേട്ടമാണ്. അതുപോലെതന്നെ ഈ രാജ്യത്ത് പെൻഷൻവാങ്ങി ജീവിക്കുന്ന ആളുകളെ സംബന്ധിച്ചും, ചെറുകിട ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചും, വാർദ്ധക്യകാലപെൻഷൻ 65 വയസ്സുമുതൽ മുകളിലോട്ടുള്ളവർക്ക് കൊടുക്കാൻ തീരുമാനിച്ചതിനെ സംബന്ധിച്ചുമെല്ലാം ചെയ്തുകൊടുത്ത സൗകര്യങ്ങൾ ഒരു ചെറിയ കാര്യമല്ല. അങ്ങനെ നമ്മുടെ ഈ രാജ്യത്ത് വലിയൊരു വിപ്ലവം തന്നെ സൃഷ്ടിച്ചിരിക്കുകയാണ്. ഈ രാജ്യത്തിന് ശോഭനമായ ഒരു ഭാവിയെ കുറിക്കുകയും അതിനുവേണ്ട അടിത്തറ പാകുകയും ചെയ്യുന്ന ഒരു ബഡ്ജററാണ് ഇതെന്നുള്ളത് നിസ്സംശയമായ കാര്യമാണ്.

ഇങ്ങനെ, അഭിമാനത്തോടുകൂടിയും സന്തോഷത്തോടുകൂടിയും കാര്യങ്ങൾ നടപ്പിലാക്കാൻ പോകുന്ന ഈ അവസരത്തിൽ ഈ രാജ്യത്തിന്റെ മുമ്പിൽ,

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവണ്മെൻറിൻെറമേൽ ഇന്നു വളരെ വിഷമമുണ്ടാക്കുന്ന കാർമേഘം തിങ്ങി നിൽക്കുന്നു എന്ന വസ്തുത ഞാൻ കാണുന്നുണ്ട്. ഈ സഭയുടെ എല്ലാഭാഗത്തു നിന്നും അതേപ്പററി പറയുകയുണ്ടായി. പലരും പറയുന്നതു് പല ഉദ്ദേശത്തിലായിരിക്കും. എല്ലാവരും ഒരു സംഗതി എടുത്തു പറയുന്നുണ്ട്. ശ്രീ. കെ. ടി. തോമസ് പറഞ്ഞതുപോലെ ചുരുളി, കീരിത്തോട്ട് സംഭവം ഈ രാജ്യത്തെ വളരെ ഗൗരവമുള്ള ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. അതൊരു പ്രദേശത്തിൻെറ പ്രശ്നമായിട്ടു മാത്രമല്ല, മൊത്തത്തിൽ രാജ്യത്തിൻെറ തന്നെ ഒരു പ്രശ്നമായിത്തീർന്നിരിക്കുകയാണ്. കഴിഞ്ഞ അനേകം വർഷങ്ങളായി അതാതു കാലത്തെ ഗവണ്മെൻറിനു് ഈ കുടിയിറക്ക് ഒരു പ്രശ്നമായിരുന്നിട്ടുണ്ട്. എങ്കിലും മനുഷ്യോചിതമായ രീതിയിൽ കുടിയിറക്കുകയും കുടിയിരുത്തുകയും ചെയ്തിട്ടുണ്ട്. ചിലപ്പോൾ അതിൻെറ പേരിൽ പരാതികളും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്രമാത്രം വലിയൊരു പരാതിയുണ്ടായിട്ടുണ്ടോ എന്നുള്ള കാര്യം സംശയമാണ്. സർ, ചുരുളി, കീരിത്തോട്ട്, പഴയരിക്കണ്ടം മേഖലകളിൽ പത്തിരുപതു ചതുരശ്രമൈൽ പ്രദേശത്തു് ആ പ്രദേശം റിസർവ്വ് ഫാറസ്റ്റാണെങ്കിലും ആ പ്രദേശത്തു് യാതൊരു മനുഷ്യജീവിയും കടക്കാൻ സാധിക്കാത്ത ഒരു സാഹചര്യം വന്നപ്പോൾ, അതു് ഏർപ്പെടുത്തിയതു് നല്ലൊരു ഉദ്ദേശത്തോടുകൂടിയായിരിക്കാമെങ്കിലും, അവിടെ ഒരു ഇരുമ്പുമറ സൃഷ്ടിച്ച് പത്രപ്രതിനിധികൾക്കോ മററു പൊതുപ്രവർത്തകർക്കോ കടക്കാൻ സാധിക്കാതെ വന്നപ്പോൾ എന്തെന്നില്ലാത്ത സംഭ്രമവും ഭീതിയും സംശയവും ജനങ്ങളിൽ ഉദിച്ചുവെങ്കിൽ അതിനു് ജനങ്ങളെ കുററം പറഞ്ഞിട്ടു കാര്യമില്ല. പത്രങ്ങൾ അവർക്കു കിട്ടിയ ഊഹാപോഹങ്ങൾ അനുസരിച്ചു വാർത്തകൾ പ്രസിദ്ധപ്പെടുത്തിയതിനു പത്രങ്ങളെ കുററം പറഞ്ഞിട്ടു കാര്യമില്ല. അങ്ങനെയൊരു സാഹചര്യമുണ്ടാക്കിയതു് നിയമവിരുദ്ധമാണെന്നു പറയുവാനും സാധിക്കുകയില്ല. ഫാറസ്ററ് ആക്ററനുസരിച്ച് ഫാറസ്റ്റിൽ ഇല്ലീഗൽപർപ്പസ്സിനു് ആരെങ്കിലും പോകുകയാണെങ്കിൽ അവരുടെ പേരിൽ നടപടി നടത്താമെന്നു നിയമത്തിൽ വ്യവസ്ഥയുണ്ട്. പക്ഷേ, ഈ രാജ്യത്തു് കഴിഞ്ഞ പത്തിരുപതുകൊല്ലമായിവനങ്ങളിൽ ആളുകൾ കുടിയേറി പാർക്കുകയും, കൂടുതൽ ഭക്ഷ്യവിളകൾ ഉണ്ടാക്കുന്നതിനു് വേണ്ടികാടുവെട്ടിത്തെളിച്ച് കൃഷിചെയ്യുന്നതിനു് അവരെ ഗവണ്മെൻറു തന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നാട്ടിലുള്ള അവരുടെ അഞ്ചും പത്തും സെൻറു ഭൂമിവിററ് ആ പണം കൊടുത്തു് വനഭൂമി വാങ്ങി കൃഷിചെയ്തുവരുന്ന ഒരനുഭവമാണ് ഇതുവരെയായി ഇവിടെയുള്ളതു്.

ഇങ്ങനെയുള്ള ഒരു പ്രദേശത്തു് ജനങ്ങളെ കടത്തിവിടുകയില്ലെന്നും, അവിടെയുള്ളവർക്ക് അങ്ങോട്ടും ഇങ്ങോട്ടും പോകാൻ സാദ്ധ്യമല്ലെന്നും വന്നാൽ യഥാർത്ഥത്തിൽ അതു് നിയമവിരുദ്ധമാണെന്നു സമ്മതിക്കേണ്ടിവരും. ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതി സൃഷ്ടിച്ചു എന്നുള്ളതുകൊണ്ടാണ് അവിടെ സ്ഥിതിഗതികൾ ഇത്രയേറെ രൂക്ഷതരമായിട്ടുള്ളതു്. സർ, 26–ാം തീയതി അവിടെ നടന്ന സംഭവങ്ങൾ വിസ്തരിക്കേണ്ട ആവശ്യമില്ല. അവിടെ കമ്മ്യൂണിസ്ററു പാർട്ടിക്കാരും, കാൺഗ്രസ്സുകാരും ഞാനും പോയിരുന്നു. ഞാൻ അവിടെ കണ്ട പല കാര്യങ്ങളും ഇവിടെ വിസ്തരിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഒരു ജനാധിപത്യ രാജ്യത്തു്. ഒരു സോഷ്യലിസ്ററ് വ്യവസ്ഥിതി നിലവിലുള്ള രാജ്യത്തു് പൊതുജനങ്ങൾ ഇത്രയേറെ കണ്ണീരും കൈയുമായിട്ട് കഴിയുന്ന ഒരു സ്ഥിതി ഉണ്ടാകുന്നതു് ഒരു ഗവണ്മെൻറിനും നല്ലതല്ല. ഇതു് അഭിമാനത്തിൻെറ പ്രശ്നമല്ല, തോൽവിയുടെ പ്രശ്നമല്ല. സർ, ഈ സഭയിൽ എത്രയോ പ്രാവശ്യം എന്തെല്ലാം നിയമങ്ങൾ ഉണ്ടാക്കിയിട്ട് അതു് മനുഷ്യരുടെ ആവശ്യത്തിനുവേണ്ടി അവരെ രക്ഷിക്കുന്നതിനുവേണ്ടി പിന്നീട് മാററിയിട്ടുണ്ട്. അതു് ഒരിക്കലും ആക്ഷേപകരമല്ല, തോൽവിയല്ല നേരെ മറിച്ച് വിജയമാണ്. അങ്ങനെ ഒരു നിലപാട് എടുത്താൽ എല്ലാവരും ഗവണ്മെൻറിനെ ശ്ലാഘിക്കുകയേയുള്ളു. തീർച്ചയായും അങ്ങനെയൊരു നിലപാട് ഇന്നത്തെ ഗവണ്മെൻറ് സ്വീകരിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്. അപ്പോൾ അവിടെ നടന്ന സംഭവങ്ങളിൽ വെടിവയ്പ്പ് ഉണ്ടായിയെന്ന് അവിടത്തെ ജനങ്ങളും പ്രതിപക്ഷനേതാവും പറയുകയുണ്ടായി. അതു ശരിയാണെന്നാണ് എനിക്കും അവിടെ ചെന്നുകണ്ടപ്പോൾ തോന്നിയതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജാര്‍ജ്ജ്]

അവിടെ വെടിവയ്പുണ്ടായിട്ടുണ്ടെന്ന് ആളുകൾ വിശ്വസിക്കുന്നു. ഇക്കാര്യത്തെപ്പററി തെളിവുതരാൻ തയ്യാറാണെന്ന് അഡ്രസ്സ് സഹിതം ആളുകൾ പറയുന്നുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഇക്കാര്യത്തെപ്പററി ഒരു ജൂഡിഷ്യൽ അന്വേഷണം നടത്തേണ്ടതു് ആവശ്യമാണ്. തീർച്ചയായും ജൂഡിഷ്യൽ അന്വേഷണം കൊണ്ടല്ലാതെ മറെറാരു തരത്തിലുള്ള അന്വേഷണം കൊണ്ടായാലും ഈ രാജ്യത്തെ ഇന്നത്തെ സ്ഥിതിവിശേഷം തീരുകയില്ല. ഒരു പക്ഷേ 3 ദിവസത്തേക്ക് പോലീസ്മാത്രം ഉണ്ടായിരുന്ന ഒരു പ്രദേശത്തു് വെടിവയ്പ് നടന്നിട്ടുണ്ടെങ്കിൽതന്നെയും അതില്ലാതാക്കുന്നതിന് പോലീസിന് സാധിക്കുമെന്ന് പറയുമ്പോൾ ഇതിനൊരു ക്ലീയറൻസ് ആവശ്യമാണെന്നും ഒരു ജൂഡിഷ്യൽ അന്വേഷണം നടത്താതെ സാധിക്കുന്നതല്ലെന്നും കാണാൻ സാധിക്കുന്നതാണ്. അതുപോലെതന്നെ 1954-ലെ ഇലക്ഷൻ സമയത്തു് കാൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള, 10 കൊല്ലക്കാലത്തോളം എന്നോടൊപ്പം നിന്നു പ്രവർത്തിച്ചിട്ടുള്ള ശ്രീ. വർഗ്ഗീസിനെ പോലീസ് പിടിച്ചുകെട്ടി മൃഗീയമായി മർദ്ദിക്കുകയുണ്ടായി. ഹൃദയമുള്ള ഒരു മനുഷ്യനും സഹിക്കാൻ വയ്യാത്ത വിധത്തിലാണ് പോലീസ് അദ്ദേഹത്തോടു പെരുമാറിയതു്. അദ്ദേഹത്തിന്റെ മീശ പറിച്ചു എന്നുള്ളതിനുപുറമെ ഷൂസുകൊണ്ടു ചവിട്ടിയതിന്റെ 3 പാടുകൾ ഇന്നും കാണാനുണ്ട്. സർ, മൂവാററുപുഴ ലാക്കപ്പിൽ കിടക്കുന്ന അദ്ദേഹത്തെ ഞാൻ കാണാൻ ചെന്നപ്പോൾ, എന്നെക്കണ്ടു് കണ്ണുനീരോടുകൂടി എഴുന്നേൽക്കാൻ ശ്രമിച്ചു. നടുതളർന്നു് വീഴാൻ ഭാവിച്ച അദ്ദേഹത്തെ ഞാനാണ് ഇരുമ്പഴികൾക്കുള്ളിലൂടെ താങ്ങി നിറുത്തിയതു്. ഞാൻ ചെന്നു് ഏതാനും മിനിട്ടു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയും അമ്മയും മററും വന്നു. അഞ്ഞൂറിൽപ്പരം ആളുകളും അവിടെ കൂടിയിട്ടുണ്ടായിരുന്നു. ഞാനടക്കം അവിടെക്കൂടിനിന്ന എല്ലാവരും ഹൃദയംപൊട്ടിക്കരഞ്ഞുപോയി. ഇത്ര മൃഗീയമായ, പൈശാചികമായ മർദ്ദനത്തിന്റെ ഒരു ചിത്രം വേറെ കാണാൻ കഴിയുമോ എന്നു സംശയമാണ്. മനുഷ്യൻ തെററു ചെയ്തിട്ടുണ്ടെങ്കിൽ നിയമപരമായി അവനെ ശിക്ഷിക്കേണ്ടതാവശ്യമാണ്. പക്ഷേ, ഇത്രയേറെ മൃഗീയമായി മർദ്ദിക്കുന്നതു് ലോകത്തൊരിടത്തും നടക്കാത്തതാണ്. ഒരു മനുഷ്യൻ ഗവണ്മെന്റിന്റെ അംഗീകാരത്തോടുകൂടി റിസർവ്വ് വനത്തിൽ കയറി കൃഷി ചെയ്യുകയും ന്യായമായി ഇറങ്ങാൻ പറഞ്ഞപ്പോൾ പോലീസിനെ എതിർത്തു് എന്തെങ്കിലും സംസാരിക്കുകയോ, മറേറാ ചെയ്യുകയും ചെയ്തെങ്കിൽ തന്നെയും ഇത്ര ഭയങ്കരമായി, മൃഗീയമായി മർദ്ദിച്ചുഎന്നു പറയുന്നതു് ഈ നാട്ടിൽ ആരെങ്കിലും കേട്ടിട്ടുണ്ടോ എന്നുതന്നെ സംശയമാണ്. തൊടുപുഴ ലാക്കപ്പിൽ കൊണ്ടുവന്നതിനുശേഷവും അദ്ദേഹത്തെ മർദ്ദിച്ചു. വേറെ 12 പേരെക്കൂടി അവിടെ വച്ചു മർദ്ദിച്ചു 48 മണിക്കൂർ കഴിഞ്ഞിട്ടും മജിസ്ട്രേട്ടുകോർട്ടിൽ ഇവരെ ഹാജരാക്കിയില്ല. ഇതെല്ലാം മനുഷ്യനു നിരക്കുന്നതാണോ, ജനാധിപത്യത്തിനു നിരക്കുന്നതാണോ ? ഇങ്ങനെയുള്ള സാഹചര്യത്തിൽ ജനങ്ങൾ പ്രക്ഷുബ്ധരായിട്ടുണ്ടെങ്കിൽ അതിൽ അതിശയിക്കാനില്ല. അതേസമയത്തുതന്നെ ഗവണ്മെന്റ് ഈ പ്രശ്നത്തെ ലഘുവായി വീക്ഷിക്കാനാണു ശ്രമിക്കുന്നതു്. ഗവണ്മെന്റ് അവിടെ ഇതുവരെ എടുത്തിട്ടുള്ള നിലപാട് മാററിയാൽ ആക്ഷേപമില്ല. ചില ആളുകൾ ഇതൊരു വർഗ്ഗീയകലാപമായി മാറ്റാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ ഗവണ്മെന്റിന്റെ നിലയിൽ നോക്കുമ്പോൾ ഇതൊരു വിഭാഗം ആളുകളുടെ പ്രശ്നമല്ല, ഒരു സമുദായത്തിന്റെ പ്രശ്നമല്ല. ഇതു് എല്ലാവരുടെയും പ്രശ്നമാണ്. ഇതിനെപ്പററി മലയാള മനോരമ പത്രത്തിൽ എഴുതിയതു് മുഖ്യമന്ത്രി ഒന്നു വായിച്ചുനോക്കാൻ അഭ്യർത്ഥിക്കുകയാണ്. മനോരമ ഈ രാജ്യത്തെ പ്രമുഖപത്രങ്ങളിൽ ഒന്നാണ്. ചുരുളി-കീരിത്തോട് സംഭവത്തെപ്പററി മലയാള മനോരമയുടെ എഡിറേറാറിയൽ രണ്ടാം കാളത്തിൽ എഴുതിയിരിക്കുന്നതു് മുഖ്യമന്ത്രി വായിക്കേണ്ടതാണ്. ജനങ്ങൾക്കുണ്ടായ സംശയം പരിഹരിക്കുന്നതിന്, വെടിവച്ചു എന്നു് പ്രബലമായ സംശയം മനുഷ്യർക്കു് ഉണ്ടാകത്തക്കനിലയിൽ അവിടെ ഇരുമ്പുമറ സൃഷ്ടിച്ചിട്ടുള്ള സാഹചര്യം കണക്കിലെടുത്തുകൊണ്ടു് ഒരു ജൂഡിഷ്യലന്വേഷണം നടത്തുന്നതിന് ഗവണ്മെന്റ് മുന്നോട്ടുവരണമെന്നും, അതിൽ ആക്ഷേപമില്ലെന്നും അതുപോലെതന്നെ ഈ രാജ്യത്തു് ഇങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു കീഴ്‌വഴക്കം സൃഷ്ടിക്കാൻ ഇടവരുത്തെന്നും ഇങ്ങനെയുള്ള കുടിയിറക്ക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഉന്നതനായ ഒരാളെ കേന്ദ്രത്തിൽനിന്നുതന്നെ ക്ഷണിച്ചുകൊണ്ട് മനശ്ശാസ്ത്രോചിതമായ രീതിയിൽ ഈ രാജ്യത്തെ ജനാധിപത്യത്തിന്റെ പ്രശ്നം കൈകാര്യം ചെയ്യണമെന്നും മലയാളമനോരമയിൽ ഒരു മുഖപ്രസംഗം എഴുതിയിരിക്കുകയാണ്. ഇതിലെ ഓരോ അക്ഷരത്തോടും ഞാൻ യോജിക്കുന്നു. ആ നിലയിൽ പ്രവർത്തിക്കണമെന്നും ഞാൻ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുകയാണ്. അങ്ങനെ ചെയ്യാതെവന്നാൽ ഈ നിയമസഭയിലെ പല ആളുകളും പുറത്തുള്ള ആളുകളും, ഞാനും ജനങ്ങളുടെ ഭാഗത്തേക്ക്, കണ്ണീരൊഴുക്കുന്ന ജനവിഭാഗത്തിന്റെ ചേരിയിലേക്ക് പോകാൻ നിർബന്ധിതരായിത്തീരുമെന്ന് പറഞ്ഞുകൊണ്ടും, ഒരു ജ്യൂഡിഷ്യൽ അന്വേഷണം നടത്തണമെന്ന് ഒന്നുകൂടി പറഞ്ഞുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ചാക്കോ: സർ, ധനകാര്യമന്ത്രികൂടിയായ മുഖ്യമന്ത്രി ഈ സഭയുടെ അംഗീകാരത്തിനായി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ ആത്മാർത്ഥമായി പിൻതാങ്ങുന്നു. പ്രത്യക്ഷമായോ പരോക്ഷമായോ പുതിയ നികുതികൾ ഒന്നും ഇല്ലാതെയും പുതിയ സാമ്പത്തിക ബാദ്ധ്യതകൾ ഉൾക്കൊള്ളിച്ചുമുള്ള പുരോഗമനപരമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിൽ പ്രാധാന്യമർഹിക്കുന്ന ചില കാര്യങ്ങളെ എടുത്തുപറയാൻ ഞാനാഗ്രഹിക്കുകയാണ്. സർ, കഴിഞ്ഞ രണ്ടുവർഷത്തിനുമുമ്പ് ഈ സഭ അംഗീകരിച്ച ഒരു നയമാണ് വാർദ്ധക്യകാല പെൻഷൻ അനുവദിക്കുക എന്നുള്ളത്. എന്നാൽ പല ആളുകൾക്കും ഈ പെൻഷന്റെ പ്രയോജനം ലഭിക്കാൻ ഇടയാകാത്ത സാഹചര്യം ഈ നാട്ടിൽ ഉണ്ടായിട്ടുണ്ട്. അതായത് അവരുടെ വയസ്സിനെ തെളിയിക്കത്തക്കതായ പ്രമാണങ്ങൾ ഇല്ലാത്തതുകൊണ്ട് 70 വയസ്സിൽ കൂടുതൽ പ്രായമുള്ള ആളിനുപോലും ഈ പെൻഷൻ നിഷേധിച്ചിട്ടുണ്ട്. എന്നാൽ ഇങ്ങനെയുള്ള സമ്പ്രദായം മാറുന്നതിനും അനേകം ആളുകൾക്ക് ഇതുകൊണ്ട് പ്രയോജനം ലഭിക്കുന്നതിനും, ഈ സംഗതിയിൽ ഉള്ള പ്രയാസം മാറുന്നതിനുമായി 70 എന്നുള്ളത് 65 വയസ്സാക്കി കുറച്ചത് നല്ല പ്രവൃത്തിയായി ഞാൻ കരുതുന്നു. ഈ നാട്ടിലെ അഗതികളായിട്ടുള്ള അനേകം വൃദ്ധകൾക്കും, വൃദ്ധന്മാർക്കും ഇതുകൊണ്ട് പ്രയോജനം ഉണ്ടാവുന്നതാണ്. അതുപോലെതന്നെ കായികമായി അവശത അനുഭവിക്കുന്നവർക്ക് പെൻഷൻ കൊടുക്കുന്നതിനും, അഗതികളായ വിധവകൾക്ക് സാമ്പത്തികസഹായം നൽകുന്നതിനും ഈ വർഷത്തെ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടുണ്ട്. വേറൊരു പ്രധാനമായ സംഗതി, കഴിഞ്ഞകാലങ്ങളിൽ സർവ്വീസിലിരുന്നു പെൻഷനായ ആളുകൾക്ക് സാധനങ്ങൾക്ക് വില ഉയർന്നതോടുകൂടി അവർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻകൊണ്ട് ഒരു ദിവസംപോലും ജീവിക്കാൻ നിവൃത്തിയില്ലാത്ത പരിതഃസ്ഥിതി ഉണ്ടായ അവസരത്തിൽ ഈ ഗവണ്മെന്റ് അത് കാര്യമായി പരിഗണിച്ചുകൊണ്ട് ഏററവും കുറഞ്ഞ പെൻഷൻ 20 രൂപയായി ക്ലിപ്തപ്പെടുത്തി. ഇതിൽ ഞാൻ ഗവണ്മെന്റിനെ അനുമോദിക്കുകയാണ്. അതേ അവസരത്തിൽ ഒരു കാര്യംകൂടി എനിക്ക് വ്യക്തമായി അറിയേണ്ടതുണ്ട്. അതായത് ഈ നാട്ടിലെ പ്രൈവററ് സ്കൂൾ അദ്ധ്യാപകർക്ക് തുച്ഛമായ ശമ്പളമായിരുന്നു 1954 വരെ ഉണ്ടായിരുന്നത്. അവരുടെ ശമ്പളം വർദ്ധിപ്പിച്ചത് അതിനുശേഷമാണ്. എന്നാൽ പെൻഷൻ പ്രായം 60 വയസ്സുവരെ ആക്കിയ അവസരത്തിൽ 55 വയസ്സിനു മുമ്പ് മൂന്നുവർഷത്തെ ശരാശരി ശമ്പളത്തിന്റെ ഒരംശം മാത്രം ലഭിക്കുക എന്ന കണക്കനുസരിച്ച് ഏഴു മുതൽ ഒൻപതുവരെ ആണ് അന്നവർക്ക് പെൻഷൻ അനുവദിച്ചു കൊടുത്തിട്ടുള്ളത്. അവർക്കുകൂടി 20 രൂപ കുറഞ്ഞ പെൻഷൻ എന്നുള്ള നിലയ്ക്ക് കൊടുക്കത്തക്കവണ്ണം ഗവണ്മെന്റ് റൂളുണ്ടാക്കുന്ന അവസരത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് പ്രത്യേകമായി ഞാൻ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുകയാണ്. സർ, ഈ രാജ്യത്തെ പട്ടികജാതിക്കാരിൽനിന്നും, പട്ടികവർഗ്ഗക്കാരിൽനിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ള ആളുകൾക്ക് പട്ടികജാതിക്കാർക്കുകൊടുത്ത എല്ലാവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളും കൊടുക്കേണ്ടതാണെന്ന് തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ടായിരുന്നു, 1960-ലാണ് തീരുമാനമുണ്ടായത്. എന്നാൽ അതിനുശേഷം ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ചാക്കോ]

രാജ്യത്തിന്റെ വ്യാവസായികമായിട്ടുള്ള വളർച്ചയുടെ ഫലമായി അങ്ങിങ്ങായിട്ട് സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കുകയും അതിൽ ഈ സമുദായത്തിൽപ്പെട്ട കുട്ടികളെ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗവണ്മെന്റ് അവർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നിഷേധിച്ചിരിക്കയാണ്. ഇതുസംബന്ധിച്ച് നിവേദനം നടത്തിയ അവസരത്തിൽ പറയുന്നത് അന്ന് ഇങ്ങനെയുള്ള വിദ്യാലയങ്ങൾ ഇല്ലാതിരുന്നതുകൊണ്ട് അങ്ങനെ തീരുമാനിച്ചിട്ടില്ലായിരുന്നു. അതുകൊണ്ട് അന്നില്ലാത്തവർക്ക് ഇന്നും ഇല്ല എന്നാണ്. ഈ അവസരത്തിൽ ഒരു ചെറിയ ഉദാഹരണമാണ് എനിക്കു തോന്നുന്നത്. ഇന്നലെവരെയുള്ള സദ്യയിൽ പരിപ്പും പർപ്പടകവും മററു സാധനങ്ങളുമേ ഉണ്ടായിരുന്നുള്ളു. പായസം ഉണ്ടായിരുന്നില്ല. ഇന്നത്തെ സദ്യയിൽ പായസമുണ്ട്, അതു് ഇന്നലെവരെ ഉണ്ടവർക്ക് ഇന്നു കൊടുക്കുകയില്ല. അവർക്ക് മുമ്പുണ്ടായിരുന്ന പരിപ്പും പർപ്പടകവും മാത്രമേ കൊടുക്കുകയുള്ളു എന്നു പറയുന്നതുപോലെയാണ്. ഒരേ സദ്യയിൽ ഒരുമിച്ചിരുന്ന് ഉണ്ണുന്ന അവസരത്തിൽ ഇന്നലെവരെ ഉണ്ടായിരുന്ന വിഭവങ്ങൾ മാത്രമേ കൊടുക്കുകയുള്ളു. പായസം കൊടുക്കുകയില്ല. ഒരു വിഭാഗക്കാർക്ക് മാത്രമേ കൊടുക്കുകയുള്ളു എന്നു പറയുന്നതുപോലെയാണ് ഈ കാര്യത്തിലും തോന്നുന്നതു്. ഏതായാലും സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ മനസ്സിലാക്കി ഗവണ്മെന്റ് ധാരാളം സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിച്ച് നടത്തിവരുന്ന ഈ കാലത്ത് ഈ പാവപ്പെട്ട വിദ്യാർത്ഥികൾക്കുകൂടി വിദ്യാഭ്യാസാനുകൂല്യം കൊടുക്കുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വ്യാവസായികമായി നമ്മുടെ രാജ്യം വളരെയധികം അഭിവൃദ്ധിപ്പെട്ടുവരികയാണ്. അതിനുള്ള പ്രധാന കാരണം ഈ രാജ്യത്തു കഴിഞ്ഞ നാലുവർഷക്കാലമായി ഈ ഗവണ്മെന്റ് വ്യവസായ സമാധാനം സ്ഥാപിച്ചു എന്നുള്ളതാണ്. എന്നാൽ വ്യവസായങ്ങൾ സ്ഥാപിക്കുന്ന അവസരത്തിൽ അധികവും തീരപ്രദേശങ്ങളെ കേന്ദ്രീകരിച്ചാണ് കാണുന്നതു്. ആലുവാപ്രദേശം ഒഴിച്ചു നോക്കുകയാണെങ്കിൽ മിക്കവാറും തീരപ്രദേശത്താണ് വ്യവസായങ്ങൾ കാണുന്നതു്. ആലപ്പുഴ ഡിസ്ട്രിക്ററിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ഗവണ്മെന്റ് ഉടമയിലും പ്രൈവററ് ഉടമയിലും സ്ഥാപിക്കാവുന്ന പല വ്യവസായങ്ങളുമുണ്ട്. പ്രധാനമായും പന്തളത്തും, തിരുവല്ലായിലും രണ്ടു പഞ്ചസാര ഫാക്ടറികൾ ഇന്നു വിജയപ്രദമായി നടത്തിവരുന്നുണ്ട്. അവിടെ പഞ്ചസാര ഉണ്ടാക്കുന്നതിന്റെ കരിമ്പിൻ ചണ്ടി ഉപയോഗിച്ച് ഒന്നാം തരം ഒരു പേപ്പർ വ്യവസായശാല മദ്ധ്യകേരളത്തിൽ പമ്പായുടേയോ മണിമലയുടേയോ തീരത്തു് സ്ഥാപിച്ചു നടത്താൻ സാദ്ധ്യതയുണ്ടോ എന്ന കാര്യം ഗവണ്മെന്റ് അന്വേഷിക്കേണ്ടതാണ്. അതു് അനേകം ആളുകൾക്ക് തൊഴിൽ കൊടുക്കാൻ സാദ്ധ്യതയുള്ള ഒരു വ്യവസായമാണ്. ഇവിടെയുള്ള ആളുകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ അതൊരു മാർഗ്ഗമായിത്തീരുമെന്ന കാര്യത്തെപ്പററി ഗവണ്മെന്റ് അന്വേഷിക്കേണ്ടതാണെന്നാണ് എനിക്കു് അഭ്യർത്ഥിക്കുവാനുള്ളതു്. ഈ രാജ്യത്തെ വൻകിട വ്യവസായങ്ങൾ സ്ഥാപിക്കാൻ എറണാകുളംമുതൽ തെക്കോട്ടുള്ള പ്രദേശങ്ങളിൽ സാദ്ധ്യമല്ലെന്നു വരുന്നതു് ഈ സ്ഥലത്തുകൂടി പോകുന്ന റയിൽവേ മീററർഗേജ് ആക്കിയതാണ്. ഇങ്ങനെ മീററർഗേജാക്കാൻ ആരും ആവശ്യപ്പെട്ടില്ല. സെൻട്രൽ ഗവണ്മെന്റിൽ ആവശ്യമായ സമ്മർദ്ദം ഈ ഗവണ്മെന്റ് ചെലുത്തിയോ എന്നറിഞ്ഞുകൂടാ. ഏതായാലും എറണാകുളം, കൊല്ലം, തിരുവനന്തപുരം റെയിൽവേ ബ്രോഡ്ഗേജായി പുനർ നിർമ്മിക്കുന്നതിനാവശ്യമായ സമ്മർദ്ദം ഈ ഗവണ്മെന്റിൽനിന്നും ചെലുത്തി ഈ പ്രദേശത്തെ വ്യാവസായിക നിലയെ മെച്ചപ്പെടുത്തണമെന്ന് ഞാൻ ഗവണ്മെന്റിനോട്ട് അഭ്യർത്ഥിക്കുകയാണ്.

ഇനി എനിക്കു പറയുവാനുള്ളതു് എന്റെ നിയോജകമണ്ഡലത്തിലെ ചില ആവശ്യങ്ങളെപ്പററിയാണ്. ഈ അടുത്ത കാലത്തു്, വളരെയധികം ട്രാഫിക് ഉണ്ടായിരുന്ന തിരുവല്ല–കോഴഞ്ചേരി റോഡിൽ ഒരു ലോറി ഡ്രൈവറുടെ അനാസ്ഥമൂലം അവിടെയുണ്ടായിരുന്ന പ്രധാനപ്പെട്ട പാലം

LIBRARY ARCHIVES Kerala Legislative Assembly

തകർന്നുപോയി. അതിനെപ്പററി ഈ നിയമസഭയിൽ റൂൾ 61 അനുസരിച്ചു് പ്രസ്താവനചെയ്തപ്പോൾ ഉടൻതന്നെ പാലം പുതുക്കിപ്പണിയാമെന്നും അതുവരെ ഗതാഗതം മുടങ്ങാതിരിക്കാൻ വേറെ എവിടേയോ നിന്നു് ഒരു പാലം കൊണ്ടു വന്നുവച്ചു് അതു് ശരിയാക്കാമെന്നും ഉറപ്പുനൽകിയിരുന്നു. എന്നാൽ ഇതുവരെ നടപടി ഒന്നും നടത്തിയിട്ടില്ല. കാലവർഷം ആരംഭിക്കുന്നതിനു് മൂന്നു മാസമേയുള്ളു. അതു് ആരംഭിക്കുന്നതിനുമുമ്പു് ഈ പാലം ശരിയാക്കുന്നതിനും പുതിയപാലം പണി ആരംഭിക്കുന്നതിനും മരാമത്തുവകുപ്പുമന്ത്രി സത്വരം ശ്രദ്ധിക്കണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്.

അതുപോലെതന്നെ ബഡ്ജററിൽ 61–62–ലേക്കും, 62–63–ലേക്കും വകയിരുത്തിയിട്ടുള്ള പല പണികളും എമർജൻസിയുടെ പേരിൽ ഇന്നു് ഉപേക്ഷിച്ചിരിക്കുകയാണു്. അക്കൂട്ടത്തിൽ ചക്രവാളക്കടവു് കോട്ടപാലം ഇവയുള്ള എസ്റ്റിമേററും സാംഗ്ഷനും കഴിഞ്ഞതാണു്. അതുപോലെതന്നെ എഴവേറൂർ–ത്തുണ്ടിൽക്കടവു് റോഡു്, കുന്നന്താനം–കുന്നൽവേങ്ങൽ റോഡു് ഇവയും എമർജൻസിയുടെ പേരിൽ നിറുത്തിവച്ചിരിക്കുകയാണു്. ഈ റോഡുകളുടേയും പാലങ്ങളുടേയും കാര്യത്തിൽ ഗവണ്മെൻറു് വേണ്ട ശ്രദ്ധ പതിപ്പിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. അതുപോലെതന്നെ തിരുവല്ലാ ടൗൺ ഒരു പഴയ ടൗൺ ആണു്, അതു് വികസിപ്പിക്കാനുള്ള യാതൊരു സാദ്ധ്യതകളും ഇല്ല. അവിടെ ശുദ്ധജലം കിട്ടാൻ യാതൊരു സൗകര്യവുമില്ല. ചെയർമാനുതന്നെ ആ സ്ഥലത്തേക്കുപോകുന്ന അവസരത്തിൽ ഒരുകപ്പു കാപ്പി കുടിക്കാൻ നല്ല മനസ്സു് തോന്നുകയില്ല. കാരണം അവിടെ ശുദ്ധജലത്തിനുള്ള യാതൊരു സൗകര്യവുമില്ല എന്നുള്ളതാണു്. ശുദ്ധജലവിതരണത്തിനു് ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നു് ഇവിടെ ഒരു ചോദ്യത്തിനു് ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി തിരുവല്ലായേയും ചങ്ങനാശ്ശേരി പട്ടണത്തേയും ഉദ്ദേശിച്ചു് ഒരു പദ്ധതിയുണ്ടു്. അതു് എത്രയും വേഗം നടപ്പിലാക്കാൻ ഗവണ്മെൻറു് ശ്രദ്ധിക്കണം. അതുപോലെതന്നെ തിരുവല്ലാ ടൗണിൻെറ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടിയുള്ള തിരുവല്ലാ മാർക്കററു കനാലിൻെറ ഒന്നാമത്തെ ഘട്ടം തുടങ്ങാതെ രണ്ടാമത്തെ ഘട്ടത്തിൻെറ പണി തീർത്തിരിക്കുകയാണു്. ഈ രണ്ടു ഘട്ടത്തിൻേറയും പണി വേഗം പൂർത്തിയാക്കാൻ അഭ്യർത്ഥിച്ചുകൊണ്ടും ഈ ബഡ്ജററിനു് ആത്മാർത്ഥമായ പിൻതുണനൽകിക്കൊണ്ടും ഞാൻ എൻെറ വാക്കുകളെ ചുരുക്കുന്നു.

10 a. m.] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഈ ബഡ്ജററിനെ ഞാൻ എതിർക്കുകയാണു്. ഈ ബഡ്ജററിൽ സാമൂഹ്യക്ഷേമപരമായ, ജനാധിപത്യ സോഷ്യലിസത്തിൽ അധിഷ്ഠിതമായ പല കാര്യങ്ങളുമുണ്ടെന്നു് ആ ഭാഗത്തുള്ള മെംബറന്മാർ എടുത്തെടുത്തു പറയുകയുണ്ടായി. സാമൂഹ്യക്ഷേമപരമായ കാര്യങ്ങൾ പ്രത്യേകിച്ചും വാർദ്ധക്യകാല പെൻഷൻ തുടങ്ങിയ കാര്യങ്ങൾ പുത്തനായി ഇപ്പോൾ തുടങ്ങുന്നതല്ല, ഒന്നുരണ്ടുകൊല്ലങ്ങൾക്കുമുമ്പു് തുടങ്ങിയതാണു്. അതിനെ ഞാൻ സ്വാഗതംചെയ്യുന്നു. എന്നാൽ കുറെ പണം വാരിയെറിഞ്ഞതു കൊണ്ടുമാത്രം സോഷ്യലിസമാകുമെന്നു് എനിക്കു് തോന്നുന്നില്ല. സോഷ്യലിസം എന്നുള്ളതിൻെറ അടിസ്ഥാന തത്വം ഉൽപ്പാദനോപകരണങ്ങൾ ഗവണ്മെൻറിൻെറ ഉടമയിൽ കൊണ്ടുവന്നു് എല്ലാവർക്കും അദ്ധ്വാനിക്കുന്നതിനും ജീവിക്കുന്നതിനും ഉള്ള സൗകര്യം നൽകുകയെന്നുള്ളതാണു്. അല്ലാതെ 65 വയസ്സിനു മുകളിലുള്ളവർക്കു 15 രൂപവീതം കൊടുത്തതുകൊണ്ടുമാത്രം ആയില്ല. അങ്ങിനെ ചെയ്തതു് സോഷ്യലിസം നടപ്പിൽ വരുത്തുകയാണെന്നു പറയാൻ നിവൃത്തിയില്ല. വാർദ്ധക്യകാലപെൻഷൻ കൊടുക്കുന്നതിനെ എതിർത്തല്ലാ ഞാൻ പറയുന്നതു്. ഇതു് സോഷ്യലിസമാണെങ്കിൽ കുറേക്കൂടി വലിയ സോഷ്യലിസമാണു് മദ്രാസിൽ വരുത്തിയിട്ടുള്ളതു് എന്നു പറയാം. അവിടെ വാർദ്ധക്യകാല പെൻഷൻെറ പ്രായപരിധി 60 ആയി കുറച്ചിരിക്കുകയാണു്. സോഷ്യലിസം നടപ്പിൽ വരുത്താൻ ജനങ്ങൾക്കു വേണ്ടുന്ന എല്ലാ കാര്യങ്ങളും വഴിക്കുവഴിയായി നടപ്പിൽവരുത്തുകയാണു വേണ്ടതു്. ശ്രീ. എം. നാരായണക്കുറുപ്പു് ഇന്നലെ പ്രസംഗിച്ചപ്പോൾ ഇവിടെ സോഷ്യലിസം നടപ്പിൽവരുത്താൻ സാദ്ധ്യമല്ലെന്നും, വികസനപദ്ധതികൾ നടപ്പിൽ വരുത്താനും, സാമൂഹികമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും മാത്രമേ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ]

എന്നും പറയുകയുണ്ടായി. അങ്ങനെയൊക്കെയാണെങ്കിലും കുററ്യാടി പദ്ധതി മന്ദഗതിയിലാണെന്നും, ബാലുശേരി ക്ലൂരാച്ച്കുണ്ട് റോഡിന്റെ പണി മന്ദഗതിയിലാണെന്നും അദ്ദേഹം പറയാതെയിരുന്നില്ല. അദ്ദേഹത്തെപ്പോലെ ഇപ്പോൾ സംസാരിച്ച ശ്രീ. ചാക്കോ ഉൾപ്പെടെ ആ ഭാഗത്തുള്ളവർ ബഡ്ജററിനെ അനുകൂലിച്ചുകൊണ്ട് അവരവരുടെ നിയോജകമണ്ഡലങ്ങളിൽ മേൽപ്പറഞ്ഞതരം കാര്യങ്ങൾ നടന്നിട്ടില്ലെന്നു പറയുകയുണ്ടായി. ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററ് മുൻ കൊല്ലങ്ങളിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററുകളുടെ തുടർച്ചയായി വന്നതാണ്. ഇതു് ഈ ഗവണ്മെൻറ് അവതരിപ്പിച്ച 5-ാമത്തെ കൊല്ലത്തെ ബഡ്ജററാണ്. കഴിഞ്ഞ നാലു കൊല്ലക്കാലം ഈ ഗവണ്മെൻറ് എന്തു ചെയ്തു എന്നാണ് ഈ അവസരത്തിൽ നോക്കേണ്ടതു്, മലബാർ ഭാഗത്തുനിന്നും വന്ന മെംബറന്മാർ എല്ലാംതന്നെ അവിടെയുള്ള പ്രൈവററ് ഫാറസ്ററു ദേശസാൽക്കരിക്കണമെന്നു ആവശ്യപ്പെട്ടിട്ട് കാലം കുറെയായി, ഒന്നാം പഞ്ചവത്സരപദ്ധതിയിൽ 1,38,24.000 ക്രൂപ ഇതിലേക്കു നീക്കിവച്ചു. അതിൽ പകുതി ചെലവാക്കി. 2-ാം പദ്ധതിയിൽ 229 ലക്ഷം ക്രൂപ നീക്കിവച്ചു. അവസാനം പറഞ്ഞു, അതിനുവേണ്ടി ലെജിസ്ലേഷൻ ഉണ്ടാക്കാത്തതുകൊണ്ട് ഒന്നും ചെയ്യാൻ സാധിച്ചില്ലെന്ന്. ലെജിസ്ലേഷൻ ഉണ്ടാക്കേണ്ടതു് ഗവണ്മെൻറല്ലേ ? അതു ചെയ്യാതെ ലെജിസ്ലേഷന്റെ പേരും പറഞ്ഞു് കാലം കഴിച്ചതു ശരിയാണോ ? കേരളത്തിലെ ഭൂപ്രദേശത്തിന്റെ 27 ശതമാനത്തോളം വരുന്ന വനത്തിന്റെ കാര്യത്തിൽ ഒരു അലസമനോഭാവമാണ് ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതു്. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ലക്ഷക്കണക്കിനു ക്രൂപ നീക്കിവച്ചിട്ടും ഒരു തുണ്ട് വനംപോലും എടുക്കാൻ ഗവണ്മെൻറിനു സാധിച്ചില്ല. കീരിത്തോട്ട് സംഭവവും ഒഴിപ്പിക്കൽ പ്രശ്നവുമെല്ലാം ഇവിടെ ചർച്ചാവിഷയമായിട്ടുണ്ട്. കമ്മ്യൂണിസ്ററു ഗവണ്മെൻറ് അധികാരത്തിലിരുന്നപ്പോൾ 1957-വരെ കൈയേറിയിട്ടുള്ളവക്ക് ആ സ്ഥലം വിട്ടുകൊടുക്കാൻ ആർഡറായി. ഈ ഗവണ്മെൻറു വന്നപ്പോൾ 1960 വരെയുള്ളതു് വിട്ടുകൊടുക്കാൻ ആർഡറായി. ഇനി വരുന്ന മന്ത്രിസഭയും അതുവരെയുള്ള കൈയേററങ്ങൾ വിട്ടുകൊടുക്കാൻ പറഞ്ഞേക്കും. ഈ ഏർപ്പാട് വളരെ വേദനാജനകമാണ്, നമ്മുടെ രാജ്യത്തെ ഭൂസ്വത്തു് ആരുടെയെങ്കിലും കുത്തകയാക്കിവയ്ക്കുന്ന നിലപാട് അവസാനിപ്പിക്കണം. അതേയവസരത്തിൽ കൈയേറിയവരെ ഇറക്കുന്ന സന്ദർഭത്തിൽ അന്യായമായി മർദ്ദനങ്ങൾ നടത്തുന്നതു് ശരിയല്ല. കൊലപാതകപ്പുള്ളിയെ അറസ്ററുചെയ്യാൽപ്പോലും മർദ്ദിക്കാൻ പാടില്ലെന്നാണ വ്യവസ്ഥ. ആ നിലയിൽ കീരിത്തോട്ടഭാഗത്തു് അന്യായമായി മർദ്ദനം നടന്നിട്ടുണ്ടോ എന്നു് അന്വേഷിച്ചു് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം ഈ രാജ്യത്തു് വനം കൈയേറിയവരെ ഒഴിപ്പിക്കുന്നതിനും മേലാൽ വനം കൈയേറുന്ന ഏർപ്പാട് അവസാനിപ്പിക്കാനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. അതിനു സാധിക്കുന്നില്ലെങ്കിൽ മുഖ്യമന്ത്രി രാജിവച്ചു പോകണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അന്യായമായി പോലീസ് അക്രമം നടത്തിയിട്ടുണ്ടെങ്കിൽഅതിന്മേൽ നടപടിയെടുക്കണമെന്നും ന്യായമായി കൈയേററക്കാരെ ഒഴിപ്പിക്കണമെന്നുമുള്ള അഭിപ്രായക്കാരനാണ ഞാൻ.

അടുത്തതായി, അർബൻ വാട്ടർസപ്ലൈ സംബന്ധിച്ചാണ് എനിക്കു ചിലതു പറയുവാനുള്ളതു്. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ കോഴിക്കോട്ടു പട്ടണത്തിൽ ഇതിലേക്കായി 1,77,000 ക്രൂപ നീക്കിവച്ചിട്ട് 35,000 ക്രൂപയാണ് ഇതുവരെ ചെലവുചെയ്തിട്ടുള്ളതു്. ഇതുകൊണ്ട് എന്തു സാധിച്ചുവെന്ന് എനിക്കു നിശ്ചയമില്ല. തലശ്ശേരിയിൽ 1,30,000 ക്രൂപ കഴിഞ്ഞ 3 കൊല്ലംകൊണ്ട് നീക്കിവച്ചിട്ട് ഏകദേശം 5,000 ക്രൂപയാണ ചെലവാക്കിയിട്ടുള്ളതു്. അതുപോലെതന്നെ കണ്ണൂരിൽ 1,38,000 ക്രൂപ നീക്കിവച്ചിട്ട് വെറും 44 ക്രൂപ മാത്രമാണ ചെലവാക്കിയിട്ടുള്ളതു്. മന്ത്രി പറയുമായിരിക്കും ഞാൻ പറഞ്ഞ കണക്കുകൾ തെററാണെന്ന്. ദയവായി ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരോട് അന്വേഷിച്ചാൽ കാര്യം മനസ്സിലാകും. ഈ നിലയിലാണ വികസനപ്രവർത്തനങ്ങളുടെ പുരോഗതി.

LIBRARY ARCHIVES Kerala Legislative Assembly

മലബാർ ഭാഗത്തു 27-ഓളം കാളേജുകൾ കൊടുത്തു. മതത്തിന്റെയും ജാതിയുടേയും പേരിൽ കൊടുക്കുന്ന ഈ ഏർപ്പാടിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. നാം സ്വാതന്ത്ര്യസമരകാലത്തു് ഇൻഡ്യാക്കാരാണെന്നു മുമ്പ് പറഞ്ഞുവന്നതുപോയി പഞ്ചാബുകാരനെന്നും, മദ്രാസുകാരനെന്നും മററുമായി കേരളത്തിൽ വന്നപ്പോൾ തിരുവിതാംകൂർകാർ, കൊച്ചിക്കാർ, മലബാർകാർ എന്നായി. അതുംപോയി ഇപ്പോൾ നായർ, ഈഴവർ, ക്രിസ്ത്യൻ തുടങ്ങിയുള്ള ജാതിയുടേയും മതത്തിന്റേയും പേരിലാണ് ഇത്തരം കാര്യങ്ങൾ നടത്തുന്നതു്. ഇങ്ങനെ ജാതിയുടേയും മതത്തിന്റേയും അടിസ്ഥാനത്തിൽ കാളേജുകൾ കൊടുക്കുന്നതു ഈ രാജ്യത്തിന്റെ ഒരു ആപത്സൂചനയായിവേണം കരുതാൻ.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കാളേജുകൾ കൊടുക്കുന്നതു് ഈ ഗവണ്മെന്റാണോ യൂണിവേഴ്സിററിയാണോ ?

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഈ ഗവണ്മെന്റ് അറിയാതെ യൂണിവേഴ്സിററി ഒന്നും കൊടുക്കുകയില്ല. ഈ ഗവണ്മെന്റ് അറിയുമെന്നാണ് എന്റെ വിശ്വാസം.

ഇനി പദ്ധതികളെപ്പററി പറയുകയാണെങ്കിൽ, കോഴിക്കോട്ടുജില്ലയിലുള്ള കുററ്യാടി പദ്ധതിയുടെ പ്രവർത്തനം വളരെ മന്ദഗതിയിലാണ്. നേരെ മറിച്ച് ഈ ഭാഗത്തുള്ള പമ്പാ പദ്ധതിയിലൊന്നും ആ മന്ദഗതി കാണുന്നില്ല. ഇവിടെയുള്ള ഇറിഗേഷൻ പദ്ധതികൾ വളരെ വേഗത്തിൽ നടത്തുന്നുണ്ട്. രണ്ടു പഞ്ചവത്സരപദ്ധതി കഴിഞ്ഞിട്ടും, മലബാർഭാഗത്തുള്ള ഒരൊററ പദ്ധതിയും പൂർത്തിയാക്കിയിട്ടില്ലെന്നു ഞാൻ ഗവണ്മെന്റിനെ കുററപ്പെടുത്തുകയാണ്.

ഈയിടെ നൂറോളം സ്പോർട്സ്മാന്മാരെ സ്കാളർഷിപ്പ് കൊടുക്കുന്നതിനായി തിരഞ്ഞെടുത്തു. ആ കൂട്ടത്തിൽ മലബാർ ഭാഗത്തുനിന്നു ഒരൊററ കുട്ടിയെയെങ്കിലും എടുക്കാത്തതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഇതു കാണുമ്പോൾ ഈ ഗവണ്മെന്റ് കേരളാടിസ്ഥാനത്തിലാണോ ഈ തിരഞ്ഞെടുപ്പു നടത്തിയതെന്നു ചോദിച്ചുപോകും. ഞാൻ പ്രത്യേകമായി മലബാറുകാരുടെ കാര്യം പറയുകയല്ല. ബാക്കുവേഡായി നിൽക്കുന്ന മലബാർഭാഗത്തുനിന്നു സ്കാളർഷിപ്പ് കൊടുക്കുന്നതിനു സ്പോർട്സ് മാന്മാരെ തിരഞ്ഞെടുത്തപ്പോൾ, ഒരൊററക്കുട്ടിയും ഉൾപ്പെടാതിരുന്നതിന്റെ കാരണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. സംസ്ഥാന ദേശീയ കായികമത്സരത്തിൽ പങ്കെടുക്കാൻ തിരഞ്ഞെടുപ്പു നടത്തിയതിൽ എറണാകുളത്തിനപ്പുറത്തുള്ള ഒരൊററ കുട്ടിയും ഇല്ല. ഇത്തരം നടപടികളാണു ഗവണ്മെന്റ് സ്വീകരിച്ചു കാണുന്നതു്. ഈ നിലയിൽ ഈ ബഡ്ജററിനെ എതിർക്കാതിരിക്കാൻ നിവ്വാഹമില്ല. ബഡ്ജററുപ്രസംഗം നന്നായിരുന്നാൽമാത്രം പോര. ഓരോ കൊല്ലത്തിലേയും പ്രവർത്തനങ്ങൾ എങ്ങനെ നടന്നുവെന്നാണ് നോക്കേണ്ടതു്.

അവസാനമായി ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. പോലീസ് അക്രമങ്ങളെപ്പററി പലഭാഗത്തുനിന്നും പറയുകയുണ്ടായി. ഒരൊററക്കാര്യം ഉദാഹരണത്തിനു് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാസർകോട്ടുഭാഗത്തു് ഒരു പെൺകുട്ടിയെ രണ്ടുമൂന്നാളുകൾകൂടി ബലാൽസംഗംചെയ്തു് അവസാനം ആ കുട്ടി മരിച്ചപ്പോൾ ശവം ഒരു കിണററിൽ ഇട്ടു. അതിനെപ്പററി അന്വേഷണം നടത്തുന്നതിലേക്കു് നാട്ടുകാർ പരിശ്രമിച്ചതിന്റെ ഫലമായി പോലീസ് ഒരന്വേഷണം നടത്തുകയും അവർ എങ്ങനെയോ മരിച്ചതാണെന്നു പറഞ്ഞു ആ കാര്യം അവസാനിപ്പിക്കുകയും ചെയ്തു. അതിനുശേഷം ജനങ്ങൾ ശക്തിമത്തായി ഒരന്വേഷണം വീണ്ടും നടത്തുന്നതിലേക്കു് പരിശ്രമിച്ചപ്പോൾ സി. ഐ. ഡി. ഉദ്യോഗസ്ഥന്മാർ അന്വേഷണം നടത്തുകയും സത്യാവസ്ഥ കണ്ടുപിടിക്കുകയും ചെയ്തു. പോലീസുകാർ കൈക്കൂലിക്കും സ്വാധീനത്തിനും വഴിപ്പെട്ടു കൊലപാതകക്കേസുകൾ ഇല്ലാതാക്കുകയാണ്. പുതുതായി പോലീസ് വകുപ്പിന്റെ ചുമതലവഹിക്കുന്ന മുഖ്യമന്ത്രി പോലീസുകാരെ

[ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ]

ഇത്തരം അക്രമങ്ങളെപ്പററി ന്യായമായ അന്വേഷണം നടത്തി അക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കീരിത്തോട്ട് ഭാഗത്തുള്ള കുടിയിറക്ക് ന്യായമായ രീതിയിൽ നടത്തണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പി. ഗോപാലൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശങ്കർ അവർകൾക്ക ഇവിടെ അവതരിപ്പിച്ച ഈ 5-ാമത്തെ ബഡ്ജററു അവതരിപ്പിക്കാൻ സാധിച്ചതു് ചാരിതാർത്ഥ്യ ജനകമാണു്. പലക്കും വളരെ അശുഭ പ്രതീക്ഷ ഉണ്ടായിരുന്നെങ്കിലും, അവരെ നിരാശപ്പെടുത്തിക്കൊണ്ടു് അദ്ദേഹത്തിനു ഈ നേട്ടം കൈവരിക്കാൻ സാധിച്ചു എന്നുള്ള കാര്യം അനുസ്മരിപ്പിച്ചുകൊള്ളട്ടെ. ഞാൻ ഒരു കാര്യം ഉറപ്പിച്ചു പറയാൻ ആഗ്രഹിക്കുന്നു. ഒരു സോഷ്യലിസ്റ്റ് സമ്പത് വ്യവസ്ഥയിലേക്കുള്ള ഇൻഡ്യയുടെ പ്രയാണത്തെ കാണിക്കുന്ന കാര്യങ്ങളാണു് ഈ സ്റ്റേററു് ഗവണ്മെൻറു കൊണ്ടുവന്നിട്ടുള്ള ബഡ്ജററിൽ അടങ്ങിയിരിക്കുന്നതു്. ഈ ബഡ്ജററിനെ ഒന്നു പ്രത്യേകമായി കണക്കിലെടുക്കാൻ നിവൃത്തിയില്ല. ഇൻഡ്യയുടെ ആകെയുള്ള പുരോഗതിയും പരിവർത്തനവുമെല്ലാം കണക്കിലെടുത്തുകൊണ്ടുവേണം ഈ ബഡ്ജററിനെ വീക്ഷിക്കേണ്ടതു്. ഈ ആണ്ടത്തെ ബഡ്ജററു് എന്നു പറയുന്നതു് മറെറാരു നാലാണ്ടത്തെ പ്രവർത്തനങ്ങളുടെ തുടർച്ചയാണെന്ന വസ്തുത നാം വിസ്മരിക്കരുതു്. അങ്ങനെ വരുമ്പോൾ സമാധാനപരമായ മാർഗ്ഗത്തിൽക്കൂടി ഈ രാജ്യത്തെ സമ്പത്സമൃദ്ധമാക്കാനും തദ്വാരാ സോഷ്യലിസമെന്ന ലക്ഷ്യം കൈവരുത്താനും സഹായിക്കുന്ന ബഡ്ജററാണിതെന്നു പറഞ്ഞുകൊള്ളട്ടെ. പലരും ചോദിച്ചു, എന്താണു് സോഷ്യലിസമെന്നു്. എല്ലാം നാഷനലൈസ് ചെയ്യുക എന്നുള്ളതാണു് പ്രാഥമികമായി പറയുന്നതു്. നാഷനലൈസേഷൻ അതിൻെറ ഒരു ഭാഗമാണെന്നേ ഞാൻ പറയുകയുള്ളൂ. അതിൻെറ അടിസ്ഥാനം ഈ രാജ്യത്തു് വിഭവങ്ങൾ വർദ്ധിപ്പിക്കുക എന്നുള്ളതാണെന്ന കാര്യം വിസ്മരിക്കാൻ പാടില്ല. അതു വിസ്മരിച്ചാൽ നാം ദാരിദ്ര്യം പങ്കുവെയ്ക്കുകയാണു് ചെയ്യുന്നതു്. ഈ രാജ്യത്തു വിഭവങ്ങൾ വർദ്ധിപ്പിക്കുകയും അവ പങ്കുവെയ്ക്കുകയും ചെയ്യുന്ന ഒരു ലക്ഷ്യം നിറവേറണമെങ്കിൽ തീർച്ചയായും അടിസ്ഥാനപരമായി സോഷ്യലിസത്തിൻെറ ഘടകം ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക എന്നുള്ളതാണു്. കേരളത്തിലെ ഈ കഴിഞ്ഞ നാലഞ്ചാണ്ടുകളിലെ പ്രായസങ്ങൾ കണക്കിലെടുത്താൽ അസൂയാർഹമായ വിധത്തിൽ വിദേശീയരുടെ പോലും പ്രശംസയ്ക്കു പാത്രമാകത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ടുപോയിട്ടുണ്ടെന്നു കാണാം. ആ നിലയിൽ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ മുഖ്യമന്ത്രി കാണിച്ചിട്ടുള്ള ആത്മസ്ഥൈര്യത്തെ എത്ര പ്രശംസിച്ചാലും മതിയാകുകയില്ല. തീർച്ചയായും ഈ സംപ്രദായത്തെ സംബന്ധിച്ചു പ്രതിപക്ഷത്തിരിക്കുന്ന എൻെറ സ്നേഹിതന്മാർക്കു് സംശയം തോന്നുന്നതു് സ്വാഭാവികമാണു സാർ, കമ്മ്യൂണിസ്റ്റ് ചിന്താഗതിക്കാരായിട്ടുള്ളവർ ഈ കമ്മ്യൂണിസ്റ്റ് ലക്ഷ്യം സാധിക്കുന്നതിനു് സമാധാനപരമായ മാർഗ്ഗത്തിൽ കൂടി, അല്ലെങ്കിൽ വ്യവസ്ഥിതിയിൽ കൂടി, ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽക്കൂടി അവരുടെ ലക്ഷ്യത്തിലെത്താൻ ഒക്കുമോ എന്നു സംശയിക്കുന്നവരാണു്. അവർ ഒട്ടുംതന്നെ ആ വിശ്വാസ പ്രമാണത്തിൽ വിശ്വസിക്കുന്നില്ല. മറിച്ചു ഈ രാജ്യം ഒരു സായുധ വിപ്ലവത്തിൽക്കൂടി മാത്രമെ ഒരു സോഷ്യലിസ്ററ് വ്യവസ്ഥിതി കണ്ടെത്താൻ സാദ്ധ്യമാകുകയുള്ളൂ എന്നുള്ള വിശ്വാസപ്രമാണത്തിൽ അടിയുറച്ചു നിൽക്കുന്നവരാണവർ.

എന്നാൽ ഒരു അനുഭവപാഠം എന്ന നിലയിൽ ഇൻഡ്യയുടെ ലക്ഷ്യം ഉദ്ദേശിച്ചമാതിരി വിജയിച്ചില്ലാ എങ്കിൽത്തന്നെയും ഇൻഡ്യയുടെ ഇതുവരെയുള്ള അസൂയാർഹമായ നേട്ടം രാഷ്ട്രീയ സ്വാതന്ത്ര്യം ഉൾപ്പെടെ കണ്ടിട്ടു് എങ്കിലും അവർ അതു സമ്മതിക്കേണ്ടതായിരുന്നു. എന്നാൽ ചിലർ അവരുടെ കൂട്ടത്തിൽനിന്നും ആ അഭിപ്രായഗതിയിലേക്കു് മാറിവരുന്നുണ്ടു്. ഇൻഡ്യ ഇന്നു കാണിച്ചുകൊടുത്തിട്ടുള്ളപാഠം സോവിയററു റഷ്യക്കുപോലും മാതൃകാപാഠമാണെന്നുള്ള തരത്തിൽ വിദേശ നയത്തിൻെറ കാര്യത്തിലായാലും, ആഭ്യന്തര നയത്തിൻെറ കാര്യത്തിലായാലും ആകെ ചില മാററങ്ങൾ വരുത്താൻ ശ്രമിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു വിഭാഗത്തിനെങ്കിലും അതു മൂലം കണ്ണു തുറക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളതും ആശ്വാസജനകമാണ്. എങ്കിലും അവരുടെ ആ വിശ്വാസ പ്രമാണത്തിൽനിന്നും മാറിനിൽക്കാൻ അവരുടെ യാഥാസ്ഥിതിക മനോഭാവം മൂലം സാധിക്കുന്നില്ല. അവരുടെ ആ വിശ്വാസങ്ങളിൽനിന്നും അവരെ പിൻതിരിപ്പിക്കുന്നതിനുകൂടി സഹായകമാകത്തക്ക തരത്തിലാണ് കാൺഗ്രസ് ഭുവനേശ്വരത്തുവച്ചു പാസ്സാക്കിയിട്ടുള്ള പ്രമേയം. സോഷ്യലിസത്തെ സംബന്ധിച്ചിടത്തോളം അവർക്കു ആത്മാർത്ഥമായ വിശ്വാസമാണ് ഉള്ളതെങ്കിൽ ആ ലക്ഷ്യമാണ് സ്വീകാര്യമെന്നു തോന്നുന്നു എന്നുവരികിൽ ഭുവനേശ്വരത്തുവച്ചുകൂടിയ കാൺഗ്രസ്സമ്മേളനത്തിൽ കാൺഗ്രസ് അദ്ധ്യക്ഷൻ ശ്രീ. കാമരാജനാടാർ സോഷ്യലിസ്റ്റ് വിശ്വാസികൾ ഒന്നിച്ചു നിൽക്കണമെന്ന് പറഞ്ഞിട്ടുള്ള കാ ര്യ ങ്ങ ളും സ്മരിക്കേണ്ടതാണ്. ആത്മാർത്ഥതയുള്ള സോഷ്യലിസ്റ്റുകൾ ഭിന്നതകൾ വിസ്മരിച്ച് കാൺഗ്രസിൽനിന്നു ഒത്തു പ്രവർത്തിച്ച് കാൺഗ്രസ് അണികളെ ശക്തിപ്പെടുത്തണം എന്നുള്ളതാണ്. അക്കാര്യം നാം വളരെ കാര്യമായി ആലോചിക്കേണ്ടതാണ്. അവർ ആ മാതിരി ചിന്തിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

മറെറാരു കാര്യം, നമ്മെ സംബന്ധിച്ചിടത്തോളം വ്യാവസായികരംഗത്തു നമുക്കുണ്ടായ പുരോഗതി കണക്കിലെടുക്കാതെയിരിക്കുന്നതു ശരിയല്ല. എന്നിരുന്നാലും പല രംഗങ്ങളിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. വീഴ്ചകളെപ്പററി പറയുമ്പോൾ ഉണ്ടായിട്ടുള്ള നേട്ടങ്ങളും കണക്കിലെടുക്കണം. 1960–61–ലും എല്ലാംതന്നെ നമ്മുടെ രാജ്യത്തെ ഒരു പ്രധാന തൊഴിലാളി വിഭാഗമായ കൈത്തറി വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സ്ഥിതി എന്തായിരുന്നു? നമ്മുടെ ഹാൻഡ്ലൂം വ്യവസായത്തിന്റെ സ്ഥിതി എന്തായിരുന്നു? ഈ നാട്ടിലെ കൈത്തറി വ്യവസായത്തിന്റെ പുരോഗതിക്കുവേണ്ടി ഒരു അപ്പെക്സ് സൊസൈററിയുണ്ടാക്കിയതുതന്നെ ഒരു നേട്ടമായിരുന്നു എന്നുള്ളതു കണക്കുകൾകൊണ്ടു തെളിയിച്ച ഒരു വസ്തുതയാണ്. ഞാൻ യന്ത്രവ്യവസായങ്ങളെപ്പററി പറയുന്നില്ല. യന്ത്രവ്യവസായങ്ങൾ ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കു ആവശ്യമാണെന്നുവരികിലും നമ്മുടെ രാജ്യത്തെ ജനസാന്ദ്രതയെ കണക്കിലെടുക്കുമ്പോൾ കൈത്തറി, കയർ തുടങ്ങിയ വ്യവസായങ്ങൾക്കു കൂടുതൽ പരിഗണന ആവശ്യമാണ്. അതു മനസ്സിലാക്കികൊണ്ടുതന്നെ ഈ ഗവണ്മെൻറു യഥായോഗ്യം പെരുമാറി വരുകയാണെന്നുള്ളതു് ഒരു വസ്തുതയാണ്.

അതുപോലെതന്നെ ഇവിടെ ചെസ്ററു ക്യാൻസറിനെപ്പററിയും ലിവർ ക്യാൻസറിനെപ്പററിയും എല്ലാം പരാമർശങ്ങൾ ഇതിനുമുമ്പുണ്ടായിട്ടുണ്ട്. എന്നാൽ ഏററവും ഭീകരമായ മെൻറൽ ക്യാൻസറിനെപ്പററി അതായതു് മദ്യപാനാസക്തിയെപ്പററി ഇവിടെ ഗൌരവപൂർവം ചിന്തിക്കേണ്ടതു് അത്യാവശ്യമായി തീർന്നിരിക്കുന്നു. മദ്യപാനാസക്തി നൽകുന്ന ഈ മെൻറൽ ക്യാൻസർ തടയുന്നതിനു ഇന്നു ഇൻഡ്യയിൽ ഏതാനും സ്ഥലങ്ങളിൽമാത്രം പ്രൊഹിബിഷൻ നടപ്പിൽ വരുത്തിയതുകൊണ്ടു പ്രയോജനപ്പെടുകയില്ല. എന്നാൽ ചില സ്ഥലങ്ങളിൽ ആ നയത്തിനു അല്പം അയവുവരുത്താനുള്ള നടപടിയും സ്വീകരിച്ചു വരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. മദ്യനിരോധനം നടപ്പാക്കിയതിന്റെ ഫലമായി പാവപ്പെട്ട ജനങ്ങൾക്കു് നേട്ടമുണ്ടായിട്ടുണ്ട്. ആ നടപടി കൂടുതൽ വ്യാപകമാക്കേണ്ടതായിരുന്നു എന്നാണെന്റെ അഭിപ്രായം. എങ്കിലും ചിലർ, പ്രതിപക്ഷത്തിരിക്കുന്ന ചിലരും പ്രൊഹിബിഷൻ എടുത്തുകളയണമെന്നുള്ള പക്ഷക്കാരായി കാണുന്നതിൽ ഞാൻ ഖേദിക്കുന്നു. ഇതിന്റെ പ്രാധാന്യത്തെപ്പററി അവരും ഗൗരവമായി വീക്ഷിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയോടുതന്നെ ഞാൻ ചോദിക്കുകയാണ്, മദ്യനിരോധനം എടുത്തുകളയുകയാണെന്നുണ്ടെങ്കിൽ ഈ ജനസമൂഹത്തിന്റെ മാനസികമായ വളർച്ചയെ അതു സാരമായി ബാധിക്കുകയില്ലേ എന്ന്. അതല്ലു്, ജനസമുദായത്തിനുണ്ടാകാനിടയുള്ള മെൻറൽ ക്യാൻസറിനെ ഒഴിവാക്കുന്നതിനുവേണ്ടിയെങ്കിലും മദ്യനിരോധന നയം രാജ്യംമുഴുവൻ വ്യാപിപ്പിക്കണമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ചിലർ ഇവിടെ പറയുകയുണ്ടായി മദ്യനിരോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ഗോപാലൻ]

ധനം കൂടുതലായി വ്യാപിപ്പിക്കുകയാണെങ്കിൽ നികുതി വർദ്ധിപ്പിക്കേണ്ടതായിവരും എന്നു്. ഇവിടെ പാവപ്പെട്ട ആളുകളാണു് ഭൂരിഭാഗവും. ഈ രാജ്യത്തു സാമ്പത്തികമായ വർദ്ധനവുണ്ടാകണമെങ്കിൽ മദ്യനിരോധനം എടുത്തുകളയണമെന്നു ചിലർ പറയുന്നു. ഞാൻ ചോദിക്കുന്നു നിങ്ങൾ എന്തിനാണു് സാമ്പത്തിക വർദ്ധനവിൻെറ പേരിൽ ഈ പാവപ്പെട്ടവരെ ക്രൂശിക്കുന്നതു്? ഈ രാജ്യത്തെ ഏററവും പാവപ്പെട്ടവരായ ആളുകളെ മന്ദബുദ്ധികളാക്കികൊണ്ടു് അവരെ ബോധമില്ലാത്തവരാക്കിത്തീർത്തു അറിയാതെ നികുതി പിരിക്കുന്നതു് വേദനാത്മകമായ ഒരു നടപടിയല്ലേ സർ? കള്ള യാതൊരു നിയന്ത്രണവും കൂടാതെ പാവപ്പെട്ട കൃഷിക്കാർക്കും തൊഴിലാളികൾക്കും കൊടുക്കാൻ ലൈസൻസ് ഇല്ലാതെ വയ്ക്കണം എന്നു പറഞ്ഞാൽ അതുമൂലം മററു് ആപത്തു വന്നാലും പാവപ്പെട്ടവനെ കൊള്ളയടിക്കുന്നില്ല എന്ന പേരിൽ അതു സമ്മതിക്കാമായിരുന്നു. എന്നാൽ അങ്ങനെയല്ല, മദ്യനിരോധനം എടുത്തുകളയുന്നതുകൊണ്ടു് പാവപ്പെട്ടവരെ അബോധവാന്മാരാക്കിത്തീർത്തു അതിൽനിന്നും ഗവണ്മെൻറു സാമ്പത്തിക വർദ്ധനവുണ്ടാക്കണമെന്നുള്ളതാണു്. ഇത്രയധികം ക്രൂരമായ ഒരു വിനോദം വേറെയുണ്ടോ എന്നു ഞാൻ ചോദിക്കുകയാണു്. ഈക്കാര്യത്തെക്കുറിച്ചു കൂടുതൽ ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതു ഇൻഡ്യാ ഗവണ്മെൻറു അംഗീകരിച്ചിട്ടുള്ള ഒരു നയമാണു്. ഭരണഘടന ഉറപ്പു നൽകിയ ഒരു വസ്തുതയുമാണു്.

വേറെ ഒരു കാര്യം എനിക്കു പറയാനുള്ളതു്, നമ്മുടെ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളമാണു്. ഈ അദ്ധ്യാപകന്മാരുടെ പ്രശ്നം ഗവണ്മെൻറിൻെറ സജീവ പരിഗണനയ്ക്കു അർഹിക്കേണ്ട ഒന്നാണു്. അദ്ധ്യാപകന്മാരുടെ സ്റ്റാഫ് ഫിക്സേഷനെപ്പററി ഇവിടെ പറഞ്ഞു കഴിഞ്ഞു. അവരുടെ ആ പ്രശ്നത്തിനു എത്രയും വേഗം ഒരു പരിഹാരം കണ്ടെത്തണം.

ഇന്നു ചൂതുകളി മുതലായവ ഉത്സവസ്ഥലങ്ങളിലും മററും സാർവ്വത്രികമായി നടക്കുന്നുണ്ടു്. ചില പ്രദേശങ്ങളിൽ പോലീസിൻെറ സഹായത്തോടുകൂടി നടത്തുകയാണു്. അതു തടയാൻ കർശനമായിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതാണു്.

ഏററവും പ്രധാനപ്പെട്ട മറെറാരു കാര്യം എനിക്കു പറയുവാനുള്ളതു് ഈ ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള വനസംരക്ഷണ നടപടികളെപ്പററിയാണു്. അതു വേണ്ടിടത്തോളം വിജയിച്ചിട്ടില്ല. ഇതിനുമുമ്പു ഇതുസംബന്ധിച്ചു സ്വീകരിച്ചിട്ടുള്ള നടപടികളുമായി നോക്കുമ്പോൾ ഇന്നത്തെ ഗവണ്മെൻറിൻെറ നടപടികൾ എത്ര ഔദാര്യപൂർവ്വമാണു്. ഈ കുടിയിറക്കിനെ സംബന്ധിച്ചു മലയാള മനോരമയുടെ മുഖപ്രസംഗം ഇവിടെ ഒരു സ്നേഹിതൻ എടുത്തു പറഞ്ഞു. എന്നാൽ അതുപോലെതന്നെ അതിനേക്കാൾ സർക്കുലേഷനുള്ള മാതൃഭൂമി ഇന്നെഴുതിയിരിക്കുന്ന മുഖപ്രസംഗവും ഒന്നു വായിക്കേണ്ടതാണു്. ഈ രാജ്യത്തെ ജനങ്ങളും ബഹുമാനപ്പെട്ട ഗവണ്മെൻറും ഈ സഭയും അതു പരിഗണിക്കുമെന്നാണെൻെറ വിശ്വാസം.

വേറൊരു കാര്യം എനിക്കു പറയാനുള്ളതു് വിദ്യാലയങ്ങളുടെ പേരു് നിശ്ചയിക്കുന്ന കാര്യമാണു്. നായർവിദ്യാലയം, കത്തോലിക്കാ വിദ്യാലയം എന്ന പേരു് വയ്ക്കുന്നതു വൈകാരിക ഐക്യം ഇല്ലാതാക്കുന്നതിനും കുട്ടികളിൽ ഭിന്ന മനോഭാവം ഉണ്ടാക്കുന്നതിനും കാരണമാകുമെന്നുള്ളതുകൊണ്ടു് ഈ തരം പേരുകൾ നീക്കംചെയ്യുന്നകാര്യം പരിഗണിക്കണമെന്നു പറയുന്നു.

ഇവിടെ സാമൂഹ്യക്ഷേമം ഉദ്ദേശിച്ചുകൊണ്ടു നടത്തീട്ടുള്ള നടപടികൾ ആശ്വാസപ്രദമാണെന്നും അതിനെ പരിഹസിച്ചുതള്ളാവുന്നതല്ലെന്നും ഓർമ്മപ്പെടുത്തിക്കൊണ്ടും ബഡ്ജററിനെ പരിപൂർണ്ണമായി അനുകൂലിച്ചുകൊണ്ടും അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ഒ. ബാവാ: സർ, ഞാനീബഡ്ജററ് അവതരിപ്പിച്ച മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഇതിനുമുമ്പ് നാല് ബഡ്ജററുകൾ ഈ സഭയിൽ അദ്ദേഹം അവതരിപ്പിക്കയുണ്ടായി. അതിനേക്കാൾ വളരെ പുരോഗമനപരമാണീബഡ്ജററ് എന്നു കാണാവുന്നതാണ്, അങ്ങനെയുള്ള ഒരു ബഡ്ജററ് അവതരിപ്പിച്ച അദ്ദേഹത്തെ അഭിനന്ദിക്കാതെ നിവൃത്തിയില്ല. മനുഷ്യരുടെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കുന്നതിനുവേണ്ടി ഈ സംസ്ഥാനത്തിന്റെ നിലയ്ക്ക് അനുസരിച്ചുതന്നെ ഒരു പരിശ്രമം നടത്തീട്ടുണ്ട് എന്നു കാണാൻ സാധിക്കും. വളരെ ഗൗരവമുള്ള പ്രശ്നങ്ങൾ ഈ സംസ്ഥാനത്തുണ്ടെന്ന് എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും സമ്മതിക്കുന്നുണ്ട്. ദാരിദ്ര്യം, തൊഴിലില്ലായ്മ, പാർപ്പിടമില്ലായ്മ ഇതെല്ലാം ഈ രാജ്യത്തെ ജനങ്ങളുടെ പ്രശ്നമാണ്. സർക്കാരിന്റേതല്ലാത്ത എന്തെങ്കിലും സ്ഥാപനങ്ങൾ ഈ രാജ്യത്തുണ്ടെങ്കിൽ അതെല്ലാം ഒരു പ്രത്യേക വിഭാഗത്തിനുമാത്രം പ്രയോജനത്തിനു മാത്രമായിട്ടുള്ളതാണെന്ന് കാണാൻ കഴിയും. ആതുരാലയങ്ങൾ മുതലായവ നടത്തുന്ന സ്ഥാപനങ്ങളുണ്ട്. അതെല്ലാം നടത്തുന്ന സമുദായത്തിനു മാത്രമാണ് പ്രയോജനപ്പെടുന്നത്. ജനങ്ങളുടെ പ്രശ്നങ്ങളുടെ ഗൗരവം മുഴുവൻ മനസ്സിലാക്കാൻ കഴിയുന്ന ഒരു സ്ഥാപനം സംസ്ഥാനഗവണ്മെന്റാണെന്ന് എല്ലാവർക്കും അറിയാം, ആ ഗവണ്മെന്റ് നേരായ വിധത്തിൽ സമീപിക്കുകയാണെങ്കിൽ ഈ രാജ്യത്തു കാണുന്ന വിഭാഗീയ ചിന്താഗതി അവസാനിപ്പിക്കുവാൻ കഴിയും. സോഷ്യലിസം നടപ്പിൽ വരുത്തണമെന്നു പറയുന്നുണ്ട്. അതു നടപ്പിൽ വരുത്തുന്നതിനും അതിനോട് അനുകൂലമുള്ളവരുമായ കക്ഷികളാണ് ഈ രാജ്യത്തുള്ളത്. എന്നാൽ അതു നടപ്പിൽ വരുത്തുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കാൻ തയ്യാറായിട്ടുണ്ടോ എന്നാണ് പരാമർശിക്കേണ്ടത്. മററു വിഭാഗീയ ചിന്താഗതിയില്ലാത്ത ഒരു സർക്കാരിനല്ലാതെ ഈ തരം നടപടികൾ കൈക്കൊള്ളാൻ സാദ്ധ്യമല്ല. ഇന്നു കേരളത്തിൽ അച്ഛനും, അമ്മയും, മകനും, മകന്റെ ഭാര്യയും, മകളും മകളുടെ ഭർത്താവും അവരുടെ കുട്ടികളും ഒക്കെയായി ഒരു സെന്റു സ്ഥലത്തു ഒരു വീടുവച്ചുകെട്ടി അതിനകത്തു കഷ്ടപ്പെട്ടു ചുരുണ്ടുകൂടി കഴിഞ്ഞുകൂടുന്നതായിട്ട് നമുക്കു കാണാൻ കഴിയും. അതു ജാതിതിരിച്ചുള്ള സമ്പ്രദായമല്ല, അതു് ഒരു വിഭാഗത്തിന്റെമാത്രം പ്രശ്നമല്ല. ജനങ്ങളുടെ പ്രശ്നമാണ്. അതു് മലയോരത്തും കടലോരത്തും നാം കാണുന്നതാണ്. തീർച്ചയായും ഈ പ്രശ്നത്തെ നേരിടാൻ മററു വിഭാഗീയ ചിന്താഗതിയേയും താൽപ്പര്യങ്ങളേയും ധീരമായി നേരിടാൻ തക്കവണ്ണമുള്ള ഒരു വ്യവസ്ഥ ഏർപ്പെടുത്താതെ സാധിക്കുകയില്ലാ എന്നുള്ളതാണു പരമാർത്ഥം. നമ്മുടെ പ്രശ്നങ്ങളെ നേരായ വിധത്തിൽ കാണുകയാണെങ്കിൽ ഇന്നു് നമുക്കു അനുഭവപ്പെടുന്ന അസുഖകരമായ സംഭവങ്ങൾ ഒന്നുംതന്നെ ഈ രാജ്യത്തുണ്ടാകുകയില്ല, ഈ ബഡ്ജററിനെ മുമ്പിൽവച്ചുകൊണ്ടു് നാം ആലോചിക്കുമ്പോൾ കഷ്ടപ്പെടുന്ന ആളുകൾക്കു് ആശ്വാസം എത്തിക്കുന്നതിനായി ഒരു പരിശ്രമം നടത്തിയിട്ടുള്ളതായി കാണാൻ സാധിക്കും. ഈ രാജ്യത്തിന്റെ സമ്പത്തു വർദ്ധിപ്പിക്കുവാൻ അങ്ങേയററം പരിശ്രമിച്ചിട്ടുണ്ട്. യാതൊരു വിധത്തിലും ഒരു കക്ഷിക്കും ആക്ഷേപിക്കാൻ കഴിയാത്ത വിധത്തിൽ കണക്കുകൾ വളരെ സ്പഷ്ടമായി നമ്മുടെ മുമ്പിൽ വച്ചിരിക്കുകയാണ്.

എലക്ട്രിസിററിയുടെ ഉൽപ്പാദനത്തെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തെ പുരോഗമിപ്പിക്കുന്നതിന് അതിന് പരമാവധി മുൻഗണന നൽകിക്കൊണ്ട് അതിന്റെ വ്യക്തമായ കണക്കുകൾ സഭയുടെ പരിഗണനയിൽ ഇരിക്കുകയാണ്. വ്യാവസായികമായി ഈ രാജ്യത്തെ വികസിപ്പിക്കാതെ ഈ രാജ്യത്തെ ജനങ്ങളെ അവരുടെ കഷ്ടപ്പാടുകളിൽനിന്നും സാമ്പത്തിക പരാധീനതയിൽനിന്നും രക്ഷിക്കാൻ സാധിക്കുകയില്ല. അതുപോലെ കാർഷികരംഗത്തു് എന്തെല്ലാം വൈകല്യങ്ങൾ ഉണ്ടെന്നിരുന്നാലും എല്ലാ കക്ഷികളും യോജിച്ചുകൊണ്ട് ഒരു ദേശീയവീക്ഷണത്തിൽകൂടി അതിനെ സമീപിക്കാൻ തയ്യാറാകുകയാണെങ്കിൽ നിശ്ചയമായും ഈ രാജ്യത്തിന്റെ രൂപത്തിൽത്തന്നെ മാററം വരുത്താൻ സാധിക്കും.

സർ, ഇവിടെ വളരെ ഒച്ചപ്പാടുണ്ടാക്കി എന്റെ പേരുകൂടി ഈ സഭാതലത്തിൽ വലിച്ചിഴച്ച ഒരു കാര്യത്തെപ്പററി സംസാരിക്കണമെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ഒ. ബാവാ]

വിചാരിക്കുന്നു. കഴിഞ്ഞ 29-ാംതീയതി, കീരിത്തോട്ടിൽ, നടന്ന സംഭവത്തെപ്പററിയാണു് ഞാൻ പറയുന്നതു്. വനത്തിൽ കൈയേറിയിട്ടുള്ളവരെ കുടിയിറക്കണം എന്നുള്ളതു് എല്ലാവരും അംഗീകരിച്ചിട്ടുള്ളതു് അനുസരിച്ചു് അവിടെയും ഏററക്കുറെ ചില നടപടികളെല്ലാം കൈക്കൊണ്ടിട്ടുണ്ടു്. അതു സംബന്ധിച്ചു് വളരെ ഒച്ചപ്പാടുകൾ ഉണ്ടായിട്ടുണ്ടു്. ഈ രാജ്യത്തുണ്ടാകുന്ന ഒച്ചപ്പാടുകൾ ആലോചിക്കാൻ പാടില്ലാത്ത കെട്ടുകഥകളാണു്. 26-ാംതീയതി അവിടെ കുടികിടപ്പുകാരായിട്ടുള്ളവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു. അതിനുവേണ്ട ഏർപ്പാടുകൾ നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ അതിനെ തടസ്സപ്പെടുത്താൻ ഒരു വിഭാഗം ആളുകൾ ശ്രമിക്കുകയുണ്ടായി. ഗവണ്മെൻറു തീരുമാനം നടപ്പിലാക്കുന്നതിനു് എതിർപ്പുണ്ടായാൽ സഹായത്തിനു് പോലീസിനെ അയയ്ക്കുക പതിവാണു്. കാട്ടിൽ പോലീസു് ചെന്നാൽ അവർക്കു താമസിക്കാൻ ഷെഡ്ഡു് വേണം. അങ്ങനെ പോലീസിനു് താമസിക്കാനും അവർക്കു് അവരുടെ സാധനങ്ങൾ സൂക്ഷിക്കാനുമായി ഒരു ഷെഡ്ഡു് നിർമ്മിച്ചുകൊണ്ടിരുന്ന അവസരത്തിൽ കൈയേററക്കാരിൽ ഒരു വിഭാഗം തടസ്സപ്പെടുത്തി. സർക്കാർ ഭൂമിയിൽ ഷെഡ്ഡു കെട്ടാൻ സമ്മതിച്ചില്ല. ഞാൻ അവിടെ ഉണ്ടായ സംഭവം സഭയുടെ മുമ്പിൽ വയ്ക്കാൻ വേണ്ടി പറയുകയാണു്. മലനാടു കർഷകയൂണിയൻ എന്നു പറയപ്പെടുന്ന സംഘടനയിൽപ്പെട്ട ചില നേതാക്കന്മാർ അവിടത്തെ പാവപ്പെട്ട, നേരത്തെ പറഞ്ഞതുപോലെ പുഴക്കളെപ്പോലെ ജീവിക്കുന്ന വിവരമില്ലാത്ത കൃഷിക്കാരെ പ്രേരിപ്പിച്ചു് ആ പോലീസിൻെറ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും അക്രമത്തിനു തയ്യാറാക്കുകയും ചെയ്തു. അവിടെ ഷെഡ്ഡു നിർമ്മിക്കാൻ പാടില്ല, ഷെഡ്ഡു നിർമ്മിച്ചാൽ ഞങ്ങൾ നശിപ്പിക്കും എന്നു പറഞ്ഞു് തടസ്സപ്പെടുത്തി. ഇതു ഞാൻ പറയുന്നതു് സത്യമാണു്. സർക്കാർവക വനഭൂമിയിൽ പോലീസു് ഷെഡ്ഡുകൾ നിർമ്മിക്കുന്ന അവസരത്തിൽ, മലനാടു കർഷകയൂണിയൻ നേതാവായ ശ്രീ. ജാൺമാഞ്ഞൂരാനും കൂട്ടരും അതിനെ തടസ്സപ്പെടുത്തി. അവർ ആ ഭാഗത്തു് പ്രവേശിക്കുകയും, പോലീസുമായി വാക്കുതർക്കം ഉണ്ടാകുകയും, ഉന്തും തള്ളും ഉണ്ടാകുകയും ചെയ്തു. ആ അവസരത്തിൽ നേതാക്കന്മാരെ അറസ്ററു ചെയ്തതായിട്ടാണു് അറിയാൻ കഴിഞ്ഞതു് സർവ്വശ്രീ. കെ. എം. ജോർജ്ജു്, കെ. സി. ഏബ്രഹാം, സി. എ. മാത്യു മുതലായ മെമ്പറന്മാരൊന്നിച്ചു് ഞാൻ ആ സ്ഥലം സന്ദർശിച്ചപ്പോൾ കിട്ടിയ വിവരമാണിതു്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും, ശ്രീമതി കെ. ആർ. ഗൗരി, ശ്രീ. പി. എസ്സ്. ശ്രീനിവാസൻ, ശ്രീ. ടി. കെ. രാമകൃഷ്ണൻ എന്നിവരും അവിടെ വരികയുണ്ടായി. 29-ാംതീയതി രാവിലെ 10-30 മണി മുതൽ 3-30 മണിവരെ സംഭവസ്ഥലത്തു് താമസിച്ചു്, പരിസരങ്ങളിലുള്ള ആളുകളിൽനിന്നു് വിവരങ്ങൾ ശേഖരിക്കാൻ ഞങ്ങൾ ശ്രമിച്ചു. അവിടെനിന്നു് മനസ്സിലാക്കാൻ കഴിഞ്ഞ കാര്യങ്ങൾ അഭിപ്രായവ്യത്യാസമില്ലാതെ സ്വീകരിക്കാൻ കഴിഞ്ഞ വിവരങ്ങൾ പുറത്തുവന്നു് വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. എന്നാൽ, അതിനു വിപരീതമായി, ഈ സഭാതലത്തിൽതന്നെ ചിലർ ചിലതു പറഞ്ഞു കേട്ടതുകൊണ്ടാണു് ഇത്രയും ഇവിടെ പറയാൻ ഞാൻ നിർബന്ധിതനായതു്. സർ, 5 വയസ്സു് പ്രായമുള്ള കുട്ടികൾ മുതൽ 70 വയസ്സുവരെയുള്ള വൃദ്ധരായ സ്ത്രീകൾവരെ അവിടെ നടന്ന കാര്യങ്ങൾ വിവരിക്കുകയുണ്ടായി. അവരിൽനിന്നു് അറിയാൻ സാധിച്ച വിവരങ്ങളിൽ, അവിടെ ഒരു വെടിവയ്പുണ്ടായതായി ആരും പറഞ്ഞില്ല. മലനാടു കർഷക യൂണിയൻ നേതാക്കന്മാരെ അറസ്ററു ചെയ്തപ്പോൾ അവരെ വിട്ടുകൊടുക്കണമെന്നു പറഞ്ഞു്, കർഷകരും കുടികിടപ്പുകാരും പോലീസു ക്യാമ്പിൻെറ മുമ്പിൽ കുത്തിയിരുന്നു. നേതാക്കന്മാരെ വിട്ടുകൊടുത്തില്ലെങ്കിൽ അവർ അവിടെനിന്നു് പിരിഞ്ഞു പോകുകയില്ലെന്നും പറഞ്ഞു. പോലീസിനു് യാതൊരു വിധത്തിലും നേരിടാൻ നിവൃത്തിയില്ലാത്ത ഒരു സ്ഥിതിവരെ അവിടെ ഉണ്ടായി എന്നുള്ളതു് അവിടെ ചെന്ന എല്ലാ ആളുകൾക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ ആ സംഭവസ്ഥലത്തുവച്ചു് യാതൊരു വിധത്തിലും ഒരു വെടിവയ്പുണ്ടായിട്ടില്ലെന്നു് 5 വയസ്സു് പ്രായമുള്ള കുട്ടികൾ മുതൽ 70 വയസ്സു് പ്രായമുള്ള വൃദ്ധകൾവരെ പറയുകയുണ്ടായി. അറസ്ററു ചെയ്തതിനെത്തുടർന്നു് ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

ശേഖരമായി ചെന്നു് ഒരു ആക്രമണ സ്വഭാവത്തിൽ പലതും പ്രവർത്തിക്കാൻ മുതിർന്നപ്പോൾ ലാത്തിചാർജ്ജും, ടിയർഗ്യാസ് പ്രയോഗവും നടന്നിട്ടുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണു്. എന്നാൽ, അതിനെത്തുടർന്നു് വെടിവയ്പുണ്ടായി, ആളുകൾ മരിച്ചു, ജീവനോടെ തീയിലിട്ടു കരിച്ചു എന്നെല്ലാം വാർത്തകൾ ഉണ്ടായതു് ശരിയല്ലെന്നുള്ളതു് അവിടെ പോയി അന്വേഷിച്ചവർക്കു് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. അവിടെ പോയ ഒരൊററ നിയമസഭാസാമാജികനുപോലും അവിടെ വെടിവയ്പുണ്ടായി എന്നു പറയാൻ സാധിക്കുകയില്ല. അതുപോലെതന്നെ അവിടെ മർദ്ദനം ഉണ്ടായതായി ചില വാർത്തകൾ ഉണ്ടായിട്ടുണ്ടു്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിൻെറ ഒരു പ്രസ്താവന ഞാൻ വായിക്കുകയുണ്ടായി. അദ്ദേഹം ജയിലിൽ ചെന്നു് നേതാക്കന്മാരെ സന്ദർശിച്ചതായി അതിൽ പറയുന്നുണ്ടു്. ലാക്കപ്പു മർദ്ദനം ഉണ്ടായതായി പറയുന്നതല്ലാതെ സംഭവസ്ഥലത്തുവച്ചു് മർദ്ദനം ഉണ്ടായതായി പ്രസ്താവനയിൽ പറയുന്നില്ല. സർ, ഇതെല്ലാം കരുതിക്കൂട്ടിയുള്ള ഒരു ശ്രമമായിരുന്നുവെന്നു്, 5 വയസ്സായ മേരിക്കുട്ടിയോടു സംസാരിച്ചതിൽനിന്നു് വ്യക്തമായിട്ടുണ്ടു്. ഉള്ളി ചതച്ചു് തുണിയിൽകെട്ടി വെള്ളത്തിൽ മുക്കി ടീയർഗ്യാസ് പ്രയോഗിക്കുമ്പോൾ കണ്ണീർപ്രവാഹം തടയണമെന്നു് നേതാക്കന്മാർ പറഞ്ഞിരുന്നതായി ആ കുട്ടിയിൽനിന്നു് മനസ്സിലാക്കി. അതല്ലാതെ വെടിവയ്പു നടന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല.

സർ, അവിടെ കുടികിടപ്പുകാർക്കു്, കർഷകർക്കു് ചില ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടു്. അഞ്ചാറു കടകൾ, മൂന്നു ചായക്കടകളും, രണ്ടു പലചരക്കു കടകളും കത്തി നശിച്ചിട്ടുണ്ടു്. ഫാറസ്ററു ഗാർഡന്മാരുടെ ഷെഡ്ഡു് തീ പിടിച്ചു നശിച്ചിട്ടുണ്ടു്. സമീപത്തുണ്ടായിരുന്ന കടകളിലെ സാധനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടു്. അന്നു് അവിടെ ആളുകളെ സംബന്ധിച്ചിടത്തോളം അവർക്കു സാധനങ്ങൾ കിട്ടുന്നില്ല എന്ന ആക്ഷേപവും ഉണ്ടായിട്ടുണ്ടു്. സാധനങ്ങൾ വാങ്ങാനുള്ള സൗകര്യം അവർക്കു് ഉണ്ടാക്കികൊടുക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്. അവരെ അവിടെനിന്നു് ഇറക്കിവിടാതിരിക്കണം എന്നും ഒരു അഭിപ്രായഗതിയുണ്ടു്. ഇന്നുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനും, അവിടെനിന്നു് അവരെ മാററി താമസിപ്പിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തു് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും സർക്കാർ വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണു്. സർ, ലാക്കപ്പു മർദ്ദനത്തെപ്പററി ഒരു കാര്യം ഉറപ്പിച്ചു പറയാൻ ആഗ്രഹിക്കുന്നു. തൊടുപുഴ ലാക്കപ്പിലും, മൂവാററുപുഴ ലാക്കപ്പിലും അതുപോലെതന്നെ കീരിത്തോട്ടിലും മർദ്ദനം ഉണ്ടായിട്ടുണ്ടെങ്കിൽ നിശ്ചയമായും അതിനെപ്പററി അന്വേഷിക്കണം എന്നാണു് എൻെറ അഭിപ്രായം. ഈ കാര്യത്തിൽ ഗവൺമെൻറു് ശ്രദ്ധിക്കുമെന്നു് വിശ്വസിച്ചുകൊണ്ടു് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

Shri V. R. Krishna Iyer : Sir, I congratulate the Finance-cum-Chief Minister for having survived for four years in acrobatics which is unknown in history, although there have been unfair evictions of Ministers, forced surrenders of Ministers and every day, every month and every year the question posed before the Minisiry has been in the language of Hamlet. "To be or not to be"? Today, the Chief Minister is worried over some important issues as to whether the Ministry is to go, or to continue or to surrender. With such kinds of feelings, the result has been that we have had no stable Government in this State. Of course, a Ministry is there; Chief Ministers are born and disappear and are reborn—in a way disappearing and getting over evictions and all those kinds of uncertainty, unsettlement and crisis. The struggling agony has been such that nobody can say that for the last four or five years in this land of Kerala we have had a Government. There has been a total negation of administrative policy, total absence of any guidance from the top and the drift has been going on in this way. We

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

have spent four years. It may be that the longer this Government continue, the surer its grave. I hope this Ministry will have the credit to preside over the last Congress Ministry in the Kerala State, to preside over the liquidation of the Congress as a party to be reckoned with. It is a matter of grave concern for those who are interested in the destinies of this particular party. It is unfortunate that things are developing in that direction. I do not gloat over that, because these things are always in this Government. I am not unhappy over this Government continuing for full five years. There are others who believe that they must continue for five years, because of their vested interests. The longer they rule, the greater the chances of their utter ruin. Others believe that there may be some hope in the next elections and something might come out in their favour. I do not want to dwell on that particular aspect.

But then one thing appears to be extraordinary. Apart from the extraordinary history-making incidents of this Ministry, one thing that is rather extraordinary is this. Here is a case where the Chief Minister of a particular Cabinet says, "I have lost complete confidence in a particular Minister', and the Governor of that particular Government says with reference to that particular Minister, "here is the greatest man who has ever administered and has played a very notable part in the administration of the State during his tenure of office." I do not know whether they are speaking in one voice, or contrary to each othar—the Governor on the one side and the Chief Minister on the other. All these things will really make history just as these gentlemen will also make history. There is no doubt about it.

Mr. Speaker: Mr. Krishna Iyer, the Governor should not be made the subject of a discussion unless there is a substantive motion referring to him, That is the Rule and I would like to draw your attention to it.

Shri V. R. Krishna Iyer: Sir, I have gone through the rule and I bow before the ruling and observations from the Chair. I want to make it absolutely clear that I do not wish to cast any reflection on the Governor, or on his statement or on his conduct at all. Personally speaking, I have got the greatest regard for that worthy gentleman who adorns that high office. But that I want to draw the attention of this House is to a particular principle, which I consider vicious, to a doctrine which I consider dangerous, to a proposition—what shall I say—'abusive', which has come through a Press Release which this Government has issued. That Press Release—I was rather surprised—it says that the Governor purchased a car from this Government. It was for a price which was rersonable or more than reasonable, and therefore, there is nothing wrong in that. I have nothing to say about the Governor. I do not want to cast any reflection on the Governor. But I feel it is my duty to warn this House about this, because it is my duty to do so as a Member of this House. I have no objection to a Governor or a Minister buying cars. The Governor or Minister or any other officer of this Government occupies a place of public trust, occupies the position in a fiduciary capacity and he should not buy anything from the trust property. That is one of the elementary

LIBRARY ARCHIVES Kerala Legislative Assembly

doctrines of the Law of Trust which applies to all men, to officers, to trustees, to any incumbent who occupies the position and status of trustees. He shall not buy or shall not have any financial dealings with the trust property.

Mr. Speaker : Are you not in a way casting a reflection on the Governor?

Shri V. R. Krishna Iyar : No Sir, I am first talking about the principle involved in the issue of the Press Release. I do not want to say anything about the price. Probably, five thousand rupees is a very high price for a vehicle which has run over 30,000 miles. I only want to raise my voice against this Press Release which incorporates the policy of the Government that if a Minister offers a higher price, he can buy a car belonging to the State. If a Chief Secretary offers a higher price for a table or furniture than the price which is in the market, he can buy it. If the Chief Justice offers a higher price for the books of a library, he can buy it. Any person occupying a place in a fiduciary capacity in the Kerala State, if he offers a higher price than the price available in the market for any thing, he can buy it. There is nothing worng about it. That is the principle that the Government had put forward in the Press Release for the acceptance of the people. It is that principle that I object to. I do not mind anybody buying cars, furniture or other articles, but I want that the Government should not make a general principle like this. Or else, you will find when a Minister goes out of office he would have purchased two cars, and if anybody objects to it, he can very well say, 'I have paid a hi;her price for it. When a Secretary goes out of office he can purchase a Refrigerator and the answer, if anybody questions, would be he has paid a higher price for it. What is wrong about it? If two companies, say Simpson and Co. and Addison and Co. offer a higher and a lower price for an article, what would you accept, the lower or higher price? It is there, on that point that I want to alert this House. I find some wile lurking behind the Press Release, if I may say so. I may just read aportion from a Text Book written by George W. Keeton, M. A. LL. D. of Gray's Inn, Barrister-at-Law, Professor of English Law in the University of London. It is necessary that we should remind ourselves about the elementary faiths and principles. The book I mentioned above reads:

"Sales of Trust property by a Trustee to himself or to a co-Trustee"

A trustee (other than a tenant for life under the Settled Land Act) and also many other persons who occupy fiduciary positions are absolutely prohibited from purchasing the trust property. This is an inflexible rule of most general application, and it is not founded upon any question of fraud on the part of the trustee. It is the logical consequence of the position which he occupies."

Lord Eldon, one of the most eminent Law-Lords of London says:

"It is founded upon this; that though you may see in a articular case, that he has not made advantage, it is utterly impossible

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

to examine upon satisfactory evidence in the power of the Court, by which I mean, in the power of the parties, in ninety-nine cases out of a hundred, whether he has made advantage, or not.

The rule is a rule of general policy. to prevent the possibility of fraud and abuse; for it may not always be possible to know whether the property was under-sold."

An Exparte consideration of the rule has extended to a purchase of a bankrupt's estate by the solicitor to the Bankruptcy Commission, observing.—

"This doctrine as to purchases by trustees, assignees, and persons having a confidential character, stands much more upon general principle than upon the circumstanees of any individual case. It rests upon this: that the purchase is not permitted in any case, however honest the circumstances; the general interests of justice requiring it to be destroyed in every instanee; as no Court is equal to the examination and ascertainment of the truth in much the greater number of cases.

A corporate body can only act by agents and it is of course the duty of those agents so to act as best to promote the interests of the corporation, whose affairs they are conducting. Such agents have duites to discharge of a fiduciary nature towards their principal. And it is a rule of universal application. that no one, having such duties to discharge, shall be allowed to enter into engagements in which he has. or can have, a personal interest conflicting, or which possibly may conflict with, the interests of those whom he is bound to protect. So strictly is this principle adhered to. that no question is allowed to be raised as to the fairness or unfairness of a contract so entered into. It obviously is, or may be, impossible to demonstrate how far in any particular case the terms of such a contract have been the best for the interest of the *cestui cue* trust, which it was possible to obtain. It may sometimes happen that the terms on which a trustee has dealt or attempted to deal with the estate or interests of those for whom he is a trustee, have been as good as could have been obtained from any other person they may even at the time have been better. But still so inflexible is the rule that no inquiry on the subject is permitted." If all the eight Ministers are thinking in terms of this Press Release that they could buy Government cars or Government property and walk away with it and say that they have paid a higher price for it, where would all these lead to? It undermines the very foundation of the law of Trust and fiduciary relations. I would therefore implore this Government to recast the Press Release by adhering to the principles of a good Government. You are certainly entitled to do that, at least to restore the morality of the Government.

Now, another point that I wish to mention in this context it this. This is a point on which considerable discussion is going on in this House and outside. That is the Keerithode incident. Of course, every time the House meets there will be some incident or other. It always faces something or other. We have got the Thaikal incident, the Peechi incident and now the Keerithode incident. Thus, this

LIBRARY ARCHIVES Kerala Legislative Assembly

Government's fate is always doomed and is open to criticism in the press. It is a misfortune for which, probably, nobody is responsible, or everybody is responsible. But it is a fact to which I would like to draw the attention of the House as also of the Chief Minister. This is a fact on which the Chief Minister has not supplied us with the necessary information. What I want to emphasise is this. Let us remember for the sake of the people of Kerala, for the sake of the people of India that the forest wealth, which is a gift of nature bestowed upon Kerala by God, must be preserved at all costs. It is our bounden duty to preserve the precious wealth of forests and if there is any encroachment by A, B or C or huge chunks of forest lands belonging to Devaswoms are assigned to vested interests who try to destroy the forest wealth, in the larger interests of the nation, it must be prevented whatever may be the difficulties. I cast my weight, my good weight, however humble it might be on the need for the preservation of forests. Our State, and only a few other States, have got beautiful forests and let us preserve it. Then, there is yet a basic principle involved. It is this. Humanitarian considerations are there. Equitable principles are there and we cannot just drive out the people merely because a wrong has been done. There is the principle that you invited people to occupy the forests and then you drive them out of the forests pretending and posing to be moral and ethical, which is rather incongruous.

I ask this Government with all humility as to whether this Government has ever had a consistent policy so far as forests are concerned? I would like to recall the days when all of us were unhappily pleading for Malabar forests that are in the hands of Devaswoms and Temple trustees. Let them answer that. My point is this. 54,175 acres of Devaswom forests-not Government forests governed by a stătute, the Hindu Religious and Charitable Endowment Act, have been leased away, recklessly-Emur, Malampuzha and other rich forests, which you can never regenerate.

The answer given on the 20th February shows that these forest lands have leased out by an Officer to various persons including M. L. A's wives and Congressmen. When the charge of political corruption comes, probably, that may be taken up. So far as this aspect is concerned how is it that the Government which belives in the preservation and regeneration of forests recklessly granted or permitted 54,175 acres of Devaswom forests to all kinds of individuals including politically influential persons.

Is it consistent with your Keerithode policy? I cannot understand. Has it been the policy to see that forests are preserved? It is a scandalous administration of the M. P. P. F. Act in Malabar. I invite the hon. Chief Minister and other Ministers to visit these areas. There is no forest there. The whole thing has been denuded and you will be forced to shed tears. You are abettors in the criminal act of liquidation of forests by reckless grant of 54,000 acres of land to M. L. As and others. Is it not really ridiculous ? Four documents have been produced before the Anti-Corruption Tribunal Shri T. N. S. Raghavan and some documents in the Court by a suspended Member of the Board of Revenue. I shall produce them before the House. I hope it will

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

reach here within a short time by air. According to one document a Minister had put his seal of approval assigning 30,000 acres of forest land to the Nair Service Society. What is this ? Small wonder there is one extra constitutional apparatus blessing this Government always.

The wives of two M. L. A's—I do not want to mention the names of those M. L. As.—had applied for assigning the lands held by them for getting a Government approval. They have already occupied 500 acres of land from the forest area. "Please give approval for that", and the Minister says, "approved." A third document says a particular M. L. A and his children—"Please give these people so many acres of land out of the Devaswom Quota". It appears 'Devaswom Quota' are code words. 'Devaswom quota' means Government's quota or Minister's quota, trustees quota, quota of other Devaswoms, quota on the basis of the letter, etc.

Probably Hon. the Chief Minister, having his new portfolio, might enquire into this matter. So I have brought the matter here. All those documents are here. I do not want to take up the time of the House by reading them. But I want this to be looked into. Is this a policy consistant with the preservation of forests, or is it sheer loot and spoilation by a political gang for their own purposes to drive out the people from the forest ? If you are straightforward in the matter of preservation of forests, I am hundred per cent with you. But if it is opportunism, if an M. L. A. comes and says, "give away forests and Devaswoms lands," certainly I would not agree. I would like to say, let there be a statement atleast of the policy regarding forests. A statement was made by an ex-Minister that all those who have occupied forests will not be disturbed. They will be there. With political considerations you say—I place you there, so you continue there. I have not read the Press release but I read it in the editorial of the Mathru Bhoomi. Do not sell the forests for getting a few votes. I have referred to this earlier in my speeches. So I want this Government to tell us in this House once and for all—so far as this Government is concerned, you granted leases of Devaswom land recklessly to your own men. What is the policy behind that ? You again granted 54,000 acres of forest land during the three years to various persons. Their names are here. What is the policy behind that ? You made a statement on behalf of the Government stating that those who have already settled there will be allowed to continue there. What is your policy behind that ? Finally, you say that you are going to drive out the encroachers because forests will have to be preserved. If the last is acceptable then I am completely a supporter and if you are going to support the earlier policies then I criticise the Government as unscrupulous, opportunistic, using political power for its own purpose. I hope the latter is not acceptable to you.

I would like to mention just one or two things also.

It is this. The other day I found the hon. Chief Minister making a statement on the floor of the House about the Police verification. I would request the hon. Chief Minister to consider whether he could not discontinue the notorious type of police verification. I do not stand in

LIBRARY ARCHIVES Kerala Legislative Assembly

the way of persons, who were convicted on account of murder, corruption or misappropriation of Government money, being not employed in Government service or in other services. There must be some sort of verification of character and antecedents. There should be some check up. I would like to tell this. In this State we have got hundreds and thousands of persons who are in tears because of the fact that a police constable has in his notebook, at the instance of political men, made certain entries. The damned General Mccarthy is dead and gone but he would turn in his grave if he knows about the measures of the Kerala Government, his offspring, practising in his way beyond his expectations. The Chief Minister will be able to bring a fresh mind there. Some fresh wind is blowing and I believe it will blow for one year more. I have been repeating these things so often and I hope the Chief Minister will look into this matter. I would like the Chief Minister to go into some of these cases and I shall furnish those instances into which I have gone into once. But I am prepared to expressly state that on political affiliations no person should be sent out. Is it proper on the part of the Government to deny employment in Government service to those persons who are of decent bahaviour ? By all cannons this could not be. It is proper to send these persons out of jobs on policie verification ? Would you please re-consider that ? There are so many nstances which I can cite. I shall point out one such instance.

A person who is practising in Kuthuparamba was certifiied by a P. S. P. M. L. A that his conduct was excelleut, but some Congressmen said 'no' and he lost his selection as Sub Inspector of Police. Another incident is that of a teacher who was certified by Shri Malethu Gopinatha Pillai to be of excellent character. But there are currents and cross-currents. All Congressmen must always say that this man is good and if another Congressman says 'no'. then he has to go out and file a writ petition. He filed a writ petition and he is now in a private school. The principle has become noxious and so wide-spread. Do you know that such police verification is going on even in private schools and in private service? I am sure that all these eight Ministers are married and they have got children and they also will find it difficult when they will be shifted to the opposite group. They will find that their children will be disqualified. They won't become pedagogues and other officials. Their children will be in difficulties. My children will also find it difficult. You may brand me as pro-this and pro-that. Therefore, I implore the hon. Chief Minister-cum-Home Minister to re-examine the question. Please show some charity to look into the matter.

Mr. Speaker : Your time is up.

Shri V. R. Krishna Iyer : In one minute more, Sir. I would conclude.

So far as the national reconstruction aspect of this Budget is concerned, so far as the development of this State is concerned, in regard to power and Irrigation, I have to say a few words. I have not the slightest objection that the Industries Minister had laid a bright and solid foundation for the future industrialisation of this State. But then

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

if there is no electricity, there will be no industry here. The state Government have not taken concrete measures to get electricity from Madras or elsewhere. But we shall not go with a begging bowl; we shall go as a matter of right. My friend Shri Kunhiraman Nambiar referred to the Kuttiyadi project. The Kuttiyadi Project is struggling as the Ministry is. So, I would only wind up by saying this. This Government may not be able to answer in a different way from the manner in the Bible which says; 'they asked for bread, but they were given stones'. But let not this Government continue to give stones when people ask for bread.

ശ്രീ. പി. കെ. കുഞ്ഞ്: സർ, മുഖ്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് ധനകാര്യമന്ത്രിയുടെ അഞ്ചാമത്തേതാണെന്ന് പറഞ്ഞു പലരും ഇവിടെ പ്രശംസിക്കുകയുണ്ടായി. പക്ഷെ ഈ ബഡ്ജററിൽ പ്രശംസാർഹ

11 a.m. മായ ഒന്നും തന്നെയില്ലെന്നു പറയേണ്ടി വന്നതിൽ എനിക്കു ഖേദമുണ്ട്. മറെറാരു ഖേദം കൂടിയുണ്ട്. നമ്മുടെ ധനകാര്യമന്ത്രി കോൺഗ്രസ്സ് ഭരണത്തിന്റെ അന്ത്യം കുറിക്കുന്ന ഒരു ബഡ്ജററാണെല്ലോ ഇവിടെ അവതരിപ്പിക്കേണ്ടി വന്നതു് എന്നോർക്കുമ്പോൾ എനിക്കു ഖേദമുണ്ട്. കാൺഗ്രസ്സിന്റെ കേരളത്തിലെ ഭരണം അവസാനിപ്പിക്കുന്ന അവസാനത്തേതായ ധനകാര്യമന്ത്രിയുടെ ബഡ്ജററു പ്രസംഗം കേരളത്തിന്റെ ചരിത്രത്തിൽ രേഖാങ്കിതമായി കഴിഞ്ഞിരിക്കുകയാൽ അതിൽ കവിഞ്ഞു അതിനെപ്പററി ഒന്നും പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇവിടെ ബഡ്ജററിന്റെ ഉള്ളടക്കത്തെപ്പററി സംസാരിക്കുന്നതിനു മുമ്പു ഈ സഭയിൽ കാണാൻ കഴിഞ്ഞ, കേൾക്കാൻ കഴിഞ്ഞ ആശ്വാസകരമായ ഒരു രംഗം അനുസ്മരിപ്പിക്കുന്നതു് നല്ലതാണ്. സാധാരണ കാൺഗ്രസ് കക്ഷി, അഥവാ ഭരണകക്ഷി പരസ്പരം വിഭിന്നമായ അഭിപ്രായങ്ങൾ പറഞ്ഞു കേൾക്കാറില്ല. എത്ര അസംതൃപ്തങ്ങളായ കാര്യങ്ങളാണു ബഡ്ജററിലുള്ളതെങ്കിലും അവയെല്ലാം മറച്ചുവയ്ക്കുന്ന അഭിപ്രായ പ്രകടനങ്ങൾ നടത്തുന്ന ഒരു സമ്പ്രദായം ആണു ഭരണകക്ഷിയുടെ ഭാഗത്തു നിന്നും ഇതിനുമുമ്പും ഇതുവരെയും കേട്ടിട്ടുള്ളതു്. എന്നാൽ ഇന്നലെയും ഇന്നും ആയി ഇവിടെ നടന്ന അഭിപ്രായപ്രകടനങ്ങൾ അങ്ങനെയല്ല. മിനിഞ്ഞാന്നു ശ്രീ. സ്റ്റീഫൻ പറഞ്ഞതിനോട് കടകവിരുദ്ധമാണതെല്ലാമെന്നു് പറയുന്നതു് സത്യം ആണ്. വളരെ സ്റ്റെബിലൈസ്ഡായിട്ടുള്ള ഒരു പാർട്ടി ഒരു സ്റ്റേബിളായ ഒരു ഗവൺമെന്റു് ഇവിടെയുണ്ടെന്നു് ശ്രീ. സ്റ്റീഫൻ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ സ്റ്റെബിലിററിയുടെ ആഴം, ഹാളോനസ്സ്, ഇന്നും ഇന്നലെയുമായി ഞങ്ങൾ മനസ്സിലാക്കി. കീർത്തിയോട് സംഭവത്തെക്കുറിച്ചു ശ്രീ. സി. ഏ. മാത്യു പ്രസംഗിക്കുന്നതുകേട്ടു. ഭരണകക്ഷിയിൽപ്പെട്ട ഒരാൾ സത്യമായ കാര്യം മറച്ചുവയ്ക്കാതെ തുറന്നു പറയുന്നതിനു സന്നദ്ധതയോടു കൂടി മുന്നോട്ടുവന്നതു് ഇതാദ്യമാണ്, അതു നല്ലതാണ്. ജനങ്ങൾക്കുവേണ്ടി കക്ഷിത്വം കൂടാതെ സത്യം തുറന്നു പറയുന്നതിന് ശ്രീ. മാത്യുവിനു കഴിഞ്ഞതിൽ ഞാൻ ആ യുവസ്നേഹിതനെ അഭിനന്ദിക്കുന്നു. ഇന്നു ശ്രീ. ടി. ഒ. ബാവയും, ശ്രീ. കെ. എം. ജോർജ്ജും പ്രസംഗിക്കുന്നതുകേട്ടു. അവരെ രണ്ടു പേരെയും കുറെ അടുത്തു അറിയാവുന്ന ഒരാളാണു ഞാൻ. ശ്രീ. കെ. എം. ജോർജ്ജ് പറഞ്ഞതിനുനേരെ വിപരീതമായുള്ള അഭിപ്രായം ശ്രീ. ബാവായിൽ നിന്നും കേട്ടപ്പോൾ, അവർ അറിഞ്ഞുകൊണ്ടു തന്നെയാണോ ഇങ്ങനെ സംസാരിക്കുന്നതെന്നും, അവർക്കു വിഭിന്നമായ ലക്ഷ്യങ്ങളുണ്ടോയെന്നും തോന്നിപോയി. പക്ഷെ ഒരു കാര്യം എന്റെ സ്നേഹിതൻ ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ പറഞ്ഞതുപോലെ എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഒരു അഭിപ്രായം ഞങ്ങൾക്കുണ്ട്. ഏതു സർക്കാർ വകവനമായാലും ശരി, ഭണ്ഡാരമായാലും ശരി അതു അനാവശ്യമായി ആരെങ്കിലും കയ്യേറുകയൊ, കൈയ്യടക്കുകയൊ ചെയ്യുന്നുവെങ്കിൽ അതിനെ ചെറുക്കുന്നതിനും അതു് തിരിച്ചെടുക്കാനുള്ള ന്യായമായ ഏതു നടപടികളും ഗവൺമെന്റു ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതാണ്. അതിനുള്ള കഴിവില്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

സുശക്തമായ ഒരു ഗവണ്മെൻറ് ഇവിടെയില്ലെന്ന് പറയുന്നതായിരിക്കു നല്ലതു്. പക്ഷേ ഇക്കാര്യത്തിൽ മനുഷ്യോചിതവും സമാധാനപരവുമായ ഒരു നയം ആയിരിക്കണം ഗവണ്മെൻറിൽനിന്നും സ്വീകരിക്കേണ്ടതു് എന്നുള്ളതു് വളരെ ആവശ്യമായ ഒരു കാര്യമാണ്. മൃഗീയമായ വിധത്തിൽ, ക്രൂരമായ വിധത്തിൽ, നിയമരഹിതമായി ജനങ്ങളോട് പെരുമാറുന്ന സമ്പ്രദായം സ്വീകരിക്കുന്നതു് ശരിയല്ല. ശ്രീ. കെ. എം. ജോർജ്ജ് പറയുന്നതുകേട്ടു ഒരു വർഗ്ഗീസ് ഈ സംഭവത്തിൽ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളെക്കുറിച്ചു. ഈ മാതിരിയുള്ള അനിഷ്ടസംഭവങ്ങളുണ്ടായാൽ അതിനെക്കുറിച്ചു ഇവിടെ ആ കക്ഷിയിൽപെട്ട മററംഗങ്ങൾ പരസ്യമായി പറയാൻ കൂട്ടാക്കാത്തതിൽ ഖേദമുണ്ട്. ഏതായാലും ഈ സംഭവത്തെപ്പററി ഗവണ്മെൻറിൽനിന്നും പരസ്യാന്വേഷണം നടത്തേണ്ടതാവശ്യമാണ്. കാരണം ഇതിനെപ്പററി ഭരണകക്ഷിയിൽ നിന്നു തന്നെ രണ്ടുതരത്തിലുള്ള അഭിപ്രായങ്ങൾ കേൾക്കാനിടയായി. അവിടെ വളരെ ഗുരുതരമായ സംഭവങ്ങൾ നടന്നുവെന്നും പത്രങ്ങളിൽ വന്ന റിപ്പോർട്ട് അനുസരിച്ചാണെങ്കിൽ അവിടെ ആളുകളെ വെടിവച്ചുകൊന്നുവെന്നും കേൾക്കാൻ കഴിഞ്ഞു. സർ, ഞാൻ മുഖ്യമന്ത്രിയോട് പറയുകയാണ് ഈ രാജ്യത്തു് പത്രങ്ങൾ മുഖേനയും മററു പല വിധത്തിലും ഇക്കാര്യത്തെ സംബന്ധിച്ച ഭിന്നാഭിപ്രായങ്ങളും തെററിദ്ധാരണകളും ഉണ്ടാകുന്ന പ്രസ്താവനകൾ ഉണ്ടായിരിക്കുന്ന സ്ഥിതിക്കു് ഒരു പരസ്യാന്വേഷണം നടത്തി ഗവണ്മെൻറിൻെറ നിലപാട് എന്താണെന്നു പൊതുജനങ്ങളെ അറിയിക്കണമെന്ന് അതിനുള്ള ചുമതല ഗവണ്മെൻറിനുണ്ട്. ഗവണ്മെൻറു ഭാഗത്തുനിന്നും തെററു ചെയ്തിട്ടുണ്ടെന്നു പരസ്യാന്വേഷണത്തിൽ തെളിയുകയാണെങ്കിൽ ആ കുററം തുറന്നു സമ്മതിക്കണം. ഗവണ്മെൻറു കുററം ചെയ്തിട്ടില്ലെങ്കിലും ഇക്കാര്യത്തിൽ ഒരു പരസ്യാന്വേഷണം നടത്തണമെന്നുള്ള ഈ സഭയിലുള്ളവരുടെയും പുറത്തുള്ളവരുടെയും അഭിപ്രായങ്ങളെ ആദരിച്ച് തീർച്ചയായും ആക്കാര്യത്തിൽ ചെയ്യേണ്ട നടപടികൾ ഉടനടി സ്വീകരിക്കണമെന്നാണ് എനിക്കു ഗവണ്മെൻറിനെ ഓർമ്മിപ്പിക്കുവാനുള്ളതു്.

സർ കഴിഞ്ഞ ബഡ്ജററിനെപ്പററി ഞാൻ സംസാരിച്ച വേളയിൽ, അധികാരവികേന്ദ്രീകരണം നടത്തുകയെന്നുള്ളതു് ജനാധിപത്യകക്ഷിക്കു് ആവശ്യമായതാണെന്നു മുഖ്യമന്ത്രിയേയും മററു മന്ത്രിമാരേയും ഞാൻ അനുസ്മരിപ്പിച്ചിട്ടുണ്ട്. റവന്യൂവും ജുഡീഷ്യലും എക്സിക്യൂട്ടീവും എല്ലാം കൂടി ഒരു മന്ത്രിയിൽ നിക്ഷിപ്തമാക്കിയാൽ ഉള്ള പാകപ്പിഴയെപ്പററി ഞാൻ അന്നു പറഞ്ഞിരുന്നു. അന്നു അതിനെപ്പററി ശ്രദ്ധിച്ചില്ല. പക്ഷേ അതു നിമിത്തമുണ്ടായ പാകപ്പിഴകൾ ഇപ്പോൾ എല്ലാവർക്കും മനസ്സിലായിക്കാണും. അതു ഈ അവസരത്തിൽ ചിത്രീകരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. മുഖ്യമന്ത്രിയോട് എനിക്കു ഒരു കാര്യം പറയേണ്ടതുണ്ട്. ഇൻഡ്യയിലെ മററു പല സംസ്ഥാനങ്ങളുടെ കാര്യം എടുത്തുനോക്കിയാൽ മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും ഒരാൾ ആകുക പതിവില്ലെന്നു് കാണാൻ സാധിക്കും. ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിൽനിന്നും ശുപാർശകൾ വരുമ്പോൾ അതു് ധനകാര്യവകുപ്പുമന്ത്രിയുടെ അനുവാദത്തോടുകൂടി മുഖ്യമന്ത്രിയുടെ കൺകറൻസിനു പോകുന്നതാണ് നല്ല സമ്പ്രദായം. അല്ലാതെ രണ്ടും കൂടി ഒരാൾ കയ്യടക്കി വച്ചിരിക്കുന്നതു് ശരിയല്ല. ചീഫ് മിനിസ്റ്റർ, ഹോം മിനിസ്റ്റർ, ഫൈനാൻഷ്യൽ മിനിസ്റ്റർ ഇതു് മൂന്നും കൂടി ഒരാളിൻെറ ചുമതലയിലിരിക്കുന്നതു് നല്ലതല്ല. ആക്കാര്യത്തിലേക്കു ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയെ ക്ഷണിക്കട്ടെ. അധികാരത്തിൽ വളരെ ഭ്രമമില്ലാത്ത ഒരാളായതുകൊണ്ട് ഇതെല്ലാം സഹമന്ത്രിമാർക്ക് ഭാഗിച്ചുകൊടുക്കുന്നതിൽ വിഷമം കാണുമെന്നു് തോന്നുന്നില്ല. ഇനി പതിനൊന്നു മാസത്തേക്കു മതിയല്ലോ? അതു കഴിഞ്ഞാൽ ഈ ഭരണം കേരളത്തിൽനിന്നും തുടച്ചു മാററപ്പെടുമെന്നു ഈ നാട്ടിലെ രാഷ്ട്രീയത്തിലെ എ. ബി. സി. അറിയാവുന്ന എല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ 5 വർഷം തുടർച്ചയായി ഭരണം നടത്തിയെന്നുള്ള വാദമാണ് ഇപ്പോൾ ഉയർത്തിപ്പിടിക്കുന്നതു്. അതു എങ്ങനെയാണെന്നു ഈ രാജ്യത്തിലെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. റി. കൃഷ്ണയ്യർ ഇവിടെ പറഞ്ഞ രംഗം ഒരു വശത്തു്. അതിനപ്പുറത്തു വേറൊരു വശമുണ്ട്. കമ്മ്യൂണിസ്ററുകാർ ഇവിടെ അധികാരത്തിലിരുന്ന കാലത്തു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞു്]

അവരെ പുറത്തിറക്കാനുള്ള വിമോചന സമരം ആരംഭിച്ച കാലത്തു മററെല്ലാ ശക്തികളും കൂടി സംഘടിച്ച് അതായതു് കോൺഗ്രസ്, പി. എസ്. പി, മുസ്ലീംലീഗ്, ആർ. എസ്. പി. പാർട്ടിബന്ധമില്ലാത്ത സ്വതന്ത്രന്മാർ ഇവരെല്ലാം കൂടിചേർന്ന് ഒററക്കെട്ടായിനിന്നു ഒരേ ശബ്ദം ഉയർത്തിയതിന്റെ ഫലമായിട്ടാണു് ഒരു ഗവൺമെൻറു് ഇവിടെ രൂപീകരിക്കാൻ സാധിച്ചതു്. അതിൽ കോൺഗ്രസിന്റെയും മുസ്ലീംലീഗിന്റെയും, പി. എസ്. പി. യുടെയും ആർ. എസ്. പി. യുടെയും സ്വതന്ത്രന്റെയും വോട്ടില്ലേ? അക്കാര്യം നിങ്ങൾ സമ്മതിക്കുന്നില്ലേ? അതു നിഷേധിക്കാനുള്ള ചങ്കുററം നിങ്ങൾക്കുണ്ടോ? ഉണ്ടെങ്കിൽ അതു് എട്ടുപത്തു് മാസം കഴിഞ്ഞു നിങ്ങൾ ജനങ്ങളെ സമീപിക്കുമ്പോൾ, ആ ചങ്കുററം അതോടെ അലിഞ്ഞലിഞ്ഞു് പോയിക്കൊള്ളും. ഇവിടെ ആദ്യം കോൺഗ്രസും പി. എസ്. പി. യും മുസ്ലീംലീഗും ചേർന്നുകൊണ്ടുള്ള ഒരു ഗവൺമെൻറു രൂപീകരിച്ചു ഭരണം ആരംഭിക്കുമെന്നു ജനങ്ങളെ വിശ്വസിപ്പിച്ചു. ഫലം എന്തായി. ആദ്യം മുസ്ലീംലീഗിനെ അതിൽനിന്നും തള്ളി. സാങ്കേതിക കാരണങ്ങൾ പറയുന്നുണ്ടു്. അതിനുശേഷം തുരങ്കം വച്ചുവച്ചു് രാഷ്ട്രീയത്തിൽ വൃദ്ധനായ ഒരു യുവാവിനെക്കാൾ യുവത്വമുള്ള ഒരാളിനെ ഇവിടെ നിന്നും പഞ്ചാബിലേക്കയച്ചു. അങ്ങനെ പി. എസ്. പി കക്ഷിയിൽ തുരങ്കം വെച്ചു ആ കക്ഷിയും തള്ളപ്പെട്ടു. ഇതെല്ലാം ചെയ്തു കോൺഗ്രസാണു സ്റ്റെബിലൈസിഡായിട്ടുള്ള ഒരു പാർട്ടിയാണെന്നു ശ്രീ. സ്റ്റീഫൻ പറഞ്ഞതു്. കോൺഗ്രസിനു അന്നത്തെ തിരഞ്ഞെടുപ്പിൽ എത്ര വോട്ടു കിട്ടിയെന്നുള്ളതിനെപ്പററി ആലോചിക്കണം.

ഈ നിലയിൽ സംസാരിക്കാനുള്ള കഴിവ് ശ്രീ. സ്റ്റീഫനു മാത്രമെയുള്ളുയെന്നുള്ളതിൽ എനിക്കു സന്തോഷമുണ്ടു്. അത്തരത്തിലുള്ള ഭാവന. പ്രകടനവും അദ്ദേഹത്തിനു മാത്രമെ ഈ സഭയിലുള്ളു. ഏതായാലും എനിക്കു പറയുവാനുള്ളതു് നിങ്ങൾ ജനങ്ങളെ സമീപിക്കേണ്ട കാലം അടുത്തുവരികയാണെന്നാണു്. വിമോചനസമരകാലത്തു ജനങ്ങളോടു് ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾക്കും അവരോടു പറഞ്ഞിട്ടുള്ള വാക്കുകൾക്കും വിരുദ്ധമായി അവരെ കബളിപ്പിക്കുന്ന രീതിയിൽ പ്രവർത്തിച്ചുകൊണ്ടു നിങ്ങൾ ഇപ്പോൾ അധികാരത്തിലിരിക്കുകയാണു്. കൂടെ യോജിച്ചുനിന്ന മുസ്ലീംലീഗിനെയും പി. എസ്. പി. യെയും പുറംതള്ളിയിട്ട് ജനങ്ങൾക്കു നൽകിയിട്ടുള്ള വാഗ്ദാനങ്ങളെ ലംഘിച്ചുകൊണ്ടു ഭരണം നടത്തുകയാണു്. ശ്രീ. സ്റ്റീഫനു് ഇതെല്ലാം ഇവിടെ നിന്നു പറയാമെന്നല്ലാതെ പുറത്തിറങ്ങി പറയാനുള്ള ധൈര്യമില്ല.

ഇന്നലെ എന്റെ പാർട്ടി ചെയർമാനായ ശ്രീ. ചന്ദ്രശേഖരൻ കറപ്ഷനെ സംബന്ധിച്ചു പറയുകയുണ്ടായി. അതു് ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ മാത്രമല്ല ആ ഭാഗത്തും അല്ലെങ്കിൽഈ ഭാഗത്തും ഇരിക്കുന്ന അംഗങ്ങളുടെ ഇടയിൽ ഇല്ലേയെന്നു നോക്കേണ്ടതാണു്. ഒന്നിൽ കൂടുതൽ കാറുകൾ നൽകുന്നതിനുള്ള പ്രചോദനം വ്യവസായവകുപ്പുമന്ത്രിക്കു എങ്ങനെയുണ്ടായി? അതുപോലെ സിമൻറു്, പഞ്ചസാര ചാക്കിൻപടി, നൂറുനൂറു ചാക്കുകളായി വാങ്ങി വിററും പത്രക്കടലാസിനു് പത്രക്കോട്ടാ അനുവദിച്ചിട്ടുള്ള കോട്ട വാങ്ങിച്ചു എറണാകുളത്തും മദ്രാസിലുമുള്ള മാർക്കററിൽ വിററും പണം ഉണ്ടാക്കുന്നവരില്ലേ? വിററവരുടെ പേരുകൾ ഞാൻ ഇപ്പോൾ പറയുന്നില്ല. ആവശ്യമുള്ള ഘട്ടത്തിൽ അതു് വെളിപ്പെടുത്തുവാനും കഴിയും. പാവപ്പെട്ട ഉദ്യോഗസ്ഥന്മാർ പട്ടിണികൊണ്ടു് നിവൃത്തിയില്ലാതെ മക്കളെ പഠിപ്പിക്കാൻ കഴിവില്ലാതെ ദാരിദ്ര്യത്തിൽനിന്നും ഒഴിഞ്ഞു മാറുന്നതിനുവേണ്ടി അഞ്ചോ പത്തോ രൂപ കൈക്കൂലി വാങ്ങിച്ചിരിക്കാം. പക്ഷേ അതു മാത്രം ഉയർത്തിപ്പിടിക്കുന്നവർ മററു കാര്യങ്ങളെപ്പററി കൂടി ആലോചിക്കണം. കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജററിനെക്കുറിച്ചു ഞാൻ സംസാരിച്ചപ്പോൾ മുഖ്യമന്ത്രിയുടെയും ഇപ്പോൾ പുറകിലിരിക്കുന്നതായ അന്നത്തെ ഹോം മിനിസ്റ്ററുടെയും, വ്യവസായ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽ ഒരുകാര്യം പെടുത്തുകയുണ്ടായി. അതായതു് സ്പിൻഡിലിന്റെ വിതരണകാര്യം. ഇൻഡസ്ട്രീസ് മിനിസ്റ്റർ സ്പിൻഡിലുകൾ വിതരണം ചെയ്ത രീതികളോടു് ബന്ധപ്പെട്ട ചിലർക്കു ലക്ഷക്കണക്കിനു രൂപ പാരിതോഷികമായി ലഭിക്കാൻ സന്ദർഭം ഉണ്ടായതായി കേട്ടിട്ടുണ്ടെന്നും അതിനു

LIBRARY ARCHIVES Kerala Legislative Assembly

ചിലർക്ക് നൽകിയിട്ടുള്ള ചെക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ രഹസ്യമായി ചോദിച്ചാൽ തരാമെന്നും ഞാൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞിരുന്നു. എന്നാൽ മുഖ്യമന്ത്രിയോ ആഭ്യന്തരവകുപ്പുമന്ത്രിയോ വ്യവസായ വകുപ്പുമന്ത്രിയോ ആരും തന്നെ എന്നോട് ഇതുവരെയും അതു ചോദിച്ചിട്ടില്ല. പരസ്യമായിട്ട് അതു ഇവിടെവച്ചു പറയണമോ എന്നു കരുതിയാണു ഞാൻ രഹസ്യമായി തരാമെന്നു പറഞ്ഞിരുന്നത്. അങ്ങനെ അവർ എന്നോട് ചോദിക്കാത്ത നിലയിൽ ഇന്നു ഏതു വിധത്തിലാണു ഭരണം നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് അതിൽനിന്നൊക്കെ എല്ലാവർക്കും അനുമാനിക്കാൻ കഴിയുന്നതാണ്.

ശ്രീ. ആർ. ശങ്കർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പാരിതോഷികമായി വാങ്ങിയ ലക്ഷക്കണക്കിനുള്ള രൂപയുടെ ചെക്കിന്റെ നമ്പർ തരാമെന്നു പറഞ്ഞതു് രഹസ്യമായിട്ടെങ്കിലും ചീഫ് മിനിസ്റ്ററെ ഏൽപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞ്: എന്നോടു ഇതുവരെയും അതു് ആരും രഹസ്യമായിട്ട് ചോദിച്ചിട്ടില്ല. ചോദിച്ചാൽ അതു് തരാനും ഞാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. എ. ദാമോദരമേനോൻ: എപ്പോഴെങ്കിലും സൗകര്യപൂർവ്വം അതു ചീഫ് മിനിസ്റ്ററെ ഏൽപ്പിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതിപ്പോൾ തരാൻ എന്റെ കൈവശമില്ല. ഒരു വർഷത്തിനുമുമ്പുള്ള എന്റെ ആരോപണമായിരുന്നു അതു്. സൗകര്യപൂർവ്വം ചോദിച്ചാൽ അതിന്റെ വിവരങ്ങൾ തരാവുന്നതുമാണ്.

അതുപോലെ തന്നെ ഇവിടെ കേവലം കക്ഷിരാഷ്ട്രീയം മുൻനിറുത്തിയുള്ള പ്രേരണകളും സ്വാധീനവും ചെലുത്തിക്കൊണ്ടാണു ഭരണം നടത്തുന്നതു്. ചില ഉദാഹരണങ്ങൾ ഞാൻ പറയാം. ഇവിടെ ഖാദി ബോർഡ് രൂപീകരിച്ചു. അതുപോലെതന്നെ കയർ ബോർഡു് രൂപീകരിച്ചു. അതിലെല്ലാം തന്നെ പി. എസ്. പി.യിൽനിന്നും ഒരംഗമെങ്കിലുമുണ്ടോ? മുസ്ലീംലീഗിൽ നിന്നു് ഒരാളെങ്കിലുമുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: കയർബോർഡ് രൂപീകരിക്കുന്നതു് ഈ ഗവണ്മെന്റല്ലെന്നു ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: കയർ ബോർഡ് രൂപീകരിക്കുന്നതു് കേരള ഗവണ്മെന്റല്ലെന്നും, സെൻട്രൽ ഗവണ്മെന്റാണെന്നും അറിയാം. പക്ഷേ അതിലെ അംഗങ്ങളുടെ പേരുകൾ നിശ്ചയിച്ചു അയയ്ക്കേണ്ട ചുമതല ഈ ഗവണ്മെന്റിനാണെന്നും അറിയാം.

ശ്രീമതി എ. നഫീസത്തു് ബീവി: വക്കഫ് ബോഡിന്റെ ചെയർമാൻ ആരാണെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: വക്കഫ് ബോർഡിന്റെ ചെയർമാൻ ആരാണെന്നു അറിഞ്ഞുകൂടായെങ്കിൽ ഞാൻ പറയാതെ അതു പിന്നീട് അറിഞ്ഞുകൊള്ളും.

ഖാദിബോർഡ്, കയർബോർഡ് ഈ കമ്മിററികളിലൊക്കെത്തന്നെ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള നയം കേവലം കക്ഷിതാല്പര്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. സർ, ഈ നിയമസഭയിലെ ബഹുമാനപ്പെട്ട ഒരംഗമായ ശ്രീമാൻ ആന്റണി ഡിക്രൂസിനെ കക്ഷിതാല്പര്യത്തിന്റെ ഫലമായി അറസ്റ്റുചെയ്തു ആറേഴു മാസക്കാലം സെൻട്രൽ ജയിലിൽ ഇരുമ്പഴിക്കുള്ളിൽ വച്ചിരുന്നതു് നാമൊക്കെ അറിഞ്ഞിട്ടുള്ളതാണ്. ആ കേസു ചാർജ്ജുചെയ്തതിനുശേഷം കോടതി അദ്ദേഹം കുററക്കാരനല്ലെന്നുകണ്ട് വെറുതേവിട്ടതും ഒരു വസ്തുതയാണ്. ഇതെല്ലാം കക്ഷിതാല്പര്യത്തിന്റെ ഫലമാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞു്]

കഴിഞ്ഞ ദിവസം പൊതുമരാമത്തുവകുപ്പുമന്ത്രി ശ്രീ. പി. പി. ഉമ്മർകോയ ഇവിടെ ചോദിച്ച ഒരു ചോദ്യത്തിനു ഉത്തരം പറഞ്ഞ വേളയിൽ എറണാകുളം ആലപ്പുഴ റയിൽവേയെ സംബന്ധിച്ചുണ്ടായ ഒരു ഉപചോദ്യത്തിനുത്തരമായി ആലപ്പുഴ മാവേലിക്കര റയിൽവേ നീട്ടുന്ന കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു പറഞ്ഞു. ആലപ്പുഴയിലെ വാണിജ്യവ്യവസായ സംഘടനകൾ ട്രാവൻകൂർ ചേമ്പർ ആഫ് കാമേഴ്സ് മുതലായ സംഘടനകൾ, ആലപ്പുഴയിലെ ജനങ്ങളുടെ പ്രാതിനിദ്ധ്യം വഹിക്കുന്ന പല രാഷ്ട്രീയകക്ഷികളുമെല്ലാം ആലപ്പുഴ എറണാകുളം റയിൽവേ ലൈൻ നീട്ടണമെന്നും ആലപ്പുഴയും കൊല്ലത്തിനും മദ്ധ്യേ കായംകുളം പട്ടണവുമായിബന്ധിച്ചു കൊല്ലം ലയിനുമായി ചേർക്കണമെന്നു് നിവേദനം വളരെക്കാലമായി സമർപ്പിച്ചുകൊണ്ടിരിക്കുകയാണു്. അതിനു വിപരീതമായിട്ടാണു് മന്ത്രിയുടെ മറുപടി. അതുകൊണ്ടു് ആലപ്പുഴ കായംകുളം റയിൽവേ ലൈൻ നീട്ടത്തക്ക രീതിയിൽ നടപടി എടുക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അല്ലാതെ ആലപ്പുഴ—മാവേലിക്കരയിലല്ല വേണ്ടതു്.

അതുപോലെ കോസ്റ്റൽഭാഗത്തു് എന്തെങ്കിലും പരിരക്ഷ നൽകുകയാണെങ്കിൽ അതും കക്ഷിതാല്പര്യത്തിന്റെ പേരിൽ നൽകുന്നതാണു് മറെറാരു പ്രയാസം. കൊല്ലത്തിനും ആലപ്പുഴയ്ക്കും മദ്ധ്യേ കോസ്റ്റൽ ഏരിയായിൽ കോൺഗ്രസ്സുകാർ ആരെങ്കിലും ജയിച്ചിട്ടുണ്ടെങ്കിൽ അതു് ആലപ്പുഴ ശ്രീമതി നഫീസത്തു ബീവിയും, കൊല്ലത്തു് അവരുടെ കസിനായ റഹീമുമാണു്. അതിനു മദ്ധ്യേയുള്ള സ്ഥലം നാൺകാൺഗ്രസ്സാണു്. കാൺഗ്രസ്സ് ജയിച്ചിട്ടില്ലാത്ത പ്രദേശങ്ങളോടെല്ലാം ഗവണ്മെൻറു പക്ഷപാതിത്വം ഒരു ചിററമ്മനയം കാണിക്കുന്നുണ്ടെന്നു പറയത്തക്കവണ്ണമാണു് ഇന്നു പെരുമാറുന്നതു്. റോഡു നന്നാക്കുന്ന കാര്യത്തിലായാലും ശരി, വ്യവസായങ്ങൾ നൽകുന്ന കാര്യത്തിലായാലും ശരി, ആശുപത്രിക്കാര്യത്തിലായാലും ശരി, പോലീസ് നിയമസംരക്ഷണം നൽകുന്ന കാര്യത്തിലായാലുംശരി ഗവണ്മെൻറു് വളരെ പക്ഷപാതിത്വം കാണിക്കുന്നുണ്ടു്. കോസ്റ്റൽ ഏരിയായിലെ ഡവലപ്പുമെൻറിനാവശ്യമുള്ള കാര്യങ്ങളൊന്നുംതന്നെ ശ്രദ്ധിക്കുന്നില്ല. എനിക്കു് വ്യവസായമന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യംകൂടി പെടുത്തുവാനുണ്ടു്. തീരപ്രദേശത്തു താമസിക്കുന്ന ആളുകൾ വളരെ പാവപ്പെട്ടവരാണു്. അവർ കടലിനെ ആശ്രയിച്ചു ജീവിക്കുന്നവരാണു്. അവർക്കു് എല്ലാക്കാലത്തും മത്സ്യം പിടിക്കാൻ പോകുവാൻ സാധിക്കുകയില്ല. ചില പ്രത്യേക കാലങ്ങളിൽ മാത്രമേ അവർക്കു് ഇതിനു് സാധിക്കുകയുള്ളു. ബാക്കി കാലമത്രയും അവർ മുഴുപട്ടിണിയിലാണു് കഴിഞ്ഞുകൂടുന്നതു്. അതുകൊണ്ടു് അവർക്കു് എന്തെങ്കിലും തൊഴിൽ കൊടുക്കാൻ ഗവണ്മെൻറു് പ്രത്യേകം ശ്രദ്ധിക്കണം. ഗവണ്മെൻറു ബാദ്ധ്യസ്ഥരുമാണു്. ആലുവാ, പെരുമ്പാവൂർ, അങ്കമാലി തുടങ്ങിയ പ്രദേശങ്ങളിൽ മാത്രമായി ഇന്നു വ്യവസായങ്ങൾ കേന്ദ്രീകരിച്ചിരിക്കുകയാണു്. ഇന്നു് രാജ്യത്തിന്റെ എല്ലാഭാഗത്തുമുള്ള ഒരു രൂക്ഷപ്രശ്നമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി, ദാരിദ്ര്യം തീർക്കുന്നതിനുവേണ്ടി വ്യവസായങ്ങൾ പലയിടത്തായി വിവിധ താലൂക്കുകളിലായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്</u>: സർ, മുഖ്യമന്ത്രി ചെയ്ത ബഡ്ജററു പ്രസംഗത്തിന്റെ ഉള്ളിലേയ്ക്കു് കടക്കുന്നതിനുമുൻപു് ഈ ബഡ്ജററു ചർച്ചക്കിടയ്ക്കുവന്നിട്ടുള്ള ഒരുപ്രധാന പ്രശ്നത്തെപ്പററി ഒന്നു രണ്ടു വാക്കു പറയുവാൻ ഞാനാഗ്രഹിക്കുന്നു. അതു കീരിത്തോട്ട് സംഭവത്തെ സംബന്ധിച്ചാണു്. അതിൽ പറയുവാനുള്ളതെല്ലാം ഈ ഭാഗത്തും ആ ഭാഗത്തുമിരിക്കുന്ന മെമ്പറന്മാർ പറഞ്ഞുകഴിഞ്ഞു. പക്ഷേ അവസാനമായി ഇന്നു മിസ്റ്റർ ബാവ അതേസംബന്ധിച്ചു സംസാരിച്ച സ്ഥിതിക്കു് അതിനെപ്പററി ഒരുകാര്യം പറയണമെന്നു് ഞാൻ വിചാരിക്കുന്നു. അവിടെ ജനങ്ങളുടെ പ്രകോപനമുണ്ടായപ്പോൾ പോലീസ് എന്തോ ചെയ്തു എന്നുള്ളതു വരുത്താനാണു് അദ്ദേഹം ശ്രമിച്ചതു്. അങ്ങനെ ഒരു വെർഷൻ ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ അതു്

LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ വെർഷനാണ്. പോലീസിന്റെ വെർഷനെതിരായിട്ട് പ്രകോപനം പോലീസിന്റെ ഭാഗത്തുനിന്നാണ് ഉണ്ടായതെന്ന് വെർഷനുണ്ട്. ഇതിൽ ചിലതിന്റെയെങ്കിലും കാര്യത്തിൽ അവിടെ പോയി കണ്ടിട്ട് എനിക്കുണ്ടായ ഇംപ്രഷൻ—അതിൽ കൂടുതൽ പറയുവാൻ സാദ്ധ്യമല്ല—മൂന്നുനാലു മണിക്കൂർ എന്തു സംഭവങ്ങളൊക്കെ നടന്നു. മൂന്നു ദിവസത്തിനുശേഷം നടന്ന സംഭവങ്ങൾ അവിടെ കണ്ടതു് ഇവിടെ പറയുമ്പോൾ ഇംപ്രഷൻ എന്നുള്ളതിൽ കൂടുതൽ പറയാൻ സാദ്ധ്യമല്ല. എങ്കിലും ആ ഇംപ്രഷൻ കുറെ സംഭവങ്ങളെ സംബന്ധിച്ചെങ്കിലും പോലീസിന്റെ ഭാഗത്തുനിന്നാണ് പ്രകോപനമുണ്ടായതെന്നാണ്. അവിടെയുണ്ടായിരുന്ന കടകൾ കത്തിച്ചതു് പോലീസാണെന്നാണ് മനസ്സിലായതു്. അതുപോലെ വെടിവെപ്പ് നടന്നോ ഇല്ലയോ? ഇതൊക്കെ അന്വേഷണത്തിൽനിന്നേ തെളിയുകയുള്ളു. ഏതായാലും വെടിവെപ്പുകാര്യം അന്വേഷണത്തിനയയ്ക്കുമ്പോൾ വെടിവെപ്പൊഴിച്ചു് പോലീസിന് ചെയ്യാവുന്ന മററു മർദ്ദനമുറകൾ മുഴുവനും ചെയ്തിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. ആ സ്ഥിതിക്കു് ജനങ്ങളുടെയും പോലീസിന്റെയും വെർഷൻ ഉണ്ടായിട്ടുള്ള സ്ഥിതിക്കും, മുമ്പൊരിക്കൽ ഞാൻ പറഞ്ഞതുപോലെ കള്ളക്കഥകൾ പ്രചരിപ്പിച്ചിരിക്കുന്നതാണെന്ന് മുഖ്യമന്ത്രി പറയുന്ന ദീപിക പത്രം പോലുള്ള പത്രങ്ങൾ വായിക്കാത്ത പ്രദേശത്തുള്ളതായ ജനങ്ങൾപോലും പറയുന്നതു് പോലീസിന്റെ വെർഷനെതിരായാൽപോലും ഒരു ജുഡീഷ്യൽ അന്വേഷണത്തിൽ കുറഞ്ഞ യാതൊന്നുകൊണ്ടും ജനങ്ങൾ തൃപ്തരാവുകയില്ല എന്താണ് ഇതുമാത്രമേ എനിക്കു് അതേപ്പററി ഈസന്ദർഭത്തിൽ പറയുവാനുള്ളു.

ഇനി ഈ ബഡ്ജററിനെപ്പററി പറയാം. ബഡ്ജററു സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു് ഗവർണ്ണർ ചെയ്ത പ്രസംഗത്തെ സംബന്ധിച്ചു് ഞാനൊരു കാര്യം പറഞ്ഞിരുന്നു. അതു് ഇപ്പോഴും ആവർത്തിക്കേണ്ടിവന്നതിൽ എനിക്കു ഖേദമുണ്ടു്. അതായതു് അന്നത്തെ ഗവർണ്ണരുടെ ആ പ്രസംഗത്തിലെതുപോലെ തന്നെ ഈ ബഡ്ജററു പ്രസംഗത്തിലും കേരളത്തിന്റെ സ്ഥിതിഗതികളെ സംബന്ധിച്ചു് അയഥാർത്ഥമായ ഒരു ചിത്രമാണ് വരച്ചിട്ടുള്ളതു്. അപ്രകാരമൊരു ചിത്രം വരച്ചു് ആളുകളെ തെററിദ്ധരിപ്പിക്കുന്നതിനു് അതിൽ കൂടുതലുള്ള പദം പ്രയോഗിക്കുന്നതു് അൺപാർലമെന്ററിയാണെന്നു പറഞ്ഞു് അങ്ങു് വിലക്കും. അതുകൊണ്ടു പറയുന്നില്ല, ആളുകളെ കരുതിക്കൂട്ടി പററിക്കുന്നതിനുള്ള അയഥാർത്ഥമായിട്ടുള്ള ഒരു ചിത്രമാണ് ഇതിൽ വരച്ചിട്ടുള്ളതു്. വിശേഷിച്ചു് ഞാനുദ്ദേശിക്കുന്നതു് പഞ്ചവത്സരപദ്ധതികളുടെ ഫലമായി ഇവിടെ ഉണ്ടായിട്ടുള്ള പുരോഗതിയെ സംബന്ധിച്ചു് ഈ പ്രസംഗത്തിൽ പറയുന്നതു് സത്യത്തിനു നേരെ വിപരീതമാണ്. കാര്യങ്ങൾ മുഴുവൻ വിസ്തരിക്കുവാൻ സമയമില്ല. എങ്കിലും ഒന്നുരണ്ടു സംഗതികൾ മാത്രം പറയാം. ഇതിൽ പറഞ്ഞിരിക്കുന്നതു്

> 'In short, the climate is now more favourable than it was at any time before, and the State is proceeding steadily towards the goal of industrialisation. We are, I should think, turning the corner'.

ഇതു സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു പ്രസ്താവനയാണ്. ബഹുമാനപ്പെട്ട വ്യവസായമന്ത്രി ആവർത്തിച്ചാവർത്തിച്ചു പറയാറുണ്ടു് പുതിയതായി ഇത്ര വ്യവസായം തുടങ്ങുന്നു, വമ്പിച്ച പുരോഗതിയാണ് എന്നെല്ലായ ഈ ബഡ്ജററു പ്രസംഗത്തോടൊപ്പംതന്നെ ഞങ്ങൾക്കു വിതരണം ചെയ്തിട്ടുള്ള എക്കണോമിക് റെവ്യൂവിൽ പറഞ്ഞിട്ടുള്ള ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു് എന്റെ സുഹൃത്തു് ശ്രീ. അച്ചുതമേനോൻ ചില കാര്യങ്ങൾ പറയുകയുണ്ടായി. വേറെ ചില സംഗതികൾകൂടി ഈ സന്ദർഭത്തിൽ പറയുവാൻ ഞാനാഗ്രഹിക്കുന്നു.

ഇൻഡ്യയിൽ പഞ്ചവത്സരപദ്ധതികൾ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലും വ്യവസായങ്ങൾ വളരുന്നുണ്ടു്. മുമ്പില്ലാത്ത ഫാക്ടറികൾ പലതും പലേടത്തും സ്ഥാപിക്കുന്നുണ്ടു്. [illegible]

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. ശങ്കരൻ നമ്പൂതിരിപ്പാട്]

ആളുകൾക്ക് കൂടുതലായി ജോലി കിട്ടുന്നുണ്ട്. എന്നാൽ കേരളത്തിലുണ്ടായിട്ടുള്ളതിനേക്കാൾ കൂടുതൽ വ്യവസായങ്ങൾ മററു സംസ്ഥാനങ്ങളിലുണ്ടായിട്ടുണ്ടെന്നതാണ് നേര്. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടെ കൂടുതൽ വ്യവസായങ്ങൾ ഈ പദ്ധതികാലത്തു് ഉണ്ടായിട്ടുണ്ടോ എന്നതാണ് മറെറാരു പ്രശ്നം. ഇതിനെ സംബന്ധിച്ച് കക്ഷിവ്യത്യാസമില്ലാതെ ഇവിടത്തെ ജനങ്ങളാകെ പറയുന്നതു് ഇൻഡ്യയിലാകമാനം ഉണ്ടായിട്ടുള്ള വ്യവസായവൽക്കരണത്തിൽ കേരളത്തിനു് അർഹിക്കുന്നതായ പങ്ക് കിട്ടിയിട്ടില്ലെന്നു തന്നെയാണ്. അതു് ഈ സഭ ഏകകണ്ഠമായി അംഗീകരിച്ച് കേരളത്തിന്റെ മൂന്നാം പഞ്ചവത്സരപദ്ധതിയിൽ വളരെ ശക്തിയായിട്ട് ഉന്നയിച്ചിട്ടുള്ളതാണ്. കേരളത്തിന്റെ മൂന്നാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി ഇവിടെ രൂപീകരിച്ച പ്ലാനിംഗ് അഡൈ്വസറി ബോർഡിന്റെയും ആ അഡൈ്വസറി ബോർഡിന്റെ ഇൻഡസ്ട്രീസ് സബ്കമ്മിററിയുടെയും—ആ ഇൻഡസ്ട്രീസ് സബ്കമ്മിററിയുടെ വൈസ് ചെയർമാൻ ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോനായിരുന്നു—ഏകകണ്ഠമായ അഭിപ്രായം ഈ സ്റ്റേററിനു കിട്ടേണ്ടതു് കിട്ടിയിട്ടില്ലെന്നായിരുന്നു. അതു് ഈ സഭതന്നെ അംഗീകരിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ മി. പനമ്പിള്ളിയും, മി. സ്ററീഫനും ഞാനും തമ്മിൽ യാതൊരു അഭിപ്രായവ്യത്യാസവുമുണ്ടായിരുന്നില്ല.

ഈ സ്റ്റേററിനു് വ്യവസായവൽക്കരണത്തിൽനിന്നു് കിട്ടേണ്ടതായ പങ്ക് ഒന്നും രണ്ടും പഞ്ചവത്സരപദ്ധതിയിൽ കിട്ടിയിട്ടില്ല. മൂന്നാം പദ്ധതിയിലെങ്കിലും കിട്ടണമെന്നാണ് നാമെല്ലാം യോജിച്ചാവശ്യപ്പെട്ടതു്. അതു കിട്ടിയില്ലെന്നു മാത്രമല്ല ഈ മൂന്നാം പദ്ധതിയിൽ കേരളത്തിനു കിട്ടേണ്ടതിന്റെ പകുതിപോലും കിട്ടിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. അറുപതുകോടി എഴുപതുകോടി എന്നെല്ലാം കണക്കു പറയുന്നുണ്ട്. അതെല്ലാം എത്രത്തോളം ശരിയാണ്? മൂന്നാംപദ്ധതി കഴിയുന്നതിനുമുൻപേ ഇതു വരുമെന്നെല്ലാമുള്ള കാര്യം അവിടെയിരിക്കട്ടെ. അതിനെ സംബന്ധിച്ച് സ്പെസിഫിക്കായിട്ടുള്ള ഒരു വിലയിരുത്തൽ നൽകാൻ ഇപ്പോൾ ഞാനാഗ്രഹിക്കുന്നില്ല. അതെല്ലാം ശരിയാണെന്ന വാദം സംസ്ഥാന ഗവണ്മെൻറ് സമ്മതിക്കുകയാണെങ്കിൽപോലും കേരളം അർഹിക്കുന്നതു് കിട്ടുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. മൂന്നാം പദ്ധതിയനുസരിച്ച കേരളത്തിനു കിട്ടേണ്ടതായ ഷിപ്പ് ബിൽഡിംഗ് യാർഡുകൂടി ഇൻഡസ്ട്രിസിൽ ഉൾപ്പെടുത്തുകയാണെങ്കിൽ 120 കോടി രൂപ കിട്ടാൻ നമുക്ക് അർഹതയുണ്ട്. എന്തുകൊണ്ടെന്നാൽ ഷിപ്പ് ബിൽഡിംഗ് യാർഡ് ഇൻഡസ്ട്രീസിലല്ല ട്രാൻസ്പോർട്ടിലാണ് പെടുത്തിയിട്ടുള്ളതു്. അപ്പോൾ അതുകൂടി ഇൻഡസ്ട്രീസിൽ കിട്ടിയിട്ടുള്ളതുമായി കണക്കെടുക്കുകയാണെങ്കിൽ ഇൻഡസ്ട്രീസും ട്രാൻസ്പോർട്ടുംകൂടി ആറാം ഇൻഡ്യാ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള സംഖ്യയിൽ കേരളം അർഹിക്കുന്നതായ 120 കോടി ഉറപ്പിക്ക നമുക്ക് കിട്ടേണ്ടതാണ്. ആ സ്ഥിതിയിൽ മന്ത്രിയുടെ കണക്കനുസരിച്ചുള്ള 60, 70 കോടി കിട്ടിയാലും മൂന്നാം പദ്ധതിയിൽ കേരളം അർഹിക്കുന്നതിന്റെ പകുതിയേ വരുന്നുള്ളു. ആ യാഥാർത്ഥ്യം പുറത്തുപറയാതെ ഇന്നുപോലും കേന്ദ്രം നമ്മുടെ നേക്ക് അവഗണന കാണിച്ചു വരികയാണെന്ന പരമാർത്ഥം മൂടിവച്ചുകൊണ്ട് ഞങ്ങൾ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി കേരളത്തിനു് അർഹിക്കുന്നതു് വാങ്ങി എടുത്തു എന്നുള്ള അയഥാർത്ഥ്യവും അസത്യവുമായ പ്രചരണങ്ങളാണ് നിങ്ങൾ നടത്തുന്നതു്. ഇതാണ് ഒന്നാമത്തെ കാര്യം. രണ്ടാമതു് വ്യാവസായിക പുരോഗതിയുടെ ഫലമായി ഉണ്ടായിട്ടുള്ള ഫാക്ടറി തൊഴിലാളികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവു പരിശോധിക്കാം. ഈ വർഷത്തെ എക്കണോമിക് റവ്യൂവിൽനിന്നും മുമ്പുണ്ടായിരുന്നതായിട്ടുള്ള എക്കണോമിക് റവ്യൂകളിൽനിന്നും എടുത്തിട്ടുള്ള പല കണക്കുകൾ ഞാൻ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് 1959-ൽ ആന്ധ്രയിൽ 206,000 ആയിരുന്നതു് 1962-ൽ 231,000 ആയി, അതായതു് 25,0000 കൂടുതൽ. ആസ്സാമിൽ 61,000 ആയിരുന്നതു് 68,000 ആയി. ഏഴായിരം കൂടുതൽ. ബീഹാറിൽ 182,000 ആയിരുന്നതു് 195,000 ആയി. 13,000 കൂടുതൽ. മഹാരാഷ്ട്രയും ഗുജറാത്തും കൂടിയൽ പഴയ ബോംബേയിൽ 11,92,600 ആയിരുന്നതു് 12,06,000 ആയി. 13400 കൂടുത

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ 165 ആയിരം ആയിരുന്നതു് 171 ആയിരം ആയി. അതായതു് കേരളത്തിൽ ആറായിരം കൂടിയപ്പോൾ ആന്ധ്രായിൽ 25,000 കൂടി. മററു സ്റ്റേററുകളുമായി താരതമ്യപ്പെടുത്തിയാലും സ്ഥിതി ഇതുതന്നെയാണു്.

വ്യവസായത്തെപ്പററി പറയുമ്പോൾ ഏററവും പ്രധാനമായിട്ടുള്ള മറെറാരു കാര്യം ഇതിനുമുമ്പുള്ള എല്ലാ എക്കണോമിക് റിവ്യൂകളിലും ഊന്നിപ്പറഞ്ഞിട്ടുള്ള കാര്യംകൂടി ഇവിടെ എടുത്തു പറയേണ്ടതുണ്ടു്. കേരളത്തിൽ വ്യവസായം ഇല്ല എന്നുള്ളതിനേക്കാൾ പ്രധാനമായി, ഇവിടെയുള്ള വ്യവസായങ്ങൾ വളരെ പിന്നാക്കനിലയിൽ ഉള്ളതാണെന്നാണു്. അതായതു് വ്യവസായവൽക്കരണത്തിന്റെ ഭാഗമായി അതിന്റെ ഏററവും സജീവഭാഗമായി പറയുന്ന മുഖ്യ വ്യവസായങ്ങളുടെ കാര്യത്തിലാണു് ഇവിടെ ബുദ്ധിമുട്ടുള്ളതു്. ഉദാഹരണത്തിനു് കേരളത്തിലെ മുഖ്യവ്യവസായംതന്നെ എന്താണു്? ഒന്നാമത്തെ വ്യവസായം കശുവണ്ടിയാണു്. കശുവണ്ടി വ്യവസായംകൊണ്ടു് വ്യവസായവൽക്കരണമായി എന്നു പറയുകയാണെങ്കിൽ എത്ര പരിഹാസ്യമാണതു്. കശുവണ്ടിയും കയറുംപോലുള്ള വ്യവസായങ്ങളാണു് ഇവിടെ വ്യവസായരംഗത്തു് ഏററവും പ്രധാനമായി നിൽക്കുന്നതെന്നുള്ളതാണു് ഇവിടത്തെ സാമ്പത്തിക വ്യവസ്ഥിതിയുടെ ഏററവും വലിയ ദൗർബല്യം. ആ ദൗർബല്യത്തിനു് ഇപ്പോഴും യാതൊരു കുറവുമില്ല. ഈ എക്കണോമിക് റിവ്യൂവിൽ തന്നെ കൊടുത്തിട്ടുള്ളതു നോക്കുക. ഏററവും പ്രധാനപ്പെട്ടതായ ചില വ്യവസായങ്ങളെപ്പററി പറയാം. മെററൽ പ്രൊഡക്ട്സ് ആൻറ് മെഷീനറി കേരളത്തിലാകെയുള്ള വ്യവസായങ്ങൾ 3·17 ശതമാനമാണു്. ആൾ ഇൻഡ്യയ്ക്കാണെങ്കിൽതന്നെ 11·6 ശതമാനമാണു്. ആൾ ഇൻഡ്യയിലുള്ളതിന്റെ മൂന്നിലൊന്നുപോലും കേരളത്തിനില്ല. തൊട്ടുകിടക്കുന്ന സംസ്ഥാനമായ മദിരാശിയിലാണെങ്കിൽ 10·49 ശതമാനമാണു്. ഇതുമാതിരി ധാരാളം കണക്കുകൾ ഇതു നോക്കിയാൽ കാണാം. മൊത്തത്തിൽ കാണുന്നതെന്താണു്? കേരളത്തിലുള്ള വ്യവസായങ്ങളിൽ 50·19 ശതമാനം അതായതു് പകുതി Food and Beverage എന്നുള്ള ഇനത്തിലാണു് ഉള്ളതു്. Food and Beverage ഇനത്തിൽ ഏററവും പ്രധാനമായതു് കശുവണ്ടിയാണു്. Food and Beverage ആണെന്നുണ്ടെങ്കിൽ ആൾ ഇൻഡ്യാ ശതമാനം വെറും 13·94 ആണു്. കൂടുതൽ കണക്കുകൾ ഞാൻ പറയുന്നില്ല. ഇക്കാര്യത്തിൽ കഴിഞ്ഞ നാലഞ്ചു കൊല്ലക്കാലമായിട്ടു് വല്ല മാററങ്ങളും വന്നിട്ടുണ്ടോ എന്നു പരിശോധിച്ചുനോക്കി. ഒരു മാററവുമില്ല. അപ്പോൾ വ്യവസായവൽക്കരണത്തിന്റെ കാര്യത്തിൽ ഇൻഡ്യയിലുള്ള സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളത്തിനുള്ള സ്ഥാനത്തിന്റെ കാര്യത്തിൽ യാതൊരു ഇംപ്രൂവ്മെൻറും നടന്നിട്ടില്ല എന്നുള്ളതാണു് യാഥാർത്ഥ്യം.

ഈ പറഞ്ഞതിന്റെ അർത്ഥം കേരളത്തിൽ പുതിയതായി വ്യവസായങ്ങൾ വന്നിട്ടില്ല എന്നല്ല. തീർച്ചയായും വന്നിട്ടുണ്ടു്. ഇതിൽ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നതിൽ ട്രഷറി ബെഞ്ചുകളിലിരിക്കുന്നവരോടൊപ്പംതന്നെ നൂറു ശതമാനം ഞങ്ങളും പങ്കു ചേരുന്നു. പക്ഷേ ഏതാനും ചില വ്യവസായങ്ങൾ ഉണ്ടായിട്ടുണ്ടെന്നു കണ്ടു വ്യവസായവൽക്കരണത്തിൽ കേരളത്തിനു് മുമ്പുണ്ടായിരുന്ന പിന്നാക്കനില അവസാനിച്ചുകഴിഞ്ഞിരിക്കുന്നു. കേരളത്തിന്റെനേരെ കേന്ദ്രം അനുവർത്തിച്ചുപോരുന്ന വിവേചനനയം ഇല്ലാതെ കണ്ടായിരിക്കുന്നുവെന്നെല്ലാം പറഞ്ഞുപരത്തുന്നതു് ആളുകളെ തെററിദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണു്. ഇതിനെപ്പററി ഇതിൽ കൂടുതൽ സംസാരിക്കാൻ സമയമില്ല.

ഇനി കൃഷിയുടെ കാര്യമെടുക്കാം. കൃഷിയുടെ കാര്യത്തിൽ ഇതിൽ പറയുന്നതെന്താണു്?

The State's agriculture fared well during 1962-63 when compared with the all-India picture. എന്നു പറഞ്ഞിട്ടു് The index number of agricultural production rose from 108.4 in 1961-62 to 111.O in 1962-63, recording an increase of 2.4 per cent over the year. എന്നാണു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ കൊല്ലത്തേക്കാൾ മൂന്നു ശതമാനം കൂടുതൽ അഭിവൃദ്ധി വന്നിട്ടുണ്ടെന്നാണ്. പക്ഷേ ഇവിടെ പ്രസക്തമായ മറെറാരു പരമാർത്ഥം മറച്ചുവച്ചിട്ടുണ്ട്. 1961–62-ൽ അതിന്റെ മുമ്പത്തെ കൊല്ലത്തേക്കാൾ ആറു ശതമാനം കുറഞ്ഞിരുന്നു. അതായത് ആറു ശതമാനം കുറഞ്ഞു കഴിഞ്ഞ ഒരു വർഷത്തെ അപേക്ഷിച്ച് ഇപ്പോൾ മൂന്നു ശതമാനം കൂടി. ഇതാണ് ഇപ്പോൾ സാററിസ്ഫാക്ടറിയായി ചിത്രീകരിക്കുന്നത്. എക്കണോമിക് റിവ്യൂ തന്നെ എടുത്താൽ മറെറാന്നു കാണാൻ സാധിക്കും. അതായത് കാർഷികോൽപ്പാദനത്തിൽ വന്ന അഭിവൃദ്ധിയുടെ കാരണം കൃഷി ചെയ്യുന്നതിനുള്ള ഏരിയാ വർദ്ധിച്ചതാണ്. ഉദാഹരണത്തിന് നെല്ലിന്റെ ഉൽപ്പാദനം വർദ്ധിച്ചതെങ്ങിനെയാണ്?

The area under rise increased by 1.27 lakh acres (7%) and production by 88,000 tons (9%) during the year. പ്രൊഡക്ഷൻ ഇൻക്രീസ് ചെയ്തത് 9 ശതമാനം ആണ്. അതും ആറു ശതമാനം കുറവുള്ള ഒരു വർഷത്തെ അപേക്ഷിച്ച് ഒമ്പത് ശതമാനം വർദ്ധനവാണിപ്പോൾ. 1959-60 മുതൽക്ക് 1962–63 വരെയുള്ള കാലത്തെ കണക്കെടുത്തുനോക്കിയതിൽ പെർ ഏക്കർ പ്രൊഡക്ഷൻ വർദ്ധിച്ചിട്ടില്ല. തേങ്ങയുടെ കാര്യം ഇതിലും മോശം നിലയിലാണ്. പൊതുവിൽ പറയുകയാണെങ്കിൽ കൃഷിയുടെ കാര്യത്തിലും വർദ്ധിച്ച അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നുള്ള അവകാശവാദം ശരിയല്ല.

ഈ പറയുന്നതിന്റെ അർത്ഥം പുതിയ വിത്ത്, വളങ്ങൾ, ജലസേചന സൗകര്യം മുതലായവ നടപ്പിൽ വന്നതിന്റെ ഫലമായി ചില പ്രദേശങ്ങളിൽ അഭിവൃദ്ധി ഉണ്ടായിട്ടില്ലെന്നല്ല. അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. പക്ഷേ ഓവറാളായി നമ്മുടെ നാട്ടിലെ കൃഷി അഭിവൃദ്ധിപ്പെട്ടുവരികയാണെന്നുള്ള അവകാശവാദത്തിന് യാതൊരു ന്യായവുമില്ല.

മൂന്നാമത്തെ കാര്യം മന്ത്രിയും ഭരണകക്ഷിഅംഗങ്ങളും അങ്ങേയററം കൊട്ടിഘോഷിക്കുന്ന ഒന്നാണ്. അത് ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സാമൂഹ്യാശ്വാസനടപടികളാണ്. ഈ നാട്ടിലെ പാവപ്പെട്ട ആളുകൾക്ക് ഒരു ഉറച്ച സോഷ്യലിസ്റ്റ് സംപ്രദായം ഉൽഘാടനം ചെയ്യുന്നതിനുള്ളതായിട്ടുള്ള ഒരു സംരക്ഷണമാണ് ഈ നടപടിയെന്നുള്ള അവകാശവാദം ഇവിടെ മുഴങ്ങിക്കേട്ടു. എന്നാൽ ഏതെല്ലാം ആശ്വാസനടപടികളാണ് ഇവിടെ നടക്കാൻ പോകുന്നത്? വാർദ്ധക്യകാലപെൻഷൻ കുറെ കൂട്ടുന്നു. അതുപോലെതന്നെ പെൻഷൻകാർക്ക് കുറെ ആനുകൂല്യങ്ങൾ കൊടുക്കുന്നു. ഇത്രയും നല്ലതു്. പക്ഷേ പ്രധാനമായ കാര്യം വാർദ്ധക്യമായിട്ടുള്ളവരും പെൻഷൻകാരുമല്ല, പിന്നെയോ സ്വന്തം മെയ്മിടുക്കുള്ളവരാണ്, അവർ ചെയ്യുന്ന വേലയ്ക്കു കിട്ടുന്ന പ്രതിഫലമാണ്. ജോലി ചെയ്ത് റിട്ടയർ ചെയ്ത ആളുകൾക്ക് വാർദ്ധക്യകാലപെൻഷന്റെ രീതിയിലായാലും കൊള്ളാം ഗവണ്മെൻറു കൊടുക്കുന്ന പെൻഷന്റെ രീതിയിലായാലും കൊള്ളാം അതു് വർദ്ധിപ്പിച്ചതു നല്ലതുതന്നെ. പക്ഷേ ഇന്ന് ജോലി ചെയ്തു ജീവിക്കുന്നവരായ ഫാക്ടറി തൊഴിലാളികൾ കർഷകതൊഴിലാളികൾ കൃഷിക്കാർ ക്ലാർക്കന്മാരെപ്പോലെയുള്ള ഇടത്തരക്കാർ ഇവരുടെയെല്ലാം നിലയെന്താണ്?

ഇന്ന് എല്ലാ തൊഴിലാളി സംഘടനകളും എല്ലാ കർഷക സംഘടനകളും എല്ലാ ഗവണ്മെൻറു ഉദ്യോഗസ്ഥസംഘടനകളും ആവശ്യപ്പെടുന്നത് വില വർദ്ധനവ് തടയണമെന്നാണ്. തടയാൻ കഴിഞ്ഞില്ലെങ്കിൽ അതിന്റെ തോതിൽ ക്ഷാമബത്ത അനുവദിക്കുകയെങ്കിലും ചെയ്യണം. പൊതുവിൽ കൂലിയും ശമ്പളവും വാങ്ങിജീവിക്കുന്നവരുടെ കൂലിയുടേയും ശമ്പളത്തിന്റേയും തോത് ഉയർത്തുക ഇതെല്ലാമാണ് അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ ആവശ്യങ്ങൾ, അതുപോലെ കൃഷിക്കാർക്കാണെന്നുണ്ടെങ്കിൽ കുടിയാന്മാരായിട്ടുള്ള കൃഷിക്കാരാണെന്നുവരികിൽ അവരുടെ പാട്ടത്തോത് കുറയ്ക്കുക, ചുരുങ്ങിയ പലിശയ്ക്കു പണം കടം കിട്ടാനുള്ള ഏർപ്പാടുകൾ ചെയ്യുക, കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുക, നിത്യോപയോഗസാധനങ്ങൾ ചുരുങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

വിലയ്ക്കു കിട്ടുക ഇതെല്ലാം വേണം. ചുരുക്കത്തിൽ അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കു് അവരുടെ ജീവിതം ഒരുമാതിരി നന്നായി നടത്തുന്നതിനാവശ്യമായ സാധനവിലയുടെ നിലവാരവും നികുതി വ്യവസ്ഥയുമാണാവശ്യം.

ഇതിന്റെ കാര്യത്തിൽ യാതൊരു ആശ്വാസവും നൽകുന്നില്ലെന്നു മാത്രമല്ല ഇത്തുമാതിരി ആവശ്യങ്ങൾ ഉന്നയിക്കുന്നവരെപ്പററി അങ്ങേയററം പരിഹസിക്കുകയും കളിയാക്കുകയുമാണു് ഭരണകക്ഷിഅംഗങ്ങൾ ചെയ്യുന്നതു്. ഇവിടെ ഒരു ട്രെയിഡ് യൂണിയൻ നേതാവു് അതിലും വിശേഷിച്ചു് ഭുവനേശ്വർ കാൺഗ്രസ്സിൽ പങ്കെടുത്തുവന്ന ഒരു ഇടതുപക്ഷനേതാവുകൂടിയാണെന്നുകേട്ടിട്ടുള്ള ഒരാൾ, ഈ നാട്ടിലെ ട്രെയിഡ്‌യൂണിയൻ സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആവശ്യത്തെ കളിയാക്കിക്കൊണ്ടു് പ്രസംഗിക്കുന്നതു കേട്ടു. ആൾ-ഇൻഡ്യാ ട്രെയിഡു് യൂണിയൻ കാൺഗ്രസ്സു് ആവശ്യപ്പെട്ടിട്ടുണ്ടു് നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം ഇരുപത്തിയഞ്ചു് ശതമാനം കുറയ്ക്കണം, ക്ഷാമബത്ത അനുവദിക്കണം, കൂലിയും ശമ്പളവും ഇരുപത്തിയഞ്ചു ശതമാനം വർദ്ധിപ്പിച്ചുകിട്ടണം, കൃഷിക്കാർക്കു് അവരുടെ ഉൽപ്പന്നങ്ങൾക്കു് ന്യായമായ വില കിട്ടണം എന്നൊക്കെ. ഇതിനെയെല്ലാം കളിയാക്കിക്കൊണ്ടു് ഇതെല്ലാംകൂടി സാധിക്കുമോയെന്നു് ആ നേതാവു പ്രസംഗിച്ചു. ഇങ്ങനെ പറഞ്ഞതു് ഒരു ട്രെയിഡു് യൂണിയൻ പ്രവർത്തകനല്ലായിരുന്നുവെങ്കിൽ അതു് മനസ്സിലാക്കാൻ കഴിയുമായിരുന്നു. സോഷ്യലിസത്തെപ്പററി വളരെ കാര്യമായി പ്രസംഗിച്ച ആളല്ലെങ്കിൽ മനസ്സിലാക്കാൻ കഴിയുമായിരുന്നു. കൂലി കൂട്ടുക, വില കുറയ്ക്കുക, കൃഷിക്കാർക്കു് അവർക്കു ഉണ്ടാക്കുന്ന സാധനങ്ങൾക്കു ന്യായമായ വില കിട്ടുക, അവർ വാങ്ങുന്ന സാധനങ്ങളുടെ വില കുറയുക ഇതെല്ലാംകൂടി ഒരേ സമയത്താവശ്യപ്പെടണോ എന്നു് സാധാരണക്കാരൻ ചോദിച്ചാൽ അതു് മനസ്സിലാക്കാം. പക്ഷേ സോഷ്യലിസത്തിനുവേണ്ടി വാദിക്കുന്ന തൊഴിലാളികളുടേയും കൃഷിക്കാരുടേയും ആവശ്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നുവെന്നവകാശപ്പെടുന്ന ഒരാൾ ഇതു പറയുന്നതു് മനസ്സിലാക്കാൻ വിഷമമാണു്.

ഇന്നത്തെ വിലനിലവാരം ഈ നിലയിൽ നില്ക്കുന്നതിനു് ഉത്തരവാദികൾ കൃഷിക്കാർ അല്ലെന്നു് ഇവിടത്തെ സാമ്പത്തികശാസ്ത്രം പഠിച്ചിട്ടുള്ളവർക്കു് അറിയാം. സാധാരണക്കാരായ കൃഷിക്കാർക്കു് ന്യായമായ വില കിട്ടുന്നില്ല, അരിയുടെ വില കൂടുകയും ചെയ്യുന്നു. യഥാർത്ഥം പറയുകയാണെങ്കിൽ കൃഷിക്കാരൻ വിളവുണ്ടാക്കി കൊയ്ത്തു കഴിയുന്ന സമയത്താണു് കടം വീട്ടുന്നതിനുവേണ്ടിയും നികുതി കൊടുക്കുന്നതിനുവേണ്ടിയും പാട്ടം കൊടുക്കുന്നതിനുവേണ്ടിയും അത്യാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടിയും തന്റെ നെല്ലു് വില്ക്കുന്നതു്. ആ സമയത്തു് കാർഷികോൽപന്നത്തിനു് ഏററവും ചുരുങ്ങിയവിലയേ കിട്ടുകയുള്ളു. അങ്ങനെ ആ സമയത്തു് കൃഷിക്കാരന്റെ കൈയിൽനിന്നും ആ ചുരുങ്ങിയവിലയ്ക്കു വാങ്ങി സൂക്ഷിച്ചു വച്ചു് വാങ്ങിയ വിലയുടെ ഇരട്ടിയും അതിൽ കൂടുതലും വിലയ്ക്കു വില്ക്കുന്ന ഒരു വിഭാഗം ഇവിടെയുണ്ടു്. ആ തരക്കാരെ നിലയ്ക്കു നിറുത്താൻ നടപടി എടുക്കാൻ തയ്യാറുണ്ടോ? അതിനു തയ്യാറുണ്ടെങ്കിൽ കൃഷിക്കാരനു് ഇന്നു് കിട്ടാവുന്ന വിലയേക്കാൾ കൂടുതൽ കൊടുത്തുതന്നെ കാർഷികോൽപന്നത്തിന്റെ വില കുറയ്ക്കാൻകഴിയും.

ഈ കാര്യം മനസ്സിൽവച്ചിട്ടാണു് ഭുവനേശ്വറിലും ജയപ്പൂരിലുംവച്ചു് ഭക്ഷ്യസാധനങ്ങളുടെ മൊത്തക്കച്ചവടം ഗവണ്മെൻറു് ഏറെറടുക്കണമെന്നു് ഒരു വിഭാഗക്കാർ വാദിച്ചതു്. അതുപോലെ ആയിരക്കണക്കിനു രൂപയുടെ ഡിപ്പാസിററു കൈകാര്യം ചെയ്യുന്ന ബാങ്കുകളുടെ നിയന്ത്രണം ഒരുപിടി കുത്തകക്കാരുടെ കൈയിൽനിന്നും മാററി ആ പണം ഗവണ്മെൻറിന്റെ നിയന്ത്രണം അനുസരിച്ചു് ഗവണ്മെൻറിനു് ഉപയോഗിക്കാവുന്ന നില ഉണ്ടാക്കുകയാണെങ്കിൽ അതും ഈ നാട്ടിലെ വിലനിലവാരം ഉയർന്നുപോകുന്നതിനെ തടയുന്നതിനും, കൃഷിക്കാർക്കും ചെറുകിട വ്യവസായികൾക്കും എല്ലാം ചുരുങ്ങിയ പലിശയ്ക്കു കടം കൊടുക്കുന്നതിനും ഉപയോഗപ്പെടും.

2/1638/V

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

അതുകൊണ്ടാണ് ആ ഇൻഡ്യാ ഐക്യയുണിയൻ കാൺഗ്രസ്സ് ബാങ്കുകൾ ദേശസാൽക്കരിക്കണമെന്നു പറയുന്നതു്. സോഷ്യലിസത്തെപ്പററി വിടുവാ പറയുകയല്ലാതെ അതിൽ ആത്മാർത്ഥമായി വിശ്വസിച്ചു അതു നടപ്പിൽ വരുത്താൻ ശ്രമിക്കുന്ന കാൺഗ്രസ്സുകാർപോലും ഭക്ഷ്യധാന്യങ്ങളുടെ മൊത്തക്കച്ചവടവും ബാങ്കിംഗും ദേശസാൽക്കരിക്കണമെന്നു പറയുന്നു. ഇത്തരത്തിൽ വൻകിട കുത്തക മുതലാളിമാരുടെയും ഭക്ഷ്യസാധനങ്ങൾ കൈവശം വയ്ക്കുന്നതിനു കഴിവുള്ള ഭൂവുടമസ്ഥന്മാരുടേയും ലാഭം കുറയ്ക്കുന്നതിനുള്ള നയം ഉണ്ടോ? ഉണ്ടെങ്കിൽ പരസ്പരവിരുദ്ധമാണെന്നു പറയപ്പെടുന്ന കൂലികൂട്ടലും, വിലകുറയ്ക്കലും കൃഷിക്കാരുടെ കാർഷികോൽപന്നങ്ങൾക്കു് ന്യായമായ വില കൊടുക്കലും സാധിക്കുമെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടാണ് കമ്മ്യൂണിസ്ററു പാർട്ടിയും എ. ഐ. ററി. യു. സി. യും ഇത്തരത്തിലുള്ള ആവശ്യങ്ങൾ ഉന്നയിച്ചിട്ടുള്ളതു്. ആ ആവശ്യങ്ങൾക്കു് ഇപ്പോൾ തുടങ്ങിയിട്ടുള്ള പ്രക്ഷോഭണത്തെ ചാപിള്ളയാണെന്നു പറഞ്ഞു് പരിഹസിക്കുന്നവരോടു് എനിക്കു് പറയുവാനുള്ളതു്, 'നിങ്ങളുടെ വിശ്വാസം നിങ്ങളെ രക്ഷിക്കട്ടെ' എന്നാണ്.

ഇതു പറയുമ്പോൾ ഞാൻ ഒരു കാര്യം ഓർക്കുന്നു. ഒരു മാസം മുമ്പു് ഗവർണ്ണരുടെ പ്രസംഗത്തെപ്പററിയുള്ള ചർച്ച നടന്നുകൊണ്ടിരുന്ന അവസരത്തിൽ പ്രതിപക്ഷത്തുനിന്നും ഞങ്ങൾ ഉന്നയിച്ചിരുന്ന ആവശ്യങ്ങളിലൊന്നു് പീച്ചിസംഭവത്തിൻെറ അടിസ്ഥാനത്തിൽ ആഭ്യന്തരവകുപ്പുമന്ത്രി രാജിവയ്ക്കണമെന്നായിരുന്നു. അന്നു് ഒരിക്കലും ഞാൻ അങ്ങനെ ചെയ്യുകയില്ലെന്നു് വളരെ അഹന്തയോടുകൂടി അദ്ദേഹം പറഞ്ഞു. അന്നു് ആ ആവശ്യത്തെ സംബന്ധിച്ചും, ഇതുപോലെയുള്ള കളിയാക്കലുകൾ തന്നെയാണ് നടത്തിയതു്. പക്ഷേ, അനുഭവത്തിൽ എന്തുണ്ടായി എന്നു നമുക്കറിയാം. അതുപോലെതന്നെ ഇന്നിപ്പോൾ എ. ഐ. ററി. യു. സി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളെ കളിയാക്കുന്ന ശ്രീ. സ്റ്റീഫനു് ഐക്യട്രേഡുയൂണിയൻ പ്രസ്ഥാനത്തിൽ നില്ക്കണമെങ്കിൽ, ആ ആവശ്യങ്ങൾ ന്യായമാണെന്നു പറഞ്ഞു് അതിനു വേണ്ടിയുള്ള പ്രസ്ഥാനത്തിൽ അദ്ദേഹത്തിനു വരേണ്ടിവരും. ഒന്നുകിൽ അദ്ദേഹവും ഈ പ്രസ്ഥാനത്തിൽ വന്നു ശ്രീ. ബാലചന്ദ്രമേനോനുമായി പ്രക്ഷോഭണം നടത്തേണ്ടിവരും. അതല്ലെങ്കിൽ ശ്രീ. ചാക്കോയ്ക്കു് മന്ത്രിസഭയിൽ നിന്നു പോകേണ്ടിവന്നതുപോലെ ഐക്യട്രേഡുയൂണിയൻ പ്രസ്ഥാനത്തിൽനിന്നും ശ്രീ. സ്റ്റീഫനും പോകേണ്ടിവരും. എന്തുകൊണ്ടെന്നാൽ ഈ നാട്ടിലെ ഫാക്ടറിത്തൊഴിലാളികൾക്കും മററു തൊഴിലാളികൾക്കും അദ്ധ്വാനിക്കുന്ന ഇടത്തരക്കാർക്കും വേണ്ടി............

ശ്രീ. സി. എം. സ്റ്റീഫൻ: ബ്രാഹ്മണ ശാപമാണ്, ഫലിക്കുമോ എന്തോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ശ്രീ. സ്റ്റീഫൻെറ മുൻഗാമി സ്മാർത്തവിചാരത്തെപ്പററി കളിയാക്കിയിട്ടുള്ള അനുഭവമെന്താണെന്നറിയാം. അതിരിക്കട്ടെ. ബ്രാഹ്മണൻെറ ശാപമായാലും അല്ലെങ്കിലും കാമൺസെൻസുള്ള ഒരു മനുഷ്യൻ, ഈ നാട്ടിലെ സാധാരണ ജനങ്ങളുടെ ഹൃദയവികാരം മനസ്സിലാക്കി പറയുന്നതു് ശ്രദ്ധിക്കണമെങ്കിൽ ശ്രദ്ധിച്ചാൽമതി.

ശ്രീമതി കെ. ആർ. ഗൗരി: സോഷ്യലിസത്തിൻെറ ഭാഗമാണ് ശാപം ഫലിക്കുമെന്നുംമററും, വിശ്വസിക്കുന്നതു് എന്നറിയാമോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ ആ ഭാഗത്തെപ്പററി അധികം പറയുന്നില്ല. ഇനി അവസാനം ഒരു കാര്യം പറയുവാനുള്ളതു് ഈ ബഡ്ജററ്, ഈ ഗവണ്മെൻറിൻെറ അവസാനത്തെ ബഡ്ജററാണെന്നാണ്. അതു് അവിടെ ഇരിക്കുന്നവർക്കുതന്നെ അറിയാം. അതു് ആർക്കും നിഷേധിക്കാൻ വയ്യാ. അടുത്ത ഫെബ്രുവരി ആകുമ്പോൾ ഈ ഗവണ്മെൻറു് ഉണ്ടായിരിക്കുകയില്ലെന്നു തീർച്ചയാണ്. അതു കഴിഞ്ഞാൽ പിന്നത്തെ സ്ഥിതി എന്തെന്നുള്ളതിനെ സംബന്ധിച്ചു് ഞാനിപ്പോൾ അധികം പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഗവർണ്ണറുടെ പ്രസംഗത്തെപ്പററിയുള്ള ചർച്ച നടന്നപ്പോഴും പിന്നെയും കേട്ട 'പാറപോലെ ഉറച്ച'താണു് ഈ ഗവണ്മെൻറു് എന്നൊരു ഉപമമ. ഈ ഉപമ കേട്ടപ്പോൾ പാറയ്ക്കൊരു പുതിയ നിർവചനം വേണ്ടിയിരിക്കുന്നു. എന്നാണു് എനിക്കു തോന്നിയതു്. പാറ എന്നുവച്ചാൽ ഞങ്ങൾ ധരിച്ചിട്ടുള്ളതു്, ഏതു കൊടും കാററുവന്നാലും ശരി, എന്തെല്ലാം സംഭവവികാസങ്ങൾ വന്നാലും, പുറത്തു നിന്നു് ആരെങ്കിലും വന്നു് വെടിവയ്ക്കുകയോ മറേറാ ചെയ്താൽ മാത്രം തകരുന്ന ഒരു സാധനം എന്നാണു്. ഇവിടെയാണെങ്കിൽ, കഴിഞ്ഞ നാലുകൊല്ലമായി കാണുന്നതു്, പുറത്തുനിന്നും ഒരാൾ ഒരു ബീഡിക്കുററിപോലും കൊളുത്താതെ ദിവസേന പാറ പൊടിഞ്ഞു വീഴുന്നതാണു്. അങ്ങനെയൊരു നിർവചനമാണു കൊടുക്കുന്നതെങ്കിൽ എനിക്കു വിരോധമില്ല. പക്ഷേ, കാര്യം വ്യക്തമാണു്. കഴിഞ്ഞ നാലുകൊല്ലത്തെ സംഭവങ്ങൾ ഒക്കെ കഴിഞ്ഞിട്ടു് പാറപോലെ ഉറച്ചതാണെന്നു പറയാനുള്ള ചങ്കൂററം ഉണ്ടാകുന്നല്ലോ എന്നോർക്കുമ്പോൾ എനിക്കു് അത്ഭുതം തോന്നുന്നുണ്ടു്. എൻെറ സ്നേഹിതൻ ശ്രീ. കുഞ്ഞു പറഞ്ഞതുപോലെ, പഴയ ചരിത്രത്തിലേക്കൊന്നു് ഓടിച്ചു നോക്കിയാൽ നമുക്കു് അറിയാമല്ലോ. ആദ്യം തുടങ്ങിയപ്പോൾ ഞങ്ങൾ ഒഴിച്ചു് ബാക്കി എല്ലാവരും ഒരുഭാഗത്തു് ഉണ്ടായിരുന്നു. തിരഞ്ഞെടുപ്പിൽ മൂന്നു പാർട്ടികൾ ഒന്നായി. തിരഞ്ഞെടുപ്പു കഴിഞ്ഞു് മന്ത്രിസഭ വന്നപ്പോൾ രണ്ടായി എന്നാണു് ഞങ്ങൾക്കു തോന്നിയതു്. എന്നാൽ ലീഗിലെ സുഹൃത്തുക്കൾ പറഞ്ഞതു് ഞങ്ങൾ മൂന്നുകൂട്ടരും കൂടിയതാണു് എന്നാണു്. അതു് കഴിഞ്ഞു് ഒന്നു് ഒന്നര കൊല്ലം കഴിഞ്ഞപ്പോൾ ആ ഒന്നു പോയി. പിന്നെ അതും കഴിഞ്ഞപ്പോൾ ഒന്നുമാത്രം ബാക്കിയായി. ഇപ്പോഴത്തെ മട്ടു കാണുമ്പോൾ ഒന്നു് രണ്ടാകാനുള്ള മട്ടാണെന്നു തോന്നുന്നു. ശ്രീ, വിശ്വനാഥൻ തലകുലുക്കുന്നു. രണ്ടാകാതിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. എങ്കിലും നിങ്ങളുടെ പാർട്ടിക്കകത്തു നടക്കുന്നതു് അത്രയൊന്നും രഹസ്യമല്ലല്ലൊ. ആ സ്ഥിതിയിൽ ഞങ്ങളോടു പാറപോലുള്ളതാണെന്നു പറയണമോ ; ഇത്രയും പരിഹാസ്യമാകണമോ ; എന്നു് മുഖ്യമന്ത്രിയോടു് ഞാൻ ഒരിക്കൽ ചോദിച്ചു. കാര്യങ്ങൾ ഇത്രയൊക്കെ കഴിഞ്ഞിട്ടു് പിന്നെയും പാറപോലെ ഉറച്ച ഗവണ്മെൻറു് എന്നു് എന്തിനാണു് പറയുന്നതു്? അന്നു് നിങ്ങൾ അധികാരത്തിൽ വന്നകാലത്തുതന്നെ ഞങ്ങൾ പറഞ്ഞിട്ടുണ്ടു്, നിങ്ങൾക്കു് ഈ രാജ്യത്തു നിലനില്ക്കാൻ കഴിയുകയില്ലെന്നു്. തികച്ചും നിഷേധാത്മകമായ ഐക്യമാണു് നിങ്ങളുടേതു്. കമ്മ്യൂണിസ്ററു പാർട്ടിയെ പൊളിക്കുകയെന്നല്ലാതെ സൃഷ്ടിപരമായ യാതൊരു പരിപാടിയുടെ കാര്യത്തിലും നിങ്ങൾക്കു് ഐക്യമില്ല. ആ നിലയിൽ നിങ്ങൾക്കു് നാട്ടിനുവേണ്ടി ഒന്നും ചെയ്യാൻ കഴിയുകയില്ല. നിങ്ങളുടെ ഐക്യംതന്നെയും നിലനിറുത്താൻ കഴിയുകയില്ല. എന്തുകൊണ്ടെന്നുപറയാം. ഈ സംസ്ഥാനത്തെ പത്തുനാൽപത്തഞ്ചുശതമാനം ജനങ്ങളുടെ വോട്ടുനേടി വന്നിട്ടുള്ള ഒരു പാർട്ടിയാണു് കമ്മ്യൂണിസ്ററു പാർട്ടി. ഈ രാജ്യത്തുള്ള രാഷ്ട്രീയപാർട്ടികളിൽവച്ചു് ഒററപാർട്ടിയെന്നുള്ള നിലയിൽ ഏററവും അധികം ജനസ്വാധീനമുള്ള ഒരു പാർട്ടിയാണു് അതു്. ആ പാർട്ടിക്കെതിരായി ഒരു കുരിശുയുദ്ധം പ്രഖ്യാപിച്ചു് ഈ നാടു ഭരിക്കാമെന്നു നിങ്ങൾ വിചാരിച്ചു. അതൊന്നും നടക്കുകയില്ലെന്നു തീർച്ചയായി. ഇപ്പോഴും കമ്മ്യൂണിസ്ററുവിരോധമാണു് മുഖ്യമായി കാണുന്നതു്. പീച്ചി സംഭവം നടന്നപ്പോഴും 'ദേ കമ്മ്യൂണിസ്ററുകാർ' എന്നായിരുന്നു പറഞ്ഞതു്. ആദ്യം മുഖ്യമന്ത്രി ഒരു നിലപാടെടുത്തു. പിന്നെ വേറൊരു നിലപാടെടുത്തു. അതിൻെറ കഥയിലേക്കൊന്നും ഞാൻ പോകുന്നില്ല. ഈ സംഭവം കഴിഞ്ഞു ശ്രീ. ചാക്കോ പുറത്തു പോയി പ്രസംഗിക്കുന്നതു് ശ്രീ. ശങ്കറിനു് എന്നോടു് വിശ്വാസമില്ല, എനിക്കങ്ങോട്ടും, എങ്കിലും ഇതാ കമ്മ്യൂണിസ്ററുകാർ ഉണ്ടേ എന്നാണു്. ഈ തരത്തിലാണു സംഗതികൾ പോകുന്നതു്.

ഇനി ഞാൻ കീരിത്തോടു സംഭവം എടുക്കാം. ആ സംഭവം ഒററപ്പെട്ട സംഭവമല്ലല്ലോ. ഈ നാട്ടിലെ വനസംരക്ഷണം എന്നുള്ളതാണു് പ്രശ്നം. ആയിരക്കണക്കിനാളുകൾ വനങ്ങളിൽ കൈയേറിയിട്ടുണ്ടു്. കൈയേറിയിട്ടുള്ള എല്ലാപേരേയും ഒഴിപ്പിക്കണമെന്നുള്ളതു് ന്യായമാണെന്നു വാദത്തിനു സമ്മതി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്]

കുകയാണെങ്കിൽ പോലും ഈ നാട്ടിലെ എല്ലാ ജനവിഭാഗങ്ങളുടേയും സഹകരണത്തോടുകൂടി അവരുമായി കൂടിയാലോചിച്ച് ഒരു വ്യക്തമായ നയം ആവിഷ്കരിച്ച് അതു നടപ്പിൽവരുത്തുന്നതിന് ഒരു പരിപാടി തയാറാക്കാതെ ഏതെങ്കിലും ഒരു പാർട്ടിക്കുമാത്രമായി പരിഹാരം കാണാൻകഴിയുമോ? നിങ്ങൾ എന്താണു ചെയ്യുന്നതു? ഇതിന്റെ ആദ്യം മുതൽ, രാധാകൃഷ്ണമേനോൻ കമ്മിറ്റി നിശ്ചയിക്കുന്നതുമുതൽ ഇതുവരെ എടുത്തിട്ടുള്ള നിലപാട് എന്താണ്? കമ്മ്യൂണിസ്റ്റു പാർട്ടിക്ക് അതിൽ യാതൊരു ബന്ധവുമില്ല. പ്രതിപക്ഷത്തുള്ളവർക്കാർക്കും യാതൊരു ബന്ധവുമില്ല. ആ ഭാഗത്തെ കർഷകരുടെയിടയിൽ പ്രവർത്തിക്കുന്നവർ മലനാട് യൂണിയൻകാരാണ്; അവർ കുഴപ്പക്കാരാണ്; ഇങ്ങനെ എല്ലാവരേയും ഒഴിവാക്കിനിറുത്തി എത്ര നല്ല കാര്യമായാലും നടപ്പിലാക്കാൻ കഴിയുമോ? കഴിയുകയില്ല. ഈ നില ഈ പ്രശ്നത്തിൽ മാത്രമല്ല കാണുന്നതു്. കൂടുതൽ സമയമില്ലാത്തതുകൊണ്ട് ഒന്നു രണ്ടു് ഉദാഹരണങ്ങൾ മാത്രം പറയാം.

മുഖ്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ നാലാം പഞ്ചവത്സരപദ്ധതി തയാറാക്കുന്നതിനുള്ള ഏർപ്പാടുകൾക്ക് 23 സബ്ബ് കമ്മിറ്റികളോ മറ്റോ രൂപീകരിച്ചിട്ടുണ്ടെന്നു പറയുന്നു.

2 Noon] ഈ കാര്യങ്ങൾക്കുവേണ്ടി ഈ സംസ്ഥാനത്ത് നിങ്ങൾതന്നെ ഉണ്ടാക്കിയിട്ടുള്ള ഒരു പ്ലാനിംഗ് ബോർഡ് ഇല്ലേ. അവരെ നിങ്ങൾ വിളിച്ചിട്ടുണ്ടോ? കഴിഞ്ഞ ഏപ്രിൽമാസത്തിൽ ഞാൻ നിങ്ങൾക്കു എഴുതിയിട്ടുണ്ട്. അക്കാലത്തു ഞാൻ ഡെൽഹിയിൽനിന്നുള്ള വിവരംവച്ചുകൊണ്ട് അഖിലേൻഡ്യാടിസ്ഥാനത്തിൽ നാലാം പഞ്ചവത്സരപദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങീട്ടുണ്ടെന്നു എനിക്കറിയാൻ കഴിഞ്ഞു. അതു് അഖിലേന്ത്യാടിസ്ഥാനത്തിൽ തുടങ്ങീട്ടുണ്ട്, ഇവിടെയും അതു തുടങ്ങണം എന്നു് എഴുതി അറിയിച്ചു. അതിനുവേണ്ടി സ്റ്റേറ്റുപ്ലാനിംഗ് അഡ്വൈസറിബോർഡിന്റെ യോഗം വിളിച്ചുകൂട്ടണം എന്നു് ഏപ്രിൽമാസത്തിൽ ഞാൻ ഡെൽഹിയിൽനിന്നും എഴുതി. ഇതേവരെ നിങ്ങൾ യോഗം വിളിച്ചില്ല. 1964—65ലെ ആനുവൽ പ്ലാൻ ഡിസ്കസ് ചെയ്യുന്നുണ്ട്. എന്നു പറയുന്നുണ്ട്. അല്ലാതെ 4—ാം പഞ്ചവത്സരപദ്ധതി തയാറാക്കുന്നകാര്യത്തിൽ ഇവിടെ ആലോചിച്ചിട്ടില്ല. ഇവിടെ 23 സബ്ബ്കമ്മിറ്റികളൊക്കെ ഉണ്ടാക്കീട്ടുണ്ടെന്നുപറഞ്ഞു. എന്നാൽ ഫോർത്തു പ്ലാൻ വരുമ്പോൾ ആൾ ഇൻഡ്യാ പ്ലാൻ തായറായിക്കഴിഞ്ഞിരിക്കും. നിങ്ങൾക്കു ഞങ്ങളെ വിളിക്കുന്നതിനേക്കാൾ വേണ്ടതു ഞങ്ങളെ തോല്പിക്കുകയാണ്. നിങ്ങൾക്കു തമ്മിൽത്തമ്മിൽ തോല്പിക്കണം.

ഇതുപോലെതന്നെ ഈ ബഡ്ജറ്റുപ്രസംഗത്തിൽ നാഷണൽ എമർജൻസി വന്നതിൽപിന്നീട് കേരളത്തിന്റെ പ്ലാൻ ഒന്നു റീ ഓറിയന്റേറ്റു ചെയ്തു എന്നു പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ പ്ലാനിംഗ് അഡ്വൈസറിബോർഡിനെ നിങ്ങൾ വിളിച്ചോ? ഇല്ല. അതുകൊണ്ടെനിക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളതു്, മിനിഞ്ഞാന്നു് അടിയന്തിരപ്രമേയഘട്ടത്തിൽ പറഞ്ഞതുപോലെ ഈ കേരളാസ്റ്റേറ്റിന്റെ എല്ലാ പ്രശ്നങ്ങളെസംബന്ധിച്ചും നിങ്ങൾ എടുത്തുപോരുന്നതായ സമീപനം മൗലികമായിട്ടു തെറ്റാണെന്നു മനസ്സിലാക്കി ആ സമീപനത്തിനു് ഒരു മാററം വരുത്തണമെന്നാണ്. സമയം കൂടുതൽ ഇല്ലാത്തതുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): മി. സ്പീക്കർ. സർ, ഈ ബഡ്ജറ്റിനെ പരാമർശിച്ച് ഈ സഭയിലെ 39 ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസംഗിച്ചു കഴിഞ്ഞു. ഏതാണ്ട് മൂന്നിലൊരുഭാഗം ആളുകൾ ഈ വിമർശനങ്ങളിൽ പങ്കെടുത്തു. അവർ പല കാര്യങ്ങളും ഉന്നയിച്ചിട്ടുണ്ട്. ഇനി നടക്കാൻപോകുന്ന വോട്ട് ആൺ ഡിമാൻറ് അവസരത്തിൽ ഇനിയും വളരെ കാര്യങ്ങൾ ഉന്നയിക്കാൻ ഇടയുണ്ട്. ചിലരൊക്കെ ഈ പൊതുവിമർശനാവസരം ഉപയോഗപ്പെടുത്തി പ്രാദേശികമായി അവരുടെ നിയോജകമണ്ഡലങ്ങളിലെ ആവശ്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

പ്പോലും അറിയിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിച്ച എല്ലാ കാര്യങ്ങളെസംബന്ധിച്ചും എനിക്കുള്ള പരിമിതമായ സമയംകൊണ്ട് മറുപടി പറയുക പ്രയാസമാണ്. എങ്കിലും മുഖ്യമായ ചില കാര്യങ്ങളെ സംബന്ധിച്ച് ചിലതു പറയണമെന്നു ഞാൻ വിചാരിക്കുന്നു.

സർ, ഇവിടെ ഏററവും അധികം ആക്ഷേപം ഉണ്ടായിട്ടുള്ളതു നമ്മുടെ സംസ്ഥാനത്ത് എല്ലാവക്കും അറിയാവുന്ന ചില പരിമിതികളംക്കുള്ളിൽനിന്നു ചില പ്രശ്നങ്ങൾക്ക പരിഹാരമുണ്ടായിട്ടില്ല എന്നുള്ളതിനെ ആസ്പദമാക്കിയാണ്. വളരെ അത്ഭുതകരമായിട്ടുള്ളതു്, ഈ ഗവണ്മെൻറ് അനാവശ്യമായി അവകാശവാദങ്ങൾ നടത്തി എന്നു പറഞ്ഞുകൊണ്ട് പ്രതിപക്ഷത്തെ ചില അംഗങ്ങൾ വിമർശനം നടത്തി എന്നുള്ളതാണ്. സർ, ഈ ഗവണ്മെൻറ് ഉള്ളതിനെ ഉള്ളതുപോലെ കണ്ടുകൊണ്ട് കുററവും കുറവും ഉള്ളതു സമ്മതിച്ചുകൊണ്ട് മുന്നേറുവാൻ ചെയ്യുന്ന യത്നങ്ങളെപ്പററി എടുത്തുപറഞ്ഞിട്ടുണ്ട് എന്നു മാത്രമേയുള്ളു.

സർ, ഞാൻ പറഞ്ഞ ഒരു വാചകം വളരെ വളച്ചു വ്യാഖ്യാനിക്കുന്നതുകണ്ടു 'We are, I should think, turning the corner' ഇൻഡസ്ട്രീസിനെപ്പററി പറയുമ്പോൾ, ഞാൻ പറഞ്ഞതാണ്. അതിൻെറ ഭാഷതന്നെ മനഃപൂർവ്വമായി ഉപയോഗിച്ചതാണ്. 'We are, I should think, turning the corner' അതാണ് ഉപയോഗിച്ചതു്. അല്ലാതെ 'We have turned the corner' എന്നു ഞാൻ പുതുക്കീട്ടില്ല. ഇതു കഴിഞ്ഞു എന്നല്ല പറയുന്നതു്. 'We are, I should think, turning the corner' അതിനുപോൽബലകമായിട്ടുള്ള കാര്യങ്ങൾ ഞാൻ പിന്നെ പറയാം. അതിനുമുമ്പേ പൊതുവിൽ ചില കാര്യങ്ങൾ പറയണമെന്നു വിചാരിക്കുന്നു.

ആദ്യമായി പറയാനുള്ളതു് സാധനങ്ങളുടെ വിലക്കൂടുതലിനെപ്പററിയും കാസ്ററ് ഓഫ് ലീവിംഗ് ഇൻഡക്സ് ഉയരുന്നതിനെപ്പററിയും അതിനനുസരണമായി ഉദ്യോഗസ്ഥന്മാക്കും മററും ആശ്വാസം നൽകുന്നതിനെപ്പററിയും ഈ ബഡ്ജററിൽ ഒന്നുമില്ല എന്നുള്ളതിനെപ്പററിയും വളരെയേറെ പ്രസംഗങ്ങൾ ഇവിടെയുണ്ടായി. എൻ. ജി. ഒ. മാക്ക കൊടുക്കാൻ നിശ്ചയിച്ച ഡിയർനസ് അലവൻസിലുള്ള വർദ്ധനവു വളരെ അപര്യാപ്തമാണെന്നും പറയുകയുണ്ടായി.

സർ, ഈയവസരത്തിൽ ഒന്നു രണ്ടു കാര്യങ്ങളെപ്പററി ചിലതു പറഞ്ഞാൽകൊള്ളാമെന്നു വിചാരിക്കുന്നു. നമ്മുടെ രാജ്യം വളരെ വലുതായ വികസനപ്രവത്തനത്തിൽക്കൂടി കടന്നുപോകുകയാണ്. അപ്രകാരമുള്ള പ്രവത്തനം നടന്നുകൊണ്ടിരിക്കുന്ന ഏതൊരു രാജ്യത്തും ഒരു അളവിൽ നാണ്യവർദ്ധനവ് ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല. ചില രാജ്യങ്ങളിൽ ആപൽക്കരമായരീതിയിൽ ഇൻഫ്ളേഷൻ ഉണ്ടായിട്ടുണ്ട്. എന്നാൽ വളരെ കരുതലോടുകൂടിമാത്രം നമ്മുടെ ധനകാര്യം കൈകാര്യം ചെയ്യുന്നതിനു് ഇൻഡ്യാഗവണ്മെൻറ് പരിശ്രമിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ ഇൻഫ്ളേഷൻ അപകടകരമായ നിലയിൽ ഇനിയും എത്തീട്ടില്ല. ഇൻഫ്ളേഷൻ ഇല്ലാ എന്ന് ആരുപറഞ്ഞാലും സത്യമായിരിക്കുകയില്ല. ആളുകളുടെ കൈയിൽ പത്തുകൊല്ലത്തിനുമുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ പണമുണ്ട്. സർക്കുലേഷൻ ആഫ് മണി ഈ പട്ടണങ്ങളിലേക്കുപോയിക്കൊണ്ടിരിക്കുന്നതു റിസവ്വ് ബാങ്ക് പബ്ലിഷ്ചെയ്യുന്ന കണക്കുകൾ നോക്കിയാലറിയാം. പ്ലാനിംഗിനു അളവിൽകവിഞ്ഞ തുകകൾ നാം ചെലവാക്കുന്നു. എന്നാൽ പലകാര്യങ്ങളിലും നാം ലക്ഷ്യമാക്കിവയ്ക്കുന്ന പല കാര്യങ്ങളും സാധിക്കാൻ കഴിയാതെ സംഭവിക്കുകയും ഈ പണം ജനങ്ങളുടെ ഇടയിലേക്കു പോകുകയും പ്രൊഡക്ഷൻ എത്തേണ്ടിടത്തു് എത്തുകയുമില്ല. അധികവും അതുണ്ടാകുന്നതു കൺസ്റ്റ് ആഫ് കൺസ്ട്രക്ഷനിലാണ്. പ്ലാനിംഗിൽ വലിയ ചെലവുവരുന്ന വിഭാഗങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ്. അപ്പോൾ ടാർജററ് എത്താതിരിക്കുകയും പണം ചെലവാക്കേണ്ടതു് ചെലവാക്കുകയും ചെയ്യുന്നതുകൊണ്ടുള്ള ഫലം ഫിസ്കൽ ബാലൻസ് ഇല്ലാതാകുകയും ഈ ജനങ്ങളുടെ ഇടയിൽ കൂടുതൽ പണം വരികയും ചെയ്യും. സർ, ഈ പണം ഒരുപോലെ വിതരണം ചെയ്തിരിക്കുന്നു എന്നെനിക്കഭിപ്രായമില്ല. കുറെ ഇംബാലൻസ് അതിലുണ്ട്. എന്നിരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

ന്നാലും ഇവിടത്തെ സാമാന്യജനങ്ങളുടെ ഇടയിൽപോലും കൂടുതൽ ചെലവാക്കാൻ മുമ്പുണ്ടായിരുന്നതിനേക്കാഠം കൂടുതൽ പണം ഇന്നുണ്ട്. സർ, ഇക്കാര്യം മനസ്സിലാക്കുന്നതിന് ഒന്നു കണ്ണുതുറന്നുനോക്കാൻ ഞാൻ ആവശ്യപ്പെടുകയാണു് അവക്കു് ഇതു മനസ്സിലാക്കാൻ കഴിയും.

കഴിഞ്ഞ പതിനഞ്ചുവർഷങ്ങഠംക്കുള്ളിൽ മനുഷ്യന്റെ ജീവിതരീതി വളരെ മെച്ചപ്പെട്ടിട്ടുണ്ട് എന്നു സമ്മതിച്ചേ മതിയാകൂ. മനുഷ്യർ പതിനഞ്ചു വർഷങ്ങഠംക്കുമുമ്പ് ഉപയോഗിച്ചിരുന്നതിനേക്കാഠം കൂടുതൽ പോഷകാംശമുള്ള ഭക്ഷണങ്ങഠം ഇന്നു കഴിക്കുന്നുണ്ട്. വളരെ മോശപ്പെട്ട ഭക്ഷണം മാത്രം കഴിച്ചു ജീവിച്ചുവന്നിരുന്ന ഒരു വിഭാഗം ജനങ്ങഠം ഇന്നു വളരെ പോഷകാംശമുള്ള ഭക്ഷണം കഴിക്കുന്നു. എന്നിരുന്നാൽത്തന്നെയും ആവശ്യമുള്ള ഭക്ഷണം ലഭിയാമാറായി എന്ന് എനിക്കു് അഭിപ്രായമില്ല. പക്ഷേ, ആ വഴിക്കു വലിയ പുരോഗതിയുണ്ടെന്നു സമ്മതിച്ചേ മതിയാകൂ.

സർ, അതുപോലെ 15 വർഷങ്ങഠംക്കുമുമ്പ് ധരിച്ചിരുന്ന വസ്ത്രത്തേക്കാഠം കൂടുതൽ ഭംഗിയും കൂടുതൽ വിലയുമുള്ള വസ്ത്രങ്ങളാണ് ഇന്ന് ജനങ്ങഠം ധരിക്കുന്നതു്. കഴിഞ്ഞ ലോകമഹായുദ്ധകാലത്തു വസ്ത്രത്തിനുണ്ടായിരുന്ന ക്ഷാമം നമുക്കറിവുള്ളതാണു്. എന്നാൽ ഇന്നിവിടെ വസ്ത്രത്തിനു ക്ഷാമമില്ലാത്ത അവസ്ഥമാത്രമല്ല, വസ്ത്രങ്ങഠം വലിയതോതിൽ കയററുമതി ചെയ്യുന്ന അവസ്ഥയുമുണ്ട് എന്നു നാം സമ്മതിച്ചേ മതിയാകൂ. വസ്ത്രത്തിനു് ഇപ്പോഠം ക്ഷാമമില്ല.

മൂന്നാമതു് വീടുകളുടെ കാര്യമാണു്. ഈ സംസ്ഥാനത്തേയും ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിലേയും, മുഴുവൻ പാവപ്പെട്ട ആളുകഠംക്കും പാർക്കാൻ കൊള്ളാവുന്ന വീടുകഠം ഉണ്ടായിട്ടില്ല. പക്ഷേ, പതിനഞ്ചുകൊല്ലങ്ങഠംക്കുമുമ്പുള്ളതിനെക്കാഠം എത്രയോ ഏറെ നല്ല വീടുകഠം നമ്മുടെ രാജ്യത്തുണ്ടായിട്ടുണ്ട്, ഉണ്ടായിക്കൊണ്ടിരിക്കുന്നു. കണ്ണുതുറന്നുകൊണ്ട് ഈ സംസ്ഥാനത്തിന്റെ ഏതുവഴിയിൽക്കൂടി നടന്നാലും കാണാം. സർ, ഇതു് ആളുകളുടെ കൈയിൽ പണം ഇല്ലാതെവന്നിട്ടാണോ. പണം നാട്ടിൻപുറങ്ങളിലുമുണ്ട്; പട്ടണങ്ങളിലുമുണ്ട്. ചിലരുടെ കൈയിൽ വേണ്ടിടത്തോളം പണം എത്തീട്ടില്ല. പണം ഇൻവെസ്ററുചെയ്യുന്നുമുണ്ട്. അങ്ങനെ ഇൻവെസ്ററുചെയ്യുന്നതു് ബ്ലാക്കുമണിമാത്രമല്ല. ഇന്നു സാമാന്യം നല്ല വീടുവസ്തുകയും ആളുകഠം പാക്കുകയും ചെയ്യുന്നുണ്ട്. കുറെക്കാലത്തെ പ്രവർത്തനംകൊണ്ട് ഈ നല്ല വീടുകഠം എല്ലാവരും ഉണ്ടാക്കും. പക്ഷേ ഈ 15 കൊല്ലക്കാലത്തെ കാര്യത്തിലുള്ള നേട്ടം ചില്ലറഒന്നുമല്ല.

അതുപോലെതന്നെ പള്ളിക്കൂടങ്ങളിൽ പോകുന്ന കുട്ടികളുടെ കണക്കെടുത്തു നോക്കണം, ഇൻഡ്യയൊട്ടുക്കു കഴിഞ്ഞ 15 വർഷത്തിനകം മൂന്നിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്; കേരളത്തിൽ അതു് ഇരട്ടിയലധികമായി വർദ്ധിച്ചിട്ടുണ്ട്. കാളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ തോതു് കേരളത്തിൽ ആറിരട്ടിയായിട്ടുണ്ട് ഈ സമയംകൊണ്ട്. ഇതു് തീരെ പണം ഇല്ലാഞ്ഞിട്ടാണോ, നിശ്ചയമായും പണം ഉണ്ട്, മുൻപിലത്തേക്കാഠം കൂടുതൽ പണം ഇന്നുണ്ട്. പക്ഷേ, പണം എല്ലാവരുടേയും കൈയിൽ വേണ്ടിടത്തോളം എത്തിയിട്ടുണ്ടെന്നു പറയുന്നില്ല. പക്ഷേ, ഒരു കാര്യം നാം ഓക്കണം. ഇൻഫേഷൻ ഉണ്ടാകുമ്പോഠം, പണവുംകൊണ്ട് ഓരോ സാധനം വാങ്ങാൻ പോകും, കഴിഞ്ഞതവണ വാങ്ങിയതിനേക്കാഠം നല്ല വസ്ത്രം വാങ്ങാൻ പോകും. സൈക്കിഠംവാങ്ങിയവർ, മോട്ടാർ സൈക്കിഠം വാങ്ങാൻ പോകും. മോട്ടാർസൈക്കിഠം ഉള്ള ആഠം കാറു വാങ്ങും. അങ്ങനെ ഓരോ ആവശ്യത്തിനും കുറേക്കൂടി മേന്മ ഉണ്ടാകണമെന്നു തോന്നും, ജീവിക്കാനുള്ള സൗകര്യം കുറേക്കൂടി വദ്ധിപ്പിക്കണമെന്നു തോന്നും, അതിന്റെ അടിസ്ഥാനത്തിൽ മാക്കററിൽ സാധനങ്ങഠം ആവശ്യത്തിനു തികയാതെവരും, വിലയും കൂടും.

ശ്രീ. പി. ബാലചന്ദ്രമേനോൻ: ഇൻഫേഷൻ ഉണ്ടാകുമ്പോഠം ആളുകളുടെ കൈയിൽ ന്യായമായി വരുന്ന പണത്തേക്കാഠം വ്യാജമാക്കററിലും പലരുടേയും കൈവശം പണം വന്നുചേരുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: അതു ഞാൻ സൂചിപ്പിച്ചില്ലല്ലോ. ബ്ലാക്കമാർക്കററിൽ വരുന്ന പണം എത്രയാണെന്നു് ഊഹം കൊണ്ടേ അറിയാൻ പററൂ.

ഇങ്ങനെ മാർക്കററിൽ ആവശ്യമുള്ളിടത്തോളം സാധനങ്ങൾ ഉണ്ടാകാതിരിക്കുകയും, ആളുകളുടെ കൈയിൽ പണം ഉണ്ടായിരിക്കുകയും ചെയ്യാൽ സ്വാഭാവികമായി വില കൂടും. സാധനങ്ങളുടെ വില കൂടിയതിനനുസരണമായി കൂലി കൂട്ടികൊടുക്കണമെന്നും, വരുമാനം വർദ്ധിപ്പിക്കണമെന്നും പറഞ്ഞാൽ അതിന്റെ ഫലം പിന്നെയും സാധനങ്ങളുടെ വില കൂടുകയായിരിക്കും. മാർക്കററിൽ സാധനങ്ങളുടെ സപ്ലൈ വർദ്ധിക്കാതെ, കൂലി കൂട്ടികൊടുത്താൽ പിന്നെയും ആളുകൾ വാങ്ങാൻ പോകും, വില കൂടും. ഇപ്പോൾതന്നെ എൻ. ജി. ഓ. മാർ പറയുന്നതു് 5 രൂപാ കിട്ടിയാൽ അതു ഉപ്പിനും, മുളകിനും വിലയായി കടയിൽ കൊടുക്കേണ്ടി വരും, അവർ വില കൂട്ടുമെന്നാണു്. വളരെ കരുതലോടുകൂടി കൈകാര്യം ചെയ്യേണ്ട ഒരു കാര്യമാണിതു്. ഏററവും മുഖ്യമായിട്ടു ചെയ്യേണ്ടതു് ഒന്നുകിൽ അത്യാവശ്യ സാധനങ്ങളുടെയെല്ലാം വില പരിപൂർണ്ണമായ നിയന്ത്രണത്തിൽ കൊണ്ടുവരണം; അല്ലെങ്കിൽ ഉൽപ്പാദനം അങ്ങേയററം വർദ്ധിപ്പിക്കണം. മൂന്നാമതു ഇതു രണ്ടുംകൂടി ചെയ്യണം. മൂന്നാമതു ഒന്നുകൂടി ചെയ്യണം, താൽക്കാലികാശ്വാസമായി കൂലിയും മററും അൽപ്പം കൂട്ടികൊടുക്കണം. ഈ കാര്യങ്ങളെല്ലാം പരസ്പര ബന്ധമുള്ളവയാണു്. ഇതിൽ ഏതെങ്കിലും ഒരുഭാഗംമാത്രം എടുത്തു വളരെ ശക്തിയായി ഉറപ്പിച്ചു പറഞ്ഞാൽ വല്ലവരേയും കബളിപ്പിക്കാനല്ലാതെ, ഗൗരവബോധത്തോടുകൂടി ധനകാര്യം കൈകാര്യം ചെയ്യുന്നവർക്കു അതു് സഹായകമാകുകയില്ല. ഈ സംസ്ഥാനത്തും, ഇൻഡ്യയൊട്ടുക്കും ഇപ്പോൾ ചെയ്യേണ്ടതു് ഉൽപ്പാദനം വർദ്ധിപ്പിക്കുകയാണു്. നമ്മുടെ എല്ലാ ശക്തിയും ഇപ്പോൾ അതിൽ കേന്ദ്രീകരിച്ചിരിക്കുകയാണു്. ഉൽപ്പാദനം പ്രതീക്ഷിച്ചിടത്തോളം വർദ്ധിച്ചിട്ടില്ല, പ്ലാൻ അനുസരിച്ചു വർദ്ധിച്ചിട്ടില്ല എന്ന കാര്യം ഞാൻ സമ്മതിക്കുന്നു. പക്ഷേ, വേറെ ഒരു വഴിയും ഇല്ല അതു വർദ്ധിപ്പിച്ചേ മതിയാകൂ. അതിനുപകരം താൽക്കാലം എൻ. ജി. ഓ. മാർക്കു 25 രൂപാ ഡീയർനസ്സ് അലവൻസ് വർദ്ധിപ്പിച്ചാൽ തൽക്കാലം മൂന്നുമാസത്തേക്കു് ആശ്വാസമാകും, മൂന്നുമാസം കഴിഞ്ഞാൽ പിന്നെയും 25 രൂപാ കൂട്ടികൊടുക്കേണ്ട നിലയിൽ വില വർദ്ധിക്കും. അതുകൊണ്ടു് ആ വഴിക്കുമാത്രമല്ല ഇതിനു പരിഹാരം കാണേണ്ടതു്, മററു പലതും ചെയ്യേണ്ടതുണ്ടു്. പക്ഷേ അതിനു് കുറേ ബുദ്ധിമുട്ടുകൾ സ്വാഭാവികമായിട്ടുണ്ടാകും. എല്ലാ അത്യാവശ്യ സാധനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തി, ഇൻഡ്യയിൽ എല്ലായിടത്തും ഒരേ തരത്തിൽ വില നിശ്ചയിച്ചു ഉൽപ്പാദനച്ചെലവും, ജീവിതത്തോതും ഫിക്സുചെയ്തു, ഗവണ്മെൻറുതന്നെ സാധനങ്ങൾ വാങ്ങി സ്റ്റാക്കുചെയ്തു ഗവണ്മെൻറിന്റെ നിയന്ത്രണത്തിൽ വിതരണം ചെയ്യാൻ സാധിക്കണം. സാമ്പത്തികമായി ഉയർച്ച പ്രാപിച്ചിട്ടുള്ള മററു രാജ്യങ്ങളിൽ, അമേരിക്കൻ ഐക്യനാടുകളിലും, ജപ്പാനിലും വെസ്ററു ജർമ്മനിയിലും—ഇതൊന്നും സോഷ്യലിസ്ററു രാജ്യങ്ങൾ അല്ലല്ലോ—ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനവും വിതരണവും ആകെപ്പാടെ അവരുടെ സാമ്പത്തിക പ്രവർത്തനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു ചെറിയ കാര്യമാണു്. വില നിയന്ത്രിക്കാൻ ഒരു ബുദ്ധിമുട്ടും അവർക്കില്ല. പക്ഷേ, ദരിദ്രമായ സാമ്പത്തികസ്ഥിതിയിൽ കഴിയുന്ന കേരളത്തേപ്പോലെയുള്ള ഒരു സംസ്ഥാനത്തിനു്, ഇൻഡ്യയിൽതന്നെ അതു വളരെ പ്രയാസമാണു് കാര്യം ഇങ്ങനെയിരിക്കേ, ഇൻഡ്യയുടെ ഒരു മൂലയിൽ, നാലുശതമാനം മാത്രം ആളുകൾ പാർക്കുന്ന കേരളത്തിൽ, ആകെയുള്ള ഭൂമിയുടെ 1·2 ശതമാനം മാത്രം കൃഷിചെയ്യുന്നവർ കൂടിയിരുന്നു് ഈ മഹാകാര്യത്തെപ്പററി പ്രസംഗിക്കുന്നതു കേട്ടാൽ ചിരിക്കുകയല്ലാതെ എന്തു ചെയ്യും? ഈ പ്രശ്നത്തെസംബന്ധിച്ചു പ്രസംഗിച്ച എന്റെ സുഹൃത്തുക്കളോടു എനിക്കു പറയാനുള്ളതു്, പാർലമെൻറിലാണു് ഈ പ്രശ്നങ്ങൾ പ്രസംഗിക്കേണ്ടതെന്നാണു്. അടുത്ത തവണ പാർലമെൻറു നിയോജകമണ്ഡലത്തിൽനിന്നു, തിരഞ്ഞെടുപ്പിൽ ജയിച്ചു് പാർലമെൻറിൽ പ്രസംഗിച്ചു് രാജ്യത്തിനുവേണ്ടി സേവനം അനുഷ്ഠിക്കണമെന്നാണു് എനിക്കു അവരോടു പറയാനുള്ളതു്.

[ശ്രീ. ആർ. ശങ്കർ]

സർ, ഈ ഗവണ്മെൻറിനു ചെയ്യാവുന്നതെല്ലാം ചെയ്തു എന്നു അഭിമാനിക്കുന്നില്ല. എങ്കിലും പ്ലാൻ അനുസരിച്ചു് കുറേ മുമ്പോട്ടു പോയി, ചിലതെല്ലാം ചെയ്യാൻ സാധിച്ചിട്ടുണ്ടു്. കാർഷികരംഗത്തു് ഉയർച്ച ഉണ്ടായിട്ടുണ്ടെന്നു അഭിമാനപൂർവ്വം പറയാൻ ഞാൻ മടിക്കുന്നില്ല. സാമാന്യമായ ഉയർച്ച കാർഷികരംഗത്തു് ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. ആ രംഗത്തു് ഈ ഗവണ്മെൻറു പരാജയപ്പെട്ടു എന്നു പറയാൻ സാദ്ധ്യമല്ല. പക്ഷേ, അങ്ങേയററം ഉയർച്ച ഉണ്ടായി എന്നു പറയുന്നില്ല. കഴിഞ്ഞകൊല്ലത്തിൽ നിന്നു് ഈ കൊല്ലം കുറെ മെച്ചപ്പെട്ടിട്ടുണ്ടു്. ഇതിനിടയിൽ, 1961 എന്നൊരു വർഷം വിമർശിക്കാൻ കിട്ടിയതിൽ ചിലർ സന്തോഷിക്കുന്നതു കണ്ടു. ഞാൻ അതിൽ അത്ഭുതപ്പെട്ടു. 1961—ൽ ഒരു പേമാരി ഉണ്ടായി, കൃഷി ആകെ നശിക്കാൻ ഇടയായി. വിളവു മുഴവൻ നശിച്ചുപോയി. നമ്മുടെ കാർഷികരംഗത്തു് അങ്ങനെ ഒരനുഭവം ഉണ്ടായതുകൊണ്ടു് ഇപ്പോഴും ഗവണ്മെൻറിനെ വിമർശിക്കാൻ അവസരം നൽകിയില്ലേ എന്നോർത്തു സന്തോഷിക്കുകയല്ല, ദുഃഖിക്കുകയാണു ചെയ്യേണ്ടതു്. പ്രകൃതിശല്യം നിമിത്തം നമ്മുടെ സാമ്പത്തിക ഭദ്രതയ്ക്കു ഇങ്ങനെ തകരാറു സംഭവിക്കുന്നതിനെ തടയാൻ യതൊരു നിവൃത്തിയുമില്ല. 1961—ൽ അസാധാരണമായ വർഷംനിമിത്തം കാർഷികരംഗത്തു കുറേ ക്ഷീണം സംഭവിച്ചെങ്കിലും അതിനെ തുടർന്നു ക്രമപ്രവൃദ്ധമായ പുരോഗതിയാണുണ്ടായിട്ടുള്ളതെന്നു ഞാൻ അവകാശപ്പെടുകയാണു്.

സർ, ബഡ്ജററിൽ ഒരു കാര്യം പ്രത്യേകം എടുത്തുകാണിച്ചിട്ടുണ്ടു്. നമ്മുടെ കാർഷികരംഗത്തെ ഉയർച്ചയെ കാണ ക്കാൻ ആധുനികവളങ്ങളും കർഷകർ ഉപയോഗിച്ചു തുടങ്ങിയതിൻെറ ഒരു പട്ടിക കാണിച്ചിട്ടുണ്ടു്. നെല്ലിൻെറ ഉൽപ്പാദനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ രാസവളങ്ങളും കൃഷിക്കാർ ഉപയോഗിച്ചു തുടങ്ങിയതിൻെറ ഫലമായി വിളവിൽ സാരമായ മാററം വന്നിട്ടുണ്ടു്. മുൻപു ഒരുപ്പു ആയിരുന്നതു് വെള്ളം കിട്ടിയപ്പോഴും ഇരുപ്പൂനിലമായെങ്കിലും യഥാർത്ഥത്തിൽ അവിടെ ഉണ്ടായതു് പുതിയ വിളവാണു്. അങ്ങനെ വിളവിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. പാക്കേജു് പദ്ധതി നടപ്പായ പ്രദേശങ്ങളിലെ കണക്കു് ഇനിയും കിട്ടിയിട്ടില്ല. അവിടത്തെ പ്രവത്തനം സാരമായി പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നുള്ളതിനു വ്യക്തമായ തെളിവുകളും ഉണ്ടു്. സർ, ഈ സംസ്ഥാനത്തെ കാർഷികരംഗത്തു് കഴിഞ്ഞ പത്തുകൊല്ലക്കാലത്തെ കണക്കു പരിശോധിച്ചാൽ നമുക്കു ലജ്ജിക്കേണ്ടതായിട്ടു് ഒന്നും ഇല്ല, എല്ലാ കണക്കുകളും എൻെറ കൈവശം ഉണ്ടെങ്കിലും സമയം ഇല്ലാത്തതുകൊണ്ടു അതു പറയുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൈയിൽ അതിൻെറ കണക്കുണ്ടെന്നു പറയുന്നു. അഖിലേൻഡ്യാടിസ്ഥാനത്തിൽ, കഴിഞ്ഞ 12 കൊല്ലമായിട്ടു്, 3·5 ശതമാനം അഭിവൃദ്ധിയാണുണ്ടായിട്ടുള്ളതെന്നു പറയുന്നു. അതുപോലെ, ഇനിയും ഈ കാര്യത്തിൽ അഭിവൃദ്ധി ഉണ്ടാകണം എന്നും പറയുന്നുണ്ടു്. ഇവിടെ ആണെങ്കിൽ കാർഷിക പുരോഗതി 3·5 ശതമാനം ഉണ്ടായിട്ടില്ല, അതിൻെറ പകുതിപോലും ഉണ്ടായിട്ടില്ല എന്നും പറഞ്ഞിട്ടുണ്ടു്. എന്നിട്ടു് മുഖ്യമന്ത്രി ഇപ്പോഴും പറയുന്നതു് കേരളത്തിൽ അനുക്രമമായി കാർഷികാഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്നാണു്. എന്താണു് ഇതിൻെറ അർത്ഥം.

ശ്രീ. ആർ. ശങ്കർ: സർ, ഇന്നത്തെ പുരോഗതികൊണ്ടു സംതൃപ്തി അടഞ്ഞു എന്നല്ല ഞാൻ പറയുന്നതു്. പുരോഗതി ഇല്ല എന്നു പറഞ്ഞാൽ അതു ശരിയല്ല എന്നാണു ഞാൻ പറഞ്ഞതു്. ഞാൻ ആദ്യംതന്നെ അതു പറഞ്ഞതാണു്. ഇതുവരെയുണ്ടായിട്ടുള്ള പുരോഗതികൊണ്ടു സംതൃപ്തിയുണ്ടായിട്ടില്ല, പക്ഷേ, അഭിവൃദ്ധി ഉണ്ടായില്ല എന്നു പറയുന്നതു ശരിയുമല്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്: അങ്ങനെ അഭിവൃദ്ധി ഉണ്ടായില്ല എന്നു പറഞ്ഞിട്ടില്ല എന്നു ഞാൻ ആവർത്തിച്ചു പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യപൂർവ്വം പറഞ്ഞകാര്യങ്ങൾ മറച്ചുവച്ചിട്ട് വീണ്ടും ഇതു ആവർത്തിക്കുന്നതെന്തിന്? നല്ല വിത്തുണ്ടാക്കിയിട്ടുണ്ട്, നല്ല വളം വിതരണം ചെയ്തിട്ടുണ്ട് അതിന്റെ ഫലമായിട്ട് വിളവു വർദ്ധിച്ചിട്ടുണ്ട് എന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. ആർ. ശങ്കർ: അങ്ങു മാത്രമല്ലല്ലോ അങ്ങയുടെ പാർട്ടിയിൽനിന്നു പ്രസംഗിച്ചതു്.

ശ്രീ. എം. നാരായണക്കുറുപ്പ്: അഖിലേൻഡ്യാ നിലവാരത്തിൽ കാർഷികാഭിവൃദ്ധി ഉണ്ടാകാൻ, അവിടെ പുതിയഭൂമി കൃഷിചെയ്യാൻ എത്രയോ ഏക്കർ ഉണ്ടായിരുന്നുവെന്നും, കേരളത്തിൽ കൃഷിഭൂമിയുടെ പരമാവധിവരെ കൃഷിയോഗ്യമായി തീർന്നിട്ടുണ്ടെന്നും അറിയാമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെയുള്ള കാരണങ്ങൾ ഉണ്ടെങ്കിൽപോലും അഖിലേഡ്യാടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ളതിനേക്കാൾ കൂടുതൽ വർദ്ധനവു് കേരളത്തിൽ ഉണ്ടായിട്ടുണ്ടു്. Paddy പ്രൊഡക്ഷൻ 30 ശതമാനം മാത്രമേ കഴിഞ്ഞ 12 കൊല്ലത്തിനുള്ളിൽ അഖലേൻഡ്യാസ്ഥാനത്തിൽ ഉണ്ടായിട്ടുള്ളു. കേരളത്തിൽ അതു് 41 ശതമാനമായി വർദ്ധിച്ചിട്ടു്. ഇൻഡ്യയിൽ ഏററവും വലിയ വർദ്ധനവു് മദിരാശിയിലാണുണ്ടായിട്ടുള്ളതു്. ഒരേക്കറിൽ 700, 750 റാത്തൽവരെ ഉൽപ്പാദനം കേരളത്തിൽ ഉള്ളപ്പോൾ ജലസേചനസൗകര്യം വേണ്ടിടത്തോളം ഉള്ള മദിരാശിയിൽ 1200 റാത്തൽവരെ പുരോഗതി ഉണ്ടായിട്ടുണ്ടു്. വേണ്ടിടത്തോളം ജലസേചനസൗകര്യം മദിരാശിയിൽ വന്നതോടുകൂടി എത്രയോ ഏക്കർസ്ഥലം അവിടെ കൃഷിയോഗ്യമായിത്തീർന്നിട്ടുണ്ടു്. കേരളത്തിൽ അങ്ങനെ സ്ഥലം ഇല്ല. ഏതായാലും ഇന്നത്തെ സാഹചര്യത്തിൽ നമുക്കു ഇതിൽ ലജ്ജിക്കേണ്ട യാതൊരു കാര്യവുമില്ല. യഥാർത്ഥത്തിൽ നാം ഈ രംഗത്തു വളരെ വേഗത്തിൽ പുരോഗമിക്കുകയാണു്. പക്ഷേ, നമ്മുടെ ജനസംഖ്യാവർദ്ധനവു ഭയങ്കരമായിപ്പോയി. ഇവിടെ ഒരാണ്ടിൽ കുറേ ഉൽപ്പാദനം വർദ്ധിച്ചാലും, അത്രയും ആശ്വാസം ഉണ്ടാകുമല്ലോ എന്നു സമാധാനപ്പെടാമായിരുന്നു. എന്നാൽ ജനസംഖ്യ 100—നു് 24 വീതം വർദ്ധിക്കുകയാണു്. രണ്ടും താരതമ്യംചെയ്യുമ്പോൾ ഉൽപ്പാദനവർദ്ധനവു് വേണ്ടപോലെ ആകുന്നില്ല. 3 ശതമാനം വിളവു വർദ്ധിച്ചാലും, പ്രതിശീർഷ വരുമാനം അര ശതമാനമേ വർദ്ധിക്കുന്നുള്ളു, ആളുകൾ കൂടുന്ന കുററം ഗവണ്മെൻറിനെ ഏൽപ്പിക്കാൻ ഒക്കുമോ? ഗവണ്മെൻറു് വേണ്ടതെല്ലാം ചെയ്യുന്നുണ്ടു്. ബാക്കിയുള്ളവർകൂടി സഹകരിച്ചാൽമാത്രമേ ഈ കാര്യത്തിൽ എന്തെങ്കിലും ആശ്വാസം ഉണ്ടാകുകയുള്ളു. ഏതായാലുംശരി, കാർഷികരംഗത്തു ഗവണ്മെൻറിനു് ലജ്ജിക്കേണ്ടതായി യാതൊന്നുമില്ല, മറിച്ചു അഭിമാനപൂർവ്വം ആത്മവിശ്വാസത്തോടുകൂടി മുമ്പോട്ടു പോകാവുന്ന ഒരു സാഹചര്യമാണുള്ളതെന്നുമാത്രമേ പറയുന്നുള്ളു.

സർ, ഞാൻ പറഞ്ഞുവന്നതു് ഇൻഫ്ളേഷനെ നേരിടാൻ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും, ചെറിയ തോതിലെങ്കിലും ആശ്വാസകരമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണു്. ഈ കാര്യത്തിൽ ഗവണ്മെൻറിനു ചെയ്യാവുന്നതു ചെയ്തിട്ടുണ്ടു്. ഇവിടെ എൻ. ജി. ഒ. മാക്കു 100 രൂപാവരെ ശമ്പളമുള്ളവർക്കു 3 രൂപയാണു അലവൻസു കൊടുത്തിരിക്കുന്നതു്. ശരാശരി 70 രൂപാ ശമ്പളമുള്ളവർക്കു് 3 രൂപാ കിട്ടിയാൽ, ഏകദേശം നാലരശതമാനം കൂടുതൽ കിട്ടിയെന്നാണു മനസ്സിലാക്കേണ്ടതു്. ആകെ ആറു ശതമാനം വർദ്ധിച്ചു. അതു് ഒരളവിൽ ഒരു പരിഹാരമായി. അതേസമയത്തു്, കൂടുതൽ സാധനങ്ങൾ മാർക്കററിൽ എത്തിക്കുന്നതിനുവേണ്ടി ദീർഘകാല പദ്ധതി എന്ന നിലയിൽ ഗവണ്മെൻറുവേണ്ട യത്നംകൂടി ചെയ്യേണ്ടിരിക്കുന്നു.

സർ, ഗവണ്മെൻറിനു് പണം ഉണ്ടാക്കാൻ നികുതി ചുമത്തിയാൽ മാത്രമേ സാധിക്കുകയുള്ളു. ഗവണ്മെൻറിനെ വിമർശിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്നു നോക്കിയിരുന്നവർക്കു പുതിയ നികുതി ഒന്നും ഇല്ലാത്തതുകൊണ്ടു് വിമർശനത്തിനു നിവൃത്തിയില്ലാതെവന്നു. ശ്രീ. അച്യുതമേനോൻ, പുതിയ ബഡ്ജററിൽ നികുതിനിർദ്ദേശങ്ങൾ ഇല്ലെന്നു കണ്ടപ്പോൾ, പണത്തെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

നികുതിയെപ്പററി പ്രസംഗിച്ച് ആശ്വാസം കൊണ്ടു. സർ, നികുതി പുതുതായി ചുമത്താൻ പാടില്ല, ഭക്ഷ്യസാധനങ്ങൾ വാങ്ങി കുറഞ്ഞ വിലയ്ക്കു ജനങ്ങൾക്കു കൊടുക്കണം എന്നിങ്ങനെയുള്ള വിമർശനങ്ങൾ സഹായകരമാണോ? ഇങ്ങനെയൊരു നിലപാട് സ്വീകരിക്കാതെ കൂടുതൽ ഉത്തരവാദിത്വത്തോടുകൂടി എല്ലാ കാര്യത്തിലും നമുക്കു സഹകരിച്ചു പോകാം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ചിലപ്പോൾ ചില കാര്യങ്ങളിൽ കൺസറ്റേഷൻ ഉണ്ടായില്ല എന്നുവരും.

സർ, ഇവിടെ ഇൻഡസ്ട്രിയൽ ഡെവലപ്പമെൻറിനെക്കുറിച്ച് പറയുകയുണ്ടായി, പക്ഷേ ഇൻഡ്യയുടെ മൊത്തം അളവു നോക്കിയാൽ കേരളത്തിനു കിട്ടാവുന്നിടത്തോളം കിട്ടിയിട്ടില്ല എന്നു ശ്രീ. നമ്പൂതിരിപ്പാട് ഉറപ്പിച്ചു പറയുകയുണ്ടായി. അതത്ര ശരിയാണെന്നു എനിക്കു പറയുവാൻ നിവൃത്തിയില്ല. പക്ഷെ കിട്ടാനുള്ളതെല്ലാം കിട്ടിയെന്നു ഈ സഭയിൽ ഞാൻ പറഞ്ഞാൽ പിന്നെ ആരാണ് നമ്മുടെ വിഹിതത്തിനുവേണ്ടി വാദിക്കാനുള്ളത്. ഒരു രാജ്യത്തെ ധനകാര്യമന്ത്രി ഈ സഭയിൽ വച്ചു നമുക്കു കിട്ടാവുന്നിടത്തോളം കിട്ടിയെന്നു പറഞ്ഞാൽ പിന്നെ നോക്കാനുണ്ടോ? ഞാൻ അതിനു തയാറില്ല. അങ്ങനെ എന്നെ മഠയനാക്കാമെന്നും വിചാരിക്കേണ്ട.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അവിടെ പോയി പറയേണ്ടതു എന്താണെന്നുള്ളതിനെപ്പററിയല്ല. യാഥാർത്ഥ്യം എന്താണ്? ഒന്നും രണ്ടും പദ്ധതികളിൽ കിട്ടിയിരുന്നില്ല. മൂന്നാം പദ്ധതിയിൽ കിട്ടി എന്നൊരു സൂചന ഈ പ്രസംഗത്തിൽ ഉണ്ട്, അതു യാഥാർത്ഥ്യമല്ല എന്നാണ് പറഞ്ഞതു.

ശ്രീ. ആർ. ശങ്കർ: ബഡ്ജററു പ്രസംഗത്തിൽ ഒരിടത്തും ആവശ്യമുള്ളിടത്തോളം കിട്ടി എന്നു പറഞ്ഞിട്ടില്ല.

'The Picture is changing,

എന്നു പറഞ്ഞിട്ടുണ്ട് പഴയതു മാറുന്നു എന്ന്. അങ്ങനെ പറഞ്ഞതു് കാര്യകാരണ സഹിതം ഞാൻ വിശദമാക്കാം. രണ്ടാം പഞ്ചവൽസരപദ്ധതിയിൽ ഇവിടെ പബ്ലിക് സെക്ടറിൽ ആകെ കിട്ടിയിട്ടുള്ളതു് കേവലം ഒരു ഡി. ഡി. ടി ഫാക്ടറി മാത്രമാണ്. ഏതാണ്ട് 75 ലക്ഷം രൂപയുടെ മുതൽ മുടക്കുണ്ട് അതിന്. ഏകദേശം കാൽകോടിരൂപ. മൂന്നാം പഞ്ചവത്സര പദ്ധതിയിൽ നിക്ഷേപങ്ങൾ തുടങ്ങി. ഭാഗികമാണിതു്. എച്ച്. എം. ടി. ഫാക്ടറിക്കു് ഏതാണ്ട് എഴെട്ടു കോടി രൂപയുടെ നിക്ഷേപമുണ്ട്, ആദ്യം വർഷംതന്നെ ഇതു പൂർത്തിയാകുമ്പോൾ ഇപ്പോൾ എത്രയോ കൂടുതൽ തുക മുതൽമുടക്കുണ്ടായിരിക്കും. അതുപോലെതന്നെ ഓയിൽ റിഫൈനറി ഫാക്ടറിക്കു 15 കോടിരൂപ, ഷിപ്പ്യാഡ് 20 കോടി രൂപ, പ്രിസിഷൻ ഇൻസ്ട്രുമെൻറു ഫാക്ടറി 8 കോടി രൂപ, കൊരട്ടിയിലെ ഫാം പ്രസ്സിനു ഒരുകോടിരൂപ. നേരിയമംഗലത്തു ഫൈറ്റോ കെമിക്കൽസിനു 15 കോടിരൂപയെങ്കിലും വരും, അതു നിശ്ചയമില്ലാത്തതുകൊണ്ട് ഞാൻ കണക്കാക്കുന്നില്ല. ഫൈറ്റോ കെമിക്കൽസ് ഇല്ലെങ്കിൽ തന്നെ എല്ലാംകൂടി കണക്കാക്കുമ്പോൾ 50 കോടിരൂപ വരും. അതുംകൂടി കിട്ടുകയാണെങ്കിൽ 60 കോടി രൂപയുടെ മുതൽമുടക്കുമുണ്ടാകും. ഇതിനും പുറമേ 8 കോടി രൂപയുടെ വികസന പ്രവൃത്തനങ്ങൾ ഉണ്ട്. എഫ്. ഏ. സി. ടി. യിൽ മിക്കവാറും ആയിക്കഴിഞ്ഞു. രണ്ടുകോടി രൂപയുടെ മുടക്കുമുതൽ ടി. സി. സി. യിൽ ഉണ്ട്, ആകെക്കൂടി 70 കോടി രൂപയുടെ ഇൻവെസ്റ്റുമെൻറു, ഭാഗികമായി വച്ചിട്ടുണ്ട്. ഈ എഴുപതുകോടിയും മററ 70 ലക്ഷവുമായി ഒരു വ്യത്യാസവുമില്ലേ? എങ്ങിനെയാണ് ഇതിൻെറ ശതമാനം പറയുക? വേണമെങ്കിൽ 1600 ശതമാനമെന്നു പറയാം. അത്ര വലിയ വ്യത്യാസമുണ്ട്. ആദ്യമേ ഏകദേശം പൂജ്യത്തിലാണ് തുടക്കം, പൂജ്യത്തിൽ തുടങ്ങുമ്പോൾ എത്ര കിട്ടിയാലും അതിൻെറ ശതമാനം 'ഇൻഫിനിററ്', ആയിരിക്കും. അതുകൊണ്ടു അതു ഇവിടെ കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും വ്യത്യസ്തമായ രംഗത്താണു് ജീവിക്കുന്നതു്. ഇവിടെ തൊഴിലില്ലായ്മയും മററും വർദ്ധിച്ചിരിക്കുന്ന സമയത്തു ഇതെല്ലാം ഇവിടെ പര്യാപ്തമാണെന്നു ഞാൻ കരുതുന്നില്ല. കൂടുതൽ ലഭിക്കേണ്ടതിനു ശ്രമിക്കേണ്ടതാണു്. ശ്രമം നടക്കുന്നുമുണ്ടു്. ഇനിയും രണ്ടു കൊല്ലംകൂടി ഉണ്ടു്. അന്നു് വീണ്ടും ശ്രമങ്ങൾ തുടരാവുന്നതാണു് തുടരുകയും ചെയ്യും. ഇതു ഇവിടെ തന്നെ നിൽക്കുകയില്ല. ഇതിനേക്കാൾ മുന്നോട്ടു പോകും. പ്രൈവററു സെക്ടററിൽ രണ്ടാം പദ്ധതിക്കാലത്തു് തുടങ്ങിയതായ ഇൻവെസ്ററുമെൻറു ഏതെങ്കിലും ഉണ്ടോ? ഒരു എഗ്രിമെൻററിൽ എത്തിയ ഒരേ ഒരു സംഗതി മാവൂരിലുള്ള ഒരേ ഒരു ഫാക്ടററിക്കാണു്. അതുതന്നെയും ഒപ്പുവയ്ക്കുന്ന സ്റ്റേജിൽ എത്തിയതാണു്. ഇപ്പോൾ പ്രൈവററു സെക്ടററിൽ 35 കോടി രൂപയോളം വ്യവസായങ്ങളിൽ ഇവിടെ മുടക്കിയിരിക്കുകയാണു്. ഇതെല്ലാംകൂടി നോക്കുമ്പോൾ ഇതു വളരെ മോശമാണെന്നു പറയാൻ കഴിയുമോ? മുക്കാൽ കോടി രൂപയുടെ ഇൻവെസ്ററുമെൻറിൽ നിന്നിരുന്ന നാം പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി നൂറുകോടി രൂപയുടെ ഇൻവെസ്ററുമെൻറു നടത്തിയിരിക്കുമ്പോൾ കാര്യങ്ങൾ പറയുന്നതു കുറച്ചൊരു ആത്മവിശ്വാസവും ആത്മസംതൃപ്തിയും ഉണ്ടായിരിക്കണം. ഇതെല്ലാം പറയുന്നതു് അഭിനന്ദിക്കുവാൻ വേണ്ടിയല്ല ഇങ്ങനെയെല്ലാം പറഞ്ഞാൽ വല്ല അഭിനന്ദനവും ഈ സർക്കാരിനു കിട്ടുമോ എന്നു ഭയക്കേണ്ട കാര്യമില്ല. വസ്തുതകൾ കാണാൻ മാത്രം പറഞ്ഞതാണു്. ഇതിലെല്ലാം പ്രൊഡക്ഷൻ തുടങ്ങിയിട്ടില്ല. ഈ ഫാക്ടററികൾ ഉണ്ടാകുന്നിടത്തോളം ജോലിയും കൂടുമല്ലോ? കൊല്ലംതോറും രണ്ടോ മൂന്നോ ആയിരത്തോളം ട്രെയിനിനിംഗു നൽകി വ്യവസായികൾക്കു തൊഴിലനായി നാം കൊടുക്കുന്നുണ്ടു്. എം. എം. ടി ഫാക്ടററിയിൽ ജോലിയുള്ള ഒരാൾക്കു ചുരുങ്ങിയതു് 250 രൂപയെങ്കിലും ശമ്പളം കിട്ടും. അങ്ങനെ നല്ല ശമ്പളം കിട്ടുന്ന അതിലേയ്ക്കു് വളരെയേറെ സാധ്യതയുള്ള വ്യവസായങ്ങളാണു് നാം ഇവിടെ ആരംഭിച്ചിട്ടുള്ളതു്. സൾഫ്യൂറിക്കാസിഡ് ഉണ്ടാക്കുന്ന കാര്യത്തിൽ കേരളമാണു് മുൻപന്തിയിൽ നില്ക്കുന്നതു്. സൾഫ്യൂറിക്കാസിഡിൻെറ പ്രാധാന്യം കെമസ്ട്രി അറിയാവുന്നവർക്കെല്ലാം മനസ്സിലാകും. നിർഭാഗ്യവശാൽ നമുക്കു ആവശ്യമായ ഇരുമ്പും ഉരുക്കും കിട്ടിയിട്ടില്ല. എങ്കിലും ഒരു സ്റ്റീൽ റോളർ മിൽ സ്ഥാപിച്ചിട്ടുണ്ടു്. ഇലക്ട്രിസിററി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ നമ്മുടെ കഴിവുകൾ എല്ലാം ഉപയോഗിക്കുകയാണു്. ആ നിലയിൽ വ്യവസായ രംഗത്തു വലിയ മാററം വന്നുകൊണ്ടിരിക്കുന്നതു നമ്മുടെ കൺമുന്നിൽ കാണുകയാണു്.

'We are, I should think, turning the corner, I should, എന്നു പറഞ്ഞുവെങ്കിലും വളരെ മര്യാദയായിട്ടു പ്രവർത്തനങ്ങൾ ബ്ലോക്കു ചെയ്യാതെ ഉള്ള കഴിവുകളെപ്പററി ആത്മവിശ്വാസത്തോടുകൂടിയാണു് ഞാൻ ഇതു പറയുന്നതു്.

സോഷ്യൽ സർവ്വീസ് ഈ സംസ്ഥാനത്തുള്ളതിനെപ്പററി വളരെയധികം വിമർശനങ്ങൾ ഉണ്ടായിട്ടുണ്ടു്. രണ്ടു മാർഗ്ഗങ്ങളാണു് ഇവിടെയുള്ളതു്. ഒന്നു് എഡ്യൂക്കേഷൻ, മറെറാന്നു് പബ്ലിക്കു് ഹെൽത്തു്. ഈ രണ്ടു കാര്യത്തിലും ഇൻഡ്യയിലെ മററു ഏതൊരു സംസ്ഥാനത്തെക്കാളും നാം മുന്നോട്ടുപോയിരിക്കുകയാണു്. ചില കാര്യങ്ങളെല്ലാം എൻെറ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. ഇനിയും വളരെയധികം ലിറററിസിയെ സംബന്ധിച്ചിടത്തോളം അച്ചീവു് ചെയ്യാൻ ഉണ്ടു്. ടെക്കനിക്കൽ സ്കൂളിൽ ഇനിയും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടു്. വളരെയേറെ ചെലവു അതിനു വേണ്ടിവരുമെങ്കിലും രണ്ടുമൂന്നു കൊല്ലമായി വളരെയേറെ ഉയരാൻ കഴിഞ്ഞിട്ടുണ്ടു് ആ രംഗത്തിലും എന്നു് കണക്കുകൾ കൊണ്ടു കാണാൻ കഴിയും. സോഷ്യൽ സെക്യൂരിററി മെഷേഴ്സിനെപ്പററി വളരെ അപഹാസ്യമായ രീതിയിൽ പറഞ്ഞു. ഒരാൾ പറഞ്ഞതു് ഇതു വേറെ ചില സംസ്ഥാനങ്ങളിലാണു് തുടങ്ങിയതു്, അതുകൊണ്ടു് ഇതിനൊരു പുതുമയും ഇല്ല എന്നു്. മനുഷ്യൻ തന്നെ ആദ്യം ഇവിടെയല്ല ഉണ്ടായതു്. പീക്കിംഗിലാണെന്നും അതല്ല ഇൻഡ്യനേഷ്യായിലാണെന്നും തർക്കംതന്നെ ഉണ്ടു്. അങ്ങനെ അവിടെ ആദ്യം മനുഷ്യൻ ഉണ്ടായിപ്പോയതുകൊണ്ടു് ഇവിടെ ഉണ്ടാകാൻ പാടില്ല

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

എന്നു പറഞ്ഞാൽ ശരിയാകുമോ? സാധാരണഗതിയിൽ വലിയ ആശ്വാസമുള്ള വഴിയാണ്. അതുകൊണ്ടു സ്വീകരിച്ചു എന്നേയുള്ളു. പിന്നെ ഓൾഡ് ഏജ് പെൻഷൻ. മദ്രാസ് നമ്മുടെ സംസ്ഥാനത്തു നിന്നും പകർത്തിയെടുത്തതാണ് അതു്. മററുള്ള അയൽ സംസ്ഥാനങ്ങളിൽ ഒന്നുംതന്നെ ഈ വ്യവസ്ഥയില്ല. ആകപ്പാടെ ഓൾഡ് ഏജ് പെൻഷൻ എന്നു നാമമാത്രമായി പറയാവുന്ന ഒരു വ്യവസ്ഥ ഉണ്ടായിരുന്നതു് ഉത്തരപ്രദേശത്തു മാത്രം ആയിരുന്നു. ഉത്തരപ്രദേശത്തിന്റെ അഞ്ചിരട്ടിയാണ് നമ്മുടെ ജനസംഖ്യ എന്നിട്ടും ഇതിലേയ്ക്കു അവർ നീക്കിവച്ചിരുന്നതു് നാമമാത്രമായ സംഖ്യയാണ്. അവിടെ 70 വയസ്സിനുമേലുള്ളവർക്കു മാത്രമേ കൊടുക്കുകയുള്ളു. നമ്മൾ 65 ലേയ്ക്കു താഴ്ത്തിക്കൊണ്ടിരിക്കുകയാണ്. അതിനു ഈ 20 ലക്ഷം കൊണ്ടു മതിയാകുകയില്ല. കൂടുതൽ വേണ്ടിവരും. എത്രയായാലും വേണ്ടുകില്ല കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിരിക്കുകയാണ്. നമ്മുടെ കേരളത്തിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ടതായതുകൊണ്ടു് അധികമാളുകളും എഴുപതിൽ കൂടുതൽ ജീവിച്ചിരിക്കും. ഈ പെൻഷൻ വ്യവസ്ഥ അവർ കൂടുതൽ കൊല്ലം ജീവിക്കുന്നതിനു സഹായകവുമാണ്. ഡെസ്റ്റിട്യൂട്ട് വിഡോസിനു ഇവിടുള്ളിടത്തോളം സൗജന്യം വേറൊരു സ്റ്റേററിലും അനുഭവപ്പെടുന്നില്ല. ഇൻഡ്യയിൽ പല സംസ്ഥാനത്തുമില്ല. ഇതെല്ലാം പൊതുവേ അസംതൃപ്തിയോ സംതൃപ്തിയോ ഉണ്ടാക്കുന്നതെന്നുള്ളതു നാം കാര്യമായി ചിന്തിക്കണം. അതുപോലെതന്നെ പെൻഷൻ വർദ്ധിപ്പിച്ചതു്. ഏററവും കുറഞ്ഞതു് 20 രൂപയാക്കിയിട്ടുണ്ട്. ഇതു ഇവിടെയല്ല മററു പലയിടത്തും ഉണ്ടെന്നു പറഞ്ഞു. ഇതൊക്കെ കാര്യമല്ലാത്ത മട്ടിൽ തള്ളിക്കളഞ്ഞു. പിന്നെ പണ്ടു ഇതൊക്കെ ആകാമായിരുന്നില്ലേ? വേറെ ചിലയിടത്തു ആയിപ്പോയിട്ടുണ്ടെങ്കിൽ ഇവിടെ അതു ആകാൻ പാടില്ല എന്നുണ്ടോ? ചെയ്യാവുന്നിടത്തോളം ചെയ്തിട്ടുണ്ട്. അതുപോലെതന്നെ സർവ്വീസിൽഉള്ളവരുടെ കാര്യം. നൂറുരൂപ വരെ ശമ്പളമുള്ളവർക്കുമൂന്നുരൂപ കൊടുത്തതു വളരെ കുറഞ്ഞുപോയി എന്നു പറഞ്ഞു. ഞാൻ ചോദിക്കുകയാണ് ഇൻഡ്യയിൽ മററു ഏതൊരു സംസ്ഥാനത്താണ് ഒരു കൊല്ലം സർവ്വീസുള്ളവർക്കു ഫാമിലി പെൻഷൻ നൽകുന്നതു്. അതുപോലെതന്നെ ഡെസ്റ്റിട്യൂട്ട് വിഡോസിനും ഹാൻഡിക്യാപ്ഡ് പേഴ്സൺസിനും കൊടുക്കുന്ന ആനുകൂല്യം. മററുള്ള സംസ്ഥാനങ്ങളിൽ ഹാൻഡിക്യാപ്ഡ് പേഴ്സൺസിനു പ്രായ പരിധി വച്ചിട്ടുണ്ട്. അവിടെ അറുപതു വയസ്സ് പൂർത്തിയായാൽ മാത്രമേ പെൻഷൻ നൽകുകയുള്ളു. ഇവിടെ ജനിക്കുമ്പോൾ മുതൽ ഹാൻഡിഡിക്യാപ്സ് പേഴ്സൺസ് ആയാലും ആനുകൂല്യം കിട്ടും. ഇതൊക്കെ പറഞ്ഞു അൽപ്പം സന്തോഷിക്കുവാനുള്ള അവകാശം നഷ്ടപ്പെടുത്തുന്നതു എന്തിനാണ്?

ആന്റി കറപ്ഷൻ പ്രവർത്തനങ്ങളെ ആസ്പദമാക്കി വളരെയധികം ആക്ഷേപങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. ശ്രീ. ചന്ദ്രശേഖരൻ വ്യക്തിപരമായി ചില ആളുകളെ ചൂണ്ടിക്കാണിച്ചു ചിലതു ഇവിടെ പറയുകയുണ്ടായി. ആന്റി കറപ്ഷൻ ഉദ്യോഗസ്ഥൻതന്നെ വലിയൊരു തുക കൈക്കൂലിയായി വാങ്ങിയെന്നു ആരോപണം ഉണ്ടായി. അതിനെപ്പററി ഞാൻ അന്വേഷണം നടത്തുകയാണ്. കാസർകോട്ടു അവിടെ എവിടേയോ ഒരു സ്ഥലത്തു പോലീസ് കയറി വീടു പരിശോധന നടത്തിയെന്നും അവിടുള്ള സ്ത്രീകളേയും കുട്ടികളേയും പുരുഷന്മാരേയും ചോദ്യം ചെയ്തുവെന്നും പറഞ്ഞു. വളരെ വ്യക്തമായിട്ടുള്ള വിവരം കിട്ടാത്തതുകൊണ്ടു് അന്വേഷണം നടത്താൻ കഴിഞ്ഞിട്ടില്ല. ഇതേപ്പററിയുള്ള വിവരങ്ങൾ നൽകണമെന്നു് ബഹുമാനപ്പെട്ട മെമ്പറോടു് ഞാൻ അപേക്ഷിക്കുകയാണ്.

റയിൽവേ ടിക്കററു കരിഞ്ചന്തയിൽ വിററു എന്നൊരു ആരോപണം ഉന്നയിച്ചിട്ടുണ്ട്. റയിൽവേ വാറണ്ടു് ടിക്കെററന്നാണ് പറഞ്ഞതു്. അതു എന്താണെന്നു മനസ്സിലായില്ല. വാറണ്ടു് എന്നു പറയുന്നതു ഒരുതരം ഫാറമാണ്. അതെങ്ങനെ ടിക്കററായി കൊടുത്തുവെന്നു മനസ്സിലായില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്: പോലീസുകാർ കൊടുത്തിട്ടുള്ള വാറണ്ട് വിററിട്ട് അവർ യാത്ര ചെയ്യുതാണോ എന്നു എനിക്കു സംശയമുണ്ട്.

ശ്രീ. ആർ. ശങ്കർ: ഏതായാലും ഏതെങ്കിലും വിധത്തിലുള്ള 'മാൽ പ്രാക്ടീസ്', നടത്തുന്നുണ്ടെന്നു അന്വേഷണത്തിൽനിന്നും തെളിയുകയാണെങ്കിൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

സർ, പോലീസ് വെരിഫിക്കേഷനെപ്പററി ഇവിടെ സാധാരണയുള്ളതു പോലെ വളരെ ഗൗരവമുള്ള ഒരു കാര്യമായിട്ട് പലരും പറയുകയുണ്ടായി. പോലീസ് വെരിഫിക്കേഷൻ അവസാനിപ്പിക്കുന്നതിനുവേണ്ടി ഒരു ജാഥ പുറപ്പെടുന്നതായി പറയുന്നതു കേട്ടു. എങ്ങനെയാണ് അതുകൊണ്ട് പോലീസ് വെരിഫിക്കേഷൻ അവസാനിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഏതു് സർവ്വീസിലും ആളുകളെ എടുക്കുന്നതിൽ ഒരു വെരിഫിക്കേഷനുണ്ട്. അതു് പ്രതിപക്ഷാംഗങ്ങളും സമ്മതിച്ചു് സംസാരിക്കുകയുണ്ടായി. ഒരാളിനെ ഗവണ്മെൻറു സർവ്വീസിലേയ്ക്കു എടുക്കണമെങ്കിൽ അയാളുടെ സ്വഭാവം എങ്ങനെയാണെന്നും അയാളുടെ പൂർവ്വകാല ചരിത്രം എന്താണെന്നും അന്വേഷിച്ചല്ലാതെ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിലേയ്ക്കു എടുക്കുന്നതു് ആപൽക്കരമായിരിക്കുമെന്നു് എല്ലാ ഗവണ്മെൻറുകളും സമ്മതിച്ചിട്ടുണ്ട്, എല്ലാവരും അതു് നടപ്പിലാക്കിയിട്ടുമുണ്ട്. പക്ഷേ പോലീസ് വെരിഫിക്കേഷൻ ഗവണ്മെൻറു സർവ്വീസിൽ എടുക്കുന്നവർക്കു മാത്രമേയുള്ളു. ചിലർ ഇവിടെ പറയുകയുണ്ടായി പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാർക്ക് പോലീസ് വെരിഫിക്കേഷൻ നടത്തുകയുണ്ടായിയെന്നു്. പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാർക്ക് പോലീസ് വെരിഫിക്കേഷൻ നടത്തുകയില്ല. എന്നാൽ അവരുടെ സ്വഭാവം എങ്ങനെയാണെന്നറിയുന്നതിനു് ഒരു സർട്ടിഫിക്കററു വാങ്ങിയിരിക്കണമെന്നു് നിർദ്ദേശിച്ചിട്ടുണ്ട്. ആ സർട്ടിഫിക്കററു കൊടുക്കുന്നതിനുള്ള അധികാരം ഒരു ഗസററഡ് ഉദ്യോഗസ്ഥനോ, എം. എൽ. ഏ. യോ, എം. പി. യോ, പഞ്ചായത്തു മെമ്പർക്കോ ഉപയോഗിക്കാം. പക്ഷെ ഇവരെല്ലാം കുഴപ്പക്കാരാണോയെന്നറിഞ്ഞുകൂടാ?

ശ്രീ. ഇ. പി. ഗോപാലൻ: എം. എൽ. ഏ. മാർ കൊടുക്കുന്ന സർട്ടിഫിക്കററുകളിൽ, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെലക്ററുചെയ്തു ഉദ്യോഗം കൊടുക്കുന്ന കാര്യത്തിൽ വല്ല ഒബ്ജക്ഷനും ഉണ്ടായെന്നു് എം. എൽ. ഏ. മാർ സർട്ടിഫൈ ചെയ്യണം. മുമ്പു പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുത്തു് പോലീസ് വെരിഫിക്കേഷൻെറ കാരണംകൊണ്ട് തള്ളപ്പെട്ടതുമൂലം പ്രൈവററു സ്കൂളുകളിൽ ജോലി കിട്ടാത്തവർ ധാരാളം ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ: ചിലപ്പോൾ അങ്ങിനെ വന്നിരിക്കാം. പോലീസ് വെരിഫിക്കേഷൻ നടത്തുന്നതു് ന്യായമായ രീതിയിൽ തന്നെയാണ്. അവർ ന്യായമായിട്ടുള്ള രീതിയിൽ തന്നെയാണ് അന്വേഷണങ്ങൾ നടത്തുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: ഖാദിബോർഡിൽ നിന്നും പിരിച്ചുവിട്ടവരെ പ്രൈവററു സ്കൂളുകളിൽ എടുക്കുമ്പോൾ പോലീസ് വെരിഫിക്കേഷൻ നടത്തുന്നുണ്ടെന്നുള്ള വിവരം അറിയാമോ ?

ശ്രീ. ആർ. ശങ്കർ: ഖാദിബോർഡിൽ ജോലിചെയ്തുകൊണ്ടിരുന്നവരിലും കുഴപ്പക്കാർ ഉണ്ടായിരുന്നു.

ശ്രീമതി കെ. ആർ. ഗൗരി: കുഴപ്പക്കാരായതുകൊണ്ടല്ല, അമ്പർചർക്കാ സർവ്വീസ് നിറുത്തിയതുകൊണ്ടല്ലേ അവരെ പിരിച്ചുവിടാൻ ഇടയായിട്ടുള്ളതു?

ശ്രീ. ആർ. ശങ്കർ: ഈ പുതിയ അറിവ് എനിക്കു പറഞ്ഞുതന്നതിൽ ഞാൻ സഹോദരിയോട് വളരെ നന്ദിയുള്ളവനാണ്.

ശ്രീ. എൻ. ഇ. ബലറാം: പ്രൈവററു വിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാരുടെ നിയമനത്തെ സംബന്ധിച്ചു് പോലീസ് വെരിഫിക്കേൻ ഇല്ലയെന്നല്ലേ മുഖ്യമന്ത്രി ഉറപ്പിച്ചു പറഞ്ഞതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : അതേ.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : പോലീസ് വെരിഫിക്കേഷനെക്കുറിച്ച് ഇതിനു മുമ്പു പല തവണ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്, ഗവൺമെൻറ് ഓഫ് ഇൻഡ്യയുടെ ഒരു ആർഡറിനെ തുടർന്നു മററു പാർട്ടികൾക്കൊന്നും പോലീസ് വെരിഫിക്കേഷൻ ബാധകമാകുകയില്ലെന്നും, കമ്മ്യൂണിസ്ററു പാർട്ടിയ്ക്കു ബാധകമാണെന്നും ലാൽബഹദൂർശാസ്ത്രി പറഞ്ഞിട്ടുണ്ടെന്ന് ഞാൻ ഇവിടെ പറഞ്ഞപ്പോൾ ശ്രീ. നാരായണക്കുറുപ്പ് പറയുകയുണ്ടായി ഞാൻ ഒഫിഷ്യൽ സീക്രട്ട് പുറത്താക്കി എന്ന്. അപ്പോൾ ഇത്തരത്തിലുള്ള ഒരു ആർഡറിൽ നിന്നും പോലീസ് വെരിഫിക്കേഷൻ കമ്മ്യൂണിസ്ററു പാർട്ടിക്കു മാത്രം ബാധകമാണെന്നും മററു പാർട്ടികൾക്കു ബാധകമാകുകയില്ലെന്നും ഉള്ളത് ശരിയാണോ ?

ശ്രീ. ആർ. ശങ്കർ : ഇത് എന്നെക്കൊണ്ട് അബദ്ധം പറയിപ്പിക്കാൻ ഒരുങ്ങുകയല്ലേ? ഒരാൾ കമ്മ്യൂണിസ്ററുപാർട്ടി അംഗമായിരുന്നതുകൊണ്ടോ, അവരുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നുള്ളതുകൊണ്ടോ മാത്രം ഉദ്യോഗത്തിനു ഡിസ്ക്വാളിഫിക്കേഷൻ ആയിരിക്കുകയില്ല. മറിച്ച് അവരുടെ സ്വഭാവത്തെക്കുറിച്ചു അന്വേഷിക്കുന്നതിനും, അവരുടെ പ്രവർത്തിയെക്കുറിച്ച് അന്വേഷിക്കുന്നതിനും, വേണ്ടി മാത്രമാണ് പോലീസ് വെരിഫിക്കേഷൻ നടത്തുന്നത്.

ശ്രീ. ഇ. പി. ഗോപാലൻ : കമ്മ്യൂണിസ്ററുകാരനാണെന്നുള്ള ഒരൊററ കാരണംകൊണ്ട്, കമ്മ്യൂണിസ്ററുകാർ നടത്തുന്ന യൂണിയനിലോ, വിദ്യാർത്ഥി ഫെഡറേഷനിലോ അംഗമാണെന്നുള്ള പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിനെ മാത്രം അടിസ്ഥാനമാക്കി ജോലികൊടുക്കാത്ത അനേകം കേസുകളുണ്ട്. അത് വേണമെങ്കിൽ വ്യക്തമായി കാണിച്ചുതരാനും ഞാൻ തയ്യാറാണ്.

ശ്രീ. ആർ. ശങ്കർ : ഞാൻ ഒരു കാര്യം വ്യക്തമാക്കാം. കമ്മ്യൂണിസ്ററുകാർ വളരെ അബദ്ധമായ 'Sabotage' ആക്ടിവിററീസ് സ്വീകരിച്ചിരുന്ന ആളുമാണ്. ഇപ്പോൾ നല്ലവരായി മാറിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ.പി. ഗോപാലൻ: ഇപ്പോൾ ചിരിച്ചുകൊണ്ട് ഇതു പറയുന്ന മി. ശങ്കർ, വിമോചനസമരം നടത്തിയിട്ടുള്ളവർക്കോ, അവരുടെ കുട്ടികൾക്കോ, അവരുടെ കുടുംബക്കാർക്കോ, അവരുടെ ബന്ധത്തിൽപ്പെട്ടവർക്കോ സർക്കാർ ജോലി കൊടുക്കുകയില്ലെന്ന് പറയാൻ കഴിവുള്ള ഒരു ഗവൺമെൻറ് ഇവിടെ ഭരണത്തിൽ വരുമ്പോൾ, അന്ന് കരഞ്ഞുകൊണ്ട് ഈ പാഠം പഠിക്കും.

ശ്രീ. ആർ. ശങ്കർ : അങ്ങനെയാണെങ്കിൽ ആ ഗവൺമെൻറു പണ്ട് പഠിച്ച പാഠം ഒരിക്കൽക്കൂടി പഠിക്കും.

ശ്രീ. ഇ. പി. ഗോപാലൻ : ആയിരം പ്രാവശ്യം പഠിച്ചാലും അത് മനസ്സിലാകാത്ത ആളാണ് മി. ശങ്കർ.

ശ്രീ ആർ. ശങ്കർ : പിന്നെ ഇവിടെ പറഞ്ഞിട്ടുള്ള പ്രധാനമായ ഒരാക്ഷേപം കാൺഗ്രസ്സ് പാർട്ടിയിലെ ചില മെമ്പറന്മാർ പ്രസംഗിച്ചപ്പോൾ ശക്തമായ പാറപോലെ ഉറച്ചതാണ് ഈ ഗവൺമെൻറ് എന്നു പറയുകയുണ്ടായിയെന്നാണ്. ആ പാറയ്ക്ക് ഒരു പുതിയ നിർവചനം കൊടുക്കണമെന്ന് ഇവിടെ പറയുന്നതു കേട്ടു. ഉലയുകയും, ആടുകയും ചെയ്യുന്ന സ്വഭാവത്തിലിരിക്കുന്ന ഈ ഗവൺമെൻറാണോ ഉറച്ച പാറയെന്ന് പറയുന്നതെന്ന് ചിലർ ചോദിക്കുകയുണ്ടായി. ഈ ഗവൺമെൻറു ഉറച്ച ഒരു പാറപോലെയാണെന്ന് ഇവിടെ പറഞ്ഞിട്ടുള്ളത് ശരിയാണ്. ഉലയുകയും ആടുകയും ചെയ്യുന്ന സ്വഭാവത്തിലുള്ള ഗവൺമെൻറാണെന്നു പറഞ്ഞതിലും വലിയ തെററില്ല. കാരണം, സാധാരണ നദികളുടെ തീരത്ത് വലിയ വലിയ പാറകൾ ഇരിക്കുന്നതു കാണാം. വലിയ വെള്ളപ്പൊക്കം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ആ പാറകളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

വെള്ളത്തിൽ മുങ്ങിപ്പോകും. അങ്ങനെ വെള്ളത്തിൽ മുങ്ങിപ്പോയതുകൊണ്ടു് ആ പാറ അവിടെ നിന്നും പോകുകയില്ല, അതവിടെ ഉറച്ചുതന്നെ നിൽക്കും. ചിലർ വിചാരിക്കും ആ പാറ ഒഴുകിപ്പോയിരിക്കുമെന്നു്. പക്ഷെ ഉറച്ച പാറ അങ്ങനെ ഒഴുകിപ്പോകുകയില്ല. ആണ്ടിൽ രണ്ടു പ്രാവശ്യം വെള്ളപ്പൊക്കം ഉണ്ടാകുന്ന രാജ്യത്താണു് നാം ജീവിക്കുന്നതു്. അങ്ങനെ എത്ര വെള്ളപ്പൊക്കം വന്നാലും പാറ ഒഴുകിപ്പോകാതെ മുങ്ങിയും പ്രത്യക്ഷപ്പെട്ടും കാണുന്നതുപോലെയാണു് ഈ ഗവണ്മെൻറിൻെറയും സ്ഥിതി. ഈ ഗവണ്മെൻറു് ഉലച്ചാൽ ഉലയുമോയെന്നു് നോക്കണമെന്നു് പറയുകയുണ്ടായി. ഈ ഗവണ്മെൻറിൽ വല്ല ക്ഷീണവും ഉണ്ടോയെന്നു് അറിയുന്നതിനു് ഈ പാർട്ടിയിൽപ്പെട്ടവർതന്നെ കൂടെക്കൂടെ ഉലച്ചുനോക്കും.

<u>ശ്രീമതി കെ. ആർ. ഗൗരി</u> : വെള്ളം കയറുകയും ഇറങ്ങുകയും ചെയ്യുമ്പോൾ ബലമുള്ള ഒരു കാലില്ലാതായല്ലോ?

<u>ശ്രീ. ആർ. ശങ്കർ</u> : ബലം എവിടെയാണു് ഇരിക്കുന്നതെന്നു് എങ്ങനെയറിയാം. ചിലപ്പോൾ കാലിലായിരിക്കും, ചിലപ്പോൾ മററു വല്ലയിടത്തുമായിരിക്കും ബലമിരിക്കുന്നതു്. ചേർത്തലയിലുള്ള വലിയ കാലുകൾക്കെല്ലാം ബലം ഉണ്ടെന്നാണോ വെയ്പ്പു്.

<u>ശ്രീ. ഈ. പി. ഗോപാലൻ</u> : പാറ ചിലപ്പോൾ ചേറായി മാറുമെന്നറിയാമോ ?

<u>ശ്രീ. ആർ. ശങ്കർ</u> : പാറ ചേറാണെന്നുള്ള കാര്യം മെമ്പർക്കറിഞ്ഞുകൂടേ? പ്രഷറും ചേറും കൂടി ചേരുന്നതിൻെറ ഫലമായിട്ടാണു് പാറയുണ്ടാകുന്നതെന്നു് ജീയോളജി പഠിച്ചിട്ടില്ലേ ?

<u>ശ്രീ. ഈ. പി. ഗോപാലൻ</u> : അതുതന്നെയാണു് ഞാൻ പറഞ്ഞതു് ഈ ഉറച്ച പാറ ചിലപ്പോൾ ചേറായി മാറുമെന്നു്.

<u>ശ്രീ. ആർ. ശങ്കർ</u> : അതിരിക്കട്ടെ. ഇവിടെ പലരും കീരിത്തോട്ടു് സംഭവത്തെപ്പററി പറയുകയുണ്ടായി. അതിനെപ്പററി പുതിയതായിട്ടൊന്നും തന്നെ പറയാനില്ല. എങ്കിലും ഒന്നു രണ്ടു കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുന്നതു് കൊള്ളാം. വളരെ സങ്കടകരമായ ഒരു കാര്യമാണു് അതു്. വളരെക്കാലമായി നമ്മുടെ വനസമ്പത്തു് നശിപ്പിക്കാൻ തുടങ്ങിയിട്ടു്. വനങ്ങളിൽ നിന്നും തടികൾ മോഷ്ടിച്ചുകൊണ്ടു പോകുന്നതിനു് ഒരവസാനവുമില്ല. എങ്കിലും അക്കാര്യത്തിൽ സമാധാനപ്പെടാവുന്നതേയുള്ളു. കാരണം മോഷ്ടിച്ചുകൊണ്ടുപോകുന്ന തടി എവിടെയെങ്കിലുംകൊണ്ടുപോയി വിററു പണമാക്കും. ആ പണംകൊണ്ടു് ഒരാളിൻെറ ദാരിദ്ര്യം എങ്കിലും തീരുമല്ലോ എന്നു് സമാധാനിക്കാം. പക്ഷെ വലിയ വിലപിടിപ്പുള്ള തടികൾ തീവച്ചു് നശിപ്പിക്കുന്നതു് ശരിയാണോ? വലിയ വലിയ തേക്കു് മരങ്ങൾ തീയിട്ടു് നശിപ്പിക്കുകയാണു്. 70 കൊല്ലംകൊണ്ടു മാത്രം പാകമാകുന്ന ഈട്ടിയും തേക്കും എല്ലാം വലിയ വില കിട്ടുന്ന തടികളാണു്. ലോകത്തു് ഒരു ഭാഗത്തും ഈട്ടി മരം ഉണ്ടായിട്ടില്ല. കേരളത്തിൽ മാത്രമാണു് ഉള്ളതു്. അതു് ഇപ്പോൾ ചില വനപ്രദേശങ്ങളിൽ മാത്രമേയുള്ളു. എഴുപതു് കൊല്ലത്തിനു മുമ്പു കോന്നി റിസർവ്വു ഫോറസ്റ്റിൽ ഈട്ടി മരം വച്ചുപിടിപ്പിച്ചിട്ടുണ്ടു്. അതു് ഒരു മരം പാകമാകുന്നതിനു് 400 കൊല്ലം വേണം. ഈട്ടി മരങ്ങൾ വിത്തു പാകിയോ മററു തരത്തിലോ വച്ചുപിടിപ്പിക്കാൻ സാദ്ധ്യമല്ലാത്തതാണു്. സ്വാഭാവികമായി വളർന്നുവരുന്നതിനെ പരിപോഷിപ്പിച്ചു് എടുക്കുകയാണു് ചെയ്യുന്നതു്. ഭാഗ്യവശാൽ നമ്മുടെ വനപ്രദേശങ്ങളിൽ ഈട്ടിയും തേക്കും ഇനിയും കുറച്ചുണ്ടു് ഒരു മരത്തിനു് അൻപതിനായിരത്തോളം രൂപ കിട്ടും. അങ്ങനെയുള്ള തടികളെയെല്ലാം തീവച്ചു് നശിപ്പിക്കുകയാണു്. അൻപതിനായിരം രൂപയോളം വില കിട്ടുന്ന തടികൾ തീവെച്ചു നശിപ്പിക്കുന്നതിൻെറ കാരണം, ഒരു ഏക്കർ സ്ഥലം കിട്ടുന്നതിനുവേണ്ടി മാത്രമാണു്. അങ്ങനെ ഒരേക്കർ സ്ഥലം ഉണ്ടാക്കുന്നതു് പാവപ്പെട്ട ആളുകളോ, ഭൂമിയില്ലാത്ത ആളുകളോ കൃഷിചെയ്യുന്നതിനുവേണ്ടിയല്ല. ഇതു് ഒരു വ്യവസായമായി ചില ആളുകൾ നടത്തുന്നതാണു്. തീയിട്ടു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

മരങ്ങളെല്ലാം നശിപ്പിച്ചതിനുശേഷം കിട്ടുന്ന ഭൂമി കൃഷിക്കു് ഉപയുക്തമാണെന്നുള്ള മട്ടുണ്ടാക്കി, നാട്ടിൽനിന്നു് ഭൂമിയില്ലാതെ വരുന്ന പാവപ്പെട്ട കൃഷിക്കാർക്കു് വമ്പിച്ച വിലയും വാങ്ങികൊണ്ടു് കൊടുക്കും. ഇങ്ങനെ അനേകായിരം ഏക്കർ വനങ്ങൾ കയ്യേറ്റക്കാരുടെ കൈവശമായിട്ടുണ്ടു്. അതിൽ പലയാളുകളും സ്വന്തം ഭൂമിയില്ലാത്തവരും പാവങ്ങളുമാണു്. അങ്ങനെയുള്ള ഭൂമികൾ അവർക്കു് പതിച്ചുകൊടുക്കുന്നതാണു് നല്ലതെന്നു് വിചാരിച്ചു അതിനുള്ള നടപടികളെടുത്തിട്ടുണ്ടു്. അതേസമയത്തു് ബാക്കിയുള്ള ഫോറസ്റ്റുകളെങ്കിലും നശിപ്പിക്കാതിരിക്കണമെന്നു് കരുതി ഗവണ്മെൻറിൽനിന്നും പല നടപടികളും എടുത്തിട്ടുണ്ടു്. വനങ്ങൾ കയ്യേറുമ്പോൾ അതിനെ ഗവണ്മെൻറിൽ നിന്നും തടയുന്നില്ലെന്നു് ആക്ഷേപം പറയും, തടയാനുള്ള നടപടികളെടുക്കുമ്പോൾ അതിനു് ആക്ഷേപം പറയും. കീരിത്തോട്ടു് പ്രദേശത്തു് പോലീസ് ഫോഴ്സ് കൂടുതലായിട്ടു് ഉപയോഗിച്ചുവെന്നാണു് ആരോപണം. അവിടെ പോലീസിൻേറയും, ഫോറസ്റ്റു ഉദ്യോഗസ്ഥന്മാരുടേയും, കളക്ടരുടേയും മേൽനോട്ടത്തിൽ എവിക്ഷൻ നടത്തുകയാണു്. ഇപ്പോൾ ഇവിടെ പലരും പറയുന്നതു് അതിനെപ്പററി ഒരു ജുഡീഷ്യൽ എൻക്വയറി നടത്തണമെന്നാണു്. എന്താണു് അതിൻെറ ആവശ്യമെന്നു് മനസ്സിലാകുന്നില്ല. അവിടെ ഫയറിംഗ് ഉണ്ടായിയെന്നു് പറയുന്നതു് ശരിയല്ല. ലാത്തിചാർജ്ജ് നടന്നുവെന്നു് പറഞ്ഞു, അതു് ഞാൻ സമ്മതിച്ചു, ടീയർ ഗ്യാസ് പ്രയോഗം ഉണ്ടായിയെന്നു് പറഞ്ഞു, അതും ഞാൻ സമ്മതിച്ചു. ചില ഷെഡ്ഡുകൾ നശിപ്പിച്ചുവെന്നു പറഞ്ഞതും ഞാൻ സമ്മതിച്ചു, അറസ്റ്റുകൾ നടത്തിയെന്നു് പറഞ്ഞതിനേയും ഞാൻ സമ്മതിച്ചു. ഇങ്ങനെ അവിടെ നടന്നിട്ടുള്ള എല്ലാ കാര്യങ്ങളും ഞാൻ സമ്മതിച്ചിട്ടുണ്ടു്, ഇതിൽ ഒന്നും തന്നെ ഒളിച്ചുവെച്ചിട്ടില്ല. ഇനിയെന്തിനാണു് അവിടെയൊരു അന്വേഷണം നടത്തേണ്ടതു്. അന്വേഷണം നടത്തേണ്ട യാതൊരു ആവശ്യവുമില്ല. ഇങ്ങനെയുള്ള സാഹചര്യം ഉണ്ടായപ്പോൾ വളരെ ചുരുങ്ങിയ ഫോഴ്സ് മാത്രമേ അവിടെ ഉപയോഗിക്കാൻ പോലീസിനോടു് നിർദ്ദേശം കൊടുത്തിരുന്നുള്ളു. അതു് അല്പം കൂടിപോയിരിക്കാം. ഒരു വസ്തുത ഇക്കാര്യത്തിൽ വളരെ വ്യക്തമായി കാണാൻ സാധിക്കും. പ്രക്ഷോഭണത്തിനു വേണ്ടി ഇറങ്ങിയിട്ടുള്ള ശ്രീ. മാഞ്ഞൂരാൻ തൊഴിലാളികളോടും, ഇവിടെയുള്ള എം. എൽ. ഏ. മാരോടും, മന്ത്രിമാരോടും പറഞ്ഞിട്ടുണ്ടു്, ഒരു വെടിവെയ്പ്പു് നടക്കാതെ ഞങ്ങൾ അവിടെനിന്നും ഇറങ്ങുകയില്ലെന്നു്. അപ്പോൾ മനഃപൂർവ്വം കുഴപ്പങ്ങൾ ഉണ്ടാക്കാൻവന്ന ആളിനെ ആദ്യമായി അറസ്റ്റുചെയ്യുകയുണ്ടായി അതിൻെറ ഫലമായി അവിടെ വലിയ ആൾക്കൂട്ടം ഉണ്ടായി. ആളുകളെ പിരിച്ചു വിടുന്നതിനു് പോലീസിനു് മററു മാർഗ്ഗങ്ങളൊന്നും പ്രയോഗിക്കാൻ ഇല്ലാതായപ്പോൾ ചെറിയ തോതിലുള്ള ഒരു ലാത്തിച്ചാർജ് നടത്തുകയുണ്ടായി അങ്ങനെ അതിനെ ഒരു ആരോപണമായി പൊക്കിപ്പിടിച്ചു. ആ ആരോപണം അർഹിക്കുന്ന രീതിയിലല്ല ഈ ഗവണ്മെൻറിൻെറ മുമ്പിൽ കൊണ്ടുവന്നതു്. അവിടെയുള്ള ജനങ്ങളുടെ ജീവനും, മാനവും സംരക്ഷിക്കുന്നതിനു് അങ്ങേയററത്തെ ആകാംക്ഷ ഗവണ്മെൻറിനുണ്ടു്. അവിടെയുള്ള ആളുകളോടു് പോലീസുകാർ വളരെ സൗമനസ്യത്തോടുകൂടിയാണു് പെരുമാറുന്നതു്. പുരുഷന്മാർ അവിടെ ഇല്ലെന്നു് പറഞ്ഞതു് ശരിയായിരിക്കാം. കാരണം അവർ അവിടെ നിന്നാൽ അറസ്റ്റു ചെയ്യുമെന്നു് ഭയന്നിട്ടു് ഓടിപ്പോയിട്ടുള്ളതായിരിക്കും. അതിനു് പെട്ടെന്നു് ഒരു പരിഹാരം ഉണ്ടാക്കാൻ പ്രയാസമാണു്. ഗവണ്മെൻറിൽ നിന്നും അവിടത്തെ പോലീസുകാർക്കു് ഉത്തരവു കൊടുത്തിട്ടുണ്ടു്, അവിടെ വരുന്ന ആരെയും ഉപദ്രവിക്കരുതെന്നും, വരുന്നതിനു് യാതൊരു തടസ്സവുമുണ്ടാക്കരുതെന്നും. ഇപ്പോൾ തന്നെ അംഗീകരിച്ചിട്ടുള്ള നടപടികളനുസരിച്ചു് അവിടെയുള്ളവർക്കു് സംരക്ഷണം കൊടുക്കുന്നതിനുള്ള എല്ലാ നിർദ്ദേശങ്ങളും അവിടെയുള്ള ഉദ്യോഗസ്ഥന്മാർക്കു് കൊടുത്തിട്ടുണ്ടു്. അവിടെ യാതൊരു വിധത്തിലുള്ള കുഴപ്പവും ഉണ്ടാകാതെ നല്ല രീതിയിലുള്ള ഒരന്തരീക്ഷം ഉണ്ടാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ടു്. നമുക്കാവശ്യമായ ഫോറസ്റ്റു കാത്തുസൂക്ഷിക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ടു്. പക്ഷെ അവിടെയൊരു കുഴപ്പമുണ്ടു്. അതായതു് മലനാട്ടു് കർഷക യൂണിയൻ എന്നു് പറഞ്ഞു ഒരു കൂട്ടർ കുഴപ്പം ഉണ്ടാക്കാൻ മാത്രം ശ്രമിക്കുകയാണു്. അവർ അതി

LIBRARY ARCHIVES Kerala Legislative Assembly

നകത്തു് പ്രവേശിക്കുന്നതിനും, ഗവണ്മെൻറിൽ നിന്നെടുത്തിട്ടുള്ള നടപടികളെ പരാജയപ്പെടുത്താനും ശ്രമിക്കുന്നുണ്ടു്. അതുകൊണ്ടാണു് അവിടെ അയൺ കട്ടർ ഉണ്ടു് എന്നെല്ലാം പറയുന്നതു്. ഒന്നിച്ചു് ഇരുന്നോറോളം പേർ അതിനകത്തു് പ്രവേശിച്ചപ്പോൾ, ഒരു നിയന്ത്രണം ഏർപ്പെടുത്തി ആ നിയന്ത്രണം വളരെ ആവശ്യവുമാണു്. അല്ലാതെ അവിടെ അയൺ കർട്ടനൊന്നും ഇട്ടിട്ടില്ല.

പക്ഷെ അത്യാവശ്യം പോകേണ്ട ആളുകൾക്കു് പൊതുജനപ്രതിനിധികൾക്കൊ ഉത്തരവാദപ്പെട്ട പത്രപ്രവർത്തകർക്കൊ അവിടെ പോകണമെങ്കിൽ അവരെ അയയ്ക്കുന്നതിനുള്ള ഡിസ്ക്രീഷൻ കളക്ടർക്ക് കൊടുത്തിട്ടുണ്ടു്.

1 p.m. ചുമ്മാ നിയന്ത്രണമില്ലാതെ ആളുകളെ അവിടെ കയററിയാൽ കുഴപ്പമാണു്. ഇതിലൊന്നും ഒളിച്ചുവയ്ക്കേണ്ടതില്ല. കാര്യങ്ങളെല്ലാം ഇവിടെ തുറന്നു പറഞ്ഞു. പ്രതിപക്ഷാംഗങ്ങൾക്കു് അവിടെ പോകണമെന്നു് അവർ താല്പര്യം പ്രകടിപ്പിച്ചുകണ്ടതുകൊണ്ടു് അവരെ പോകാൻ അനുവദിച്ചു. കളക്ടരെ വിളിച്ചു അതിനുവേണ്ട ഏർപ്പാടുകൾ ചെയ്തു. അതുപോലെ ഭരണകക്ഷിയിൽപ്പെട്ടവരോടും പൊയ്ക്കൊള്ളാൻ പറഞ്ഞു. എന്നാൽ കോട്ടയം ഡി. സി. സി. പ്രസിഡണ്ടു് ആരോടും ചോദിക്കാതെ പോയതുകൊണ്ടു് പോലീസുകാർ വിട്ടില്ല. അല്ലാതെ അവിടെ ഇരുമ്പു മറയൊന്നും സൃഷ്ടിച്ചിട്ടില്ല. പിന്നെ തൊടുപുഴ, മൂവാററുപുഴ ലാക്കപ്പിൽ കൊണ്ടുവന്നവരെ പോലീസ്സു് മർദ്ദിച്ചു എന്നൊരു ചാർജ്ജു് ഇവിടെ ചിലർ പറയുകയുണ്ടായി. ആദ്യം അതൊന്നും കേട്ടിരുന്നില്ല. പ്രതിപക്ഷാംഗങ്ങൾ തന്നെ അതു കേട്ടോ എന്നു് എനിക്കു സംശയമാണു്. ഏതായാലും അങ്ങനെയൊരു ചാർജു് വന്നു. അതു അന്വേഷിക്കേണ്ട കാര്യമാണു്. അറസ്റ്റിനു വിധേയരായി കഴിഞ്ഞാൽ പിന്നെ അവർ ഇങ്ങനെയുള്ള യാതൊരു മർദ്ദനത്തിനും പാത്രമാകാതെ അവരെ സൂക്ഷിക്കുകയും കേസ്സു് മുറയനുസരിച്ചു നടത്തുകയും ചെയ്യേണ്ടതു് പോലീസിൻെറ കർത്തവ്യമാണു്. ആ കർത്തവ്യനിർവ്വഹണത്തിൽ എന്തെങ്കിലും തെററു് കാണിച്ചിട്ടുണ്ടെങ്കിൽ അതു അന്വേഷിക്കാൻ ഗവണ്മെൻറു് സന്നദ്ധമാണു്. അതിനുള്ള നടപടികൾ എടുത്തുവരികയാണു്. അവിടെയുള്ള ആളുകളുടെയിടയിലുണ്ടായ സംഭ്രാന്തി ഇതോടുകൂടി നീങ്ങണം. ചിലപ്പോൾ അതു നീങ്ങാൻ കുറെ കഴിഞ്ഞേക്കും. എന്തുകൊണ്ടെന്നാൽ എല്ലാവരും പറഞ്ഞുപരത്തിയിരിക്കുന്നതു് ആ രീതിയിലാണു്. അവർ ചില പത്രങ്ങൾ മാത്രമെ വായിക്കുകയുള്ളു. ആ പത്രങ്ങൾ മനപൂർവ്വം ഒരു പ്രചരണരീതി ഈ അടുത്ത ദിവസങ്ങളിൽ കൈക്കൊണ്ടിട്ടുണ്ടു്. അതിൻെറ ഫലമായി തെററിദ്ധാരണകൾ ഇവരിലുണ്ടായിട്ടുണ്ടു്. അതു മാറാതിരുന്നാലുള്ള ആകാംക്ഷ ശ്രീ. ജോർജിനെ പോലുള്ളവർക്കു് ഉണ്ടാകും. നമുക്കുമുണ്ടാകും. അതു നമുക്കു മനസ്സിലാക്കാം. ആ ആകാംക്ഷ സ്വാഭാവികമാണു്. പക്ഷെ അതു് ഈ നിയമസഭയിൽ തന്നെ വിഷയമാക്കേണ്ട ഒരു കാര്യമായിരുന്നോ? ആ ആശങ്കയില്ലാതാക്കാൻ നല്ലൊരു അന്തരീക്ഷം സൃഷ്ടിക്കാൻ ഗവണ്മെൻറു് പലതും ചെയ്തിട്ടുണ്ടു്. അതുമാത്രമെ എനിക്കു ഇതിനെക്കുറിച്ചു പറയുവാനുള്ളു.

ബഡ്ജററിൻെറ വിമർശനവേളയിൽ പല ആളുകളും കാൺഗ്രസ്സു് പാർട്ടിയിലുള്ളവർ മാത്രമല്ല, പ്രതിപക്ഷാംഗങ്ങളിൽതന്നെ പലരും ചില കാര്യങ്ങളിൽ ഗവണ്മെൻറിനെ അഭിനന്ദിച്ചുകൊണ്ടു സംസാരിച്ചു. അങ്ങനെ നൽകിയ അഭിനന്ദനങ്ങൾക്കു് ഞാൻ പ്രത്യേകം നന്ദി പറയുന്നു. പല കാര്യങ്ങളും അവർ പറഞ്ഞതു് യഥാർത്ഥത്തിൽ സഹായകമായിട്ടുള്ളതാണു്. അങ്ങനെയുള്ള സൃഷ്ടിപരമായ നിർദ്ദേശങ്ങൾ തന്നതിനു ഞാൻ അവരോടു് നന്ദി പറയുന്നു. അതുപോലെ എതിർത്തു സംസാരിച്ചതും ഒരു പാഠമാണു്. പ്രതിപക്ഷത്തിരിക്കുമ്പോൾ ചെയ്യേണ്ടതു് എങ്ങനെയാണെന്നു എൻെറ സുഹൃത്തുക്കൾ മനസ്സിലാക്കിയതു് ഞങ്ങൾക്കും അറിയാം. അതുകൊണ്ടു് അതിനും ഞാൻ അവരോടു് നന്ദി പറയുന്നു. ബാക്കി കാര്യങ്ങൾ ഓരോന്നോരോന്നായി ഡിമാൻഡു് വരുമ്പോൾ ഉത്തരം പറഞ്ഞുകൊള്ളാം.

Mr. Speaker: Order, order. The House will now adjourn and meet again tomorrow at 8 a. m.

The House adjourned at 1.05 p. m. to meet again at 8 a. m. on Thursday, the 5th March, 1964.

2/1638/V

LIBRARY ARCHIVES Kerala Legislative Assembly